കീഴിലുള്ള വിവിധ ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം ശക്തിപ്പെടുത്തും. നയരേഖയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കും.

(സംസ്ഥാന ഗവൺമെന്റിന്റെ മത്സ്യമേഖലാ വികസന പരിപാലനനയം സഭയുടെ മേശപ്പുറത്തുവച്ചു.)

# VI. ധനകാര്യം

## 2004-05 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236/3 അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (₹) |
|---|---|---|---|---|---|---|
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 12,50,70,09,000 | 6,31,00,000 | 25,01,40,19,000 | 12,62,00,000 | 25,14,02,19,000 |

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ശ്രീ. എ. സി. മൊയ്തീൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (2003-2004 അദ്ധ്യയനവർഷം എസ്. സി. ഇ. ആർ. ടി.-യിൽ നടത്തിയ നിയമനങ്ങളിലുണ്ടായതായി പറയപ്പെടുന്ന അഴിമതിയും ക്രമക്കേടും ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സ്കൂളുകളിൽ നടപ്പിലാക്കുന്ന 'ഐ. ടി. അറ്റ് സ്കൂൾ' പദ്ധതിയിൽ ഉള്ളതായി പറയപ്പെടുന്ന പോരായ്മകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. രാജു എബ്രഹാം: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഈ വർഷം മുതൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രേഡിംഗ് സമ്പ്രദായത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (എസ്. എസ്. എൽ. സി. പാസ്സാകാത്തവർക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തുല്യതാ പരീക്ഷയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ('സർവ്വശിക്ഷ അഭിയാൻ' പദ്ധതിക്കുവേണ്ടിയുള്ള ബി. ആർ. ഡി. നിയമനത്തിലുള്ളതായി പറയപ്പെടുന്ന അഴിമതിയും ക്രമക്കേടും ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (എസ്. എസ്. എ. പദ്ധതി നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകളെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ വി. കെ. സി. മമ്മത്കോയ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഡയറ്റിലെ നിയമനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ കെ. വി. കുഞ്ഞിരാമൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പാഠപുസ്തക വിതരണത്തിലുള്ളതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചതിലുള്ളതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ കെ. കെ. ജയചന്ദ്രൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സ്ഥലംമാറ്റത്തിലുള്ളതായി പറയപ്പെടുന്ന അഴിമതിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ("രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു സർക്കാർ കോളേജ്" എന്ന നയം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഉന്നത വിദ്യാഭ്യാസ രംഗത്തുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്തെ സ്കൂളുകളിൽ പി.എസ്.സി. വഴി അദ്ധ്യാപകരെ ഉടൻ നിയമിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്നതായി പറയപ്പെടുന്ന സമീപനത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഹയർ സെക്കന്ററി തലംവരെ സൗജന്യ വിദ്യാഭ്യാസം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സർക്കാർ-എയ്ഡഡ് കോളേജുകളിൽ പുതിയ റഗുലർ കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാനുള്ളതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പ്ലസ് ടു വിദ്യാലയങ്ങളിൽ ജനാധിപത്യവേദി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (എല്ലാ ഐ. ടി. ഐ. കോഴ്സുകൾക്കും എൻ. സി. വി. ടി. ഇ. അംഗീകാരം ഉറപ്പാക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. നാരായണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും ആവശ്യമായ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മാനേജുമെന്റുകൾക്ക് യഥേഷ്ടം തീരുമാനങ്ങളെടുക്കുന്നതിന് അവസരമുണ്ടാക്കികൊടുത്തുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ കെ. പി. രാജേന്ദ്രൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ആദായകരമല്ലെന്ന് പറഞ്ഞ് സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (എസ്. എസ്. എൽ. സി.-ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതുമൂലം വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായ ആശങ്കകൾ ദുരീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ പി. എസ്. സുപാൽ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സ്കൂൾ-കോളേജ് തലങ്ങളിൽ കായിക പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ കെ. പി. മോഹനൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പുതുതായി അനുവദിക്കുന്ന സ്വാശ്രയ കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ ദളിത് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം നൽകുന്നില്ലായെന്നും കളരിപ്പയറ്റ് തുടങ്ങിയ ആയോധന കലകളെ സ്കൂൾ കായികമേളയിൽ ഉൾപ്പെടുത്തുന്നില്ലായെന്നും കലാരംഗത്ത് ഉയർന്നുവരുന്ന വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നില്ലായെന്നും പുതിയ സാംസ്ക്കാരിക കേന്ദ്രങ്ങൾ ആരംഭിക്കാൻ ഫണ്ട് അനുവദിക്കുന്നില്ലായെന്നും പറയപ്പെടുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ എ. സി. ഷൺമുഖദാസ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ എ. എ. അസീസ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ വി. സി. കബീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 25,14,02,19,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ജെ. ജോയി]

ശ്രീ പിരപ്പൻകോട് മുരളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. കഴിഞ്ഞ ചില നിമിഷങ്ങൾക്കുമുമ്പ് ഈ സഭയിൽ നടന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. നമ്മുടെ പാവപ്പെട്ട കൃഷിക്കാർ കടംകൊണ്ട് ആത്മഹത്യ ചെയ്യുമ്പോൾ ആ വിവരം കേന്ദ്രത്തെ അറിയിച്ച്

11.00 a.m.]

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നിന്ന് കിട്ടുന്ന സഹായം ഉപയോഗിച്ച് കർഷകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടാക്കി ആ പദ്ധതി നടപ്പിലാക്കാൻ തയ്യാറാകാതെ, ആ തെറ്റ് തിരുത്തുന്നതിനുപകരം അതുന്നയിച്ച പ്രതിപക്ഷത്തിനുനേരെ, വെല്ലുവിളിയും ആക്ഷേപ പ്രകടനങ്ങളുമൊക്കെയല്ലേ ഇവിടെ നടന്നത്? യഥാർത്ഥത്തിൽ ഇന്ന് ഈ സഭ നടത്തിക്കൊണ്ടുപോകുന്നതുതന്നെ ശരിയല്ല. പക്ഷെ, വിദ്യാഭ്യാസത്തെ കുറിച്ചുള്ള ചർച്ചയും മറ്റ് പ്രധാനപ്പെട്ട ചർച്ചകളും നടക്കുന്നതുകൊണ്ട് സഭ നിർത്തിവച്ച് തൽക്കാലം തടിയൂരിപ്പോകേണ്ട എന്ന് കരുതിത്തന്നെയാണ് ഞങ്ങൾ സഭ സ്തംഭിപ്പിക്കാതെ പങ്കെടുക്കാൻ തീരുമാനിച്ചത്. വിദ്യാഭ്യാസം എന്ന ആഴക്കടലിലേയ്ക്ക് ഇറങ്ങുന്നതിനുമുമ്പ് അടിയന്തിരമായി ജില്ലയെ ബാധിക്കുന്ന ഒരു പ്രശ്നം എന്ന നിലയിൽ ബഹുമാനപ്പെട്ട പുരാവസ്തുവകുപ്പു മന്ത്രിയോടും, മുഖ്യമന്ത്രിയോടും ഒരു അഭ്യർത്ഥനയുണ്ട്. കോവളം കൊട്ടാരം തന്നെയാണ് വിഷയം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യമേയുള്ളൂ. സൂരിനമ്പൂതിരിപ്പാട് പണ്ട് ഇന്ദുലേഖയെ ആലോചിച്ച് കിട്ടാത്തതുകൊണ്ട് കല്യാണിക്കുട്ടിയേയുംകൊണ്ട് തിരിച്ചുപോയി എന്ന് വായിച്ചുകേട്ടിട്ടുണ്ട്. എന്നാൽ ഗൾഫാർ മുഹമ്മദ് കല്യാണിക്കു താലിയിട്ട് ഇന്ദുലേഖയെക്കൂടി തട്ടികൊണ്ടുപോകുന്ന അവസ്ഥയാണ്. ദയവായി ഒരുകാര്യം ശ്രദ്ധിക്കണം. കാരണം ഗൾഫാർ മുഹമ്മദിന്റെ സ്വാധീനം ചെറുതല്ല. അദ്ദേഹത്തിന്റെ എറണാകുളത്തെ ഹോട്ടൽ, അതിന്റെ സമീപത്തുള്ള പുഴ, അവിടെ കെട്ടിയ ജെട്ടി, ആ ബോട്ട് ജെട്ടി പൊളിക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെട്ടു. അത് പൊളിക്കാൻ തയ്യാറാകാത്ത ആളാണ് അദ്ദേഹം. അതാണ് അദ്ദേഹത്തിന്റെ സ്വാധീനം. പക്ഷെ, ഇത്രയും ആളുകൾ പ്രതിഷേധമുയർത്തിയിട്ടും കോവളം കൊട്ടാരത്തിന്റെ മതിൽ പൊളിക്കാൻ അദ്ദേഹത്തിന് ഒരു പ്രയാസവുമുണ്ടായില്ല. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. അതുകൊണ്ട് കോവളം കൊട്ടാരം പുരാവസ്തു വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ വിനയപൂർവ്വം ഉന്നയിക്കുന്നു.

ഇനി വിദ്യാഭ്യാസത്തെക്കുറിച്ച് പറയട്ടെ. ഒരു രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നത് വിദ്യാഭ്യാസമാണ്. വളരെ ഗൗരവമുള്ള വിഷയമാണ് വിദ്യാഭ്യാസം. നമ്മുടെ വരുംതലമുറയെ വാർത്തെടുക്കാൻ, പ്രയോജനപ്പെടുന്ന ഉപകരണമാണ് വിദ്യാഭ്യാസം. ആ നിലയിൽ മറ്റ് ഏതൊരു വകുപ്പിനേക്കാളും വളരെ പ്രാധാന്യമുള്ളതാണ് വിദ്യാഭ്യാസ വകുപ്പ് എന്ന കാര്യവും അതിൽ ഭരിക്കുന്നവരുടെ ഉത്തരവാദിത്വം എത്ര വലുതാണെന്ന കാര്യവും ഞാൻ ഓർമ്മിപ്പിക്കുന്നു. അത്രയും ഗൗരവത്തിൽ നിങ്ങൾ വിദ്യാഭ്യാസ. പ്രശ്നം കൈകാര്യം ചെയ്തിട്ടുണ്ടോയെന്ന് ഒരു ആത്മപരിശോധന നടത്തണം. പ്രശസ്ത നോവലിസ്റ്റ് ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ "അപ്പുക്കിളി"യെപ്പോലെ ഒരാൾക്ക് കൈകാര്യം ചെയ്യാവുന്ന വിഷയമല്ല വിദ്യാഭ്യാസം. നിർഭാഗ്യവശാൽ ആ തരത്തിൽ രസിക്കാനും എന്തും ചെയ്യാനുമുള്ള ഒരു കോമഡി വകുപ്പായി ഇന്ന് വിദ്യാഭ്യാസ വകുപ്പ് അധ:പതിച്ചിരിക്കുകയാണ്. ദയവായി ഇത് തിരുത്തിയില്ലായെങ്കിൽ ഇന്നല്ലെങ്കിൽ നാളെ നിങ്ങൾ ചരിത്രത്തോട് മാപ്പ് പറയേണ്ടിവരും. ചരിത്രം നിങ്ങളെ കുറ്റക്കാരെന്ന് വിധിക്കും. ഇത് പറയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കഴിഞ്ഞ ജൂൺ മൂന്നിനാണെന്നു തോന്നുന്നു കുമ്പസാരം പോലെ പറഞ്ഞു, ഞങ്ങൾക്ക് ചില പിശകുകൾ

LIBRARY ARCHIVES Kerala Legislative Assembly

പറ്റിയിട്ടുണ്ടെന്ന്. പക്ഷെ, ആ പിശകിന് ഉത്തരവാദി മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും മാത്രമല്ല വിശേഷിച്ച് പോലീസ് വകുപ്പ് മാത്രമല്ല എന്ന്. അദ്ദേഹം പറഞ്ഞത് 100 ശതമാനം ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പക്ഷെ, ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് പോലീസ് നയം കഴിഞ്ഞാൽ വിദ്യാഭ്യാസം തന്നെയാണ്. ആ ഗൗരവത്തിൽ ഇത് കാണുന്നുണ്ടോ? ഇവിടെ എന്താണ് സ്ഥിതി. ഭരണപക്ഷത്തിന് അംഗബലവും, തൊണ്ടബലവും, ചർമ്മബലവും ഉള്ളതുകൊണ്ട് നിങ്ങൾ ഏത് ഇമൂട്ടിനേയും വെളുപ്പാക്കുകയാണ്. പഴയ പുത്തൂരംവീട്ടിലെ പാണന്മാരെപ്പോലെ ആന്റണി മാഹാത്മ്യം പാടി എല്ലാ പരാജയങ്ങളും മൂടിവയ്ക്കുകയാണ്. ഇത് ഈ നാടിന് ഗുണം ചെയ്യുമോ, നിങ്ങൾക്ക് ഗുണം ചെയ്യുമോ, നമ്മുടെ രാജ്യത്തിന് ഗുണം ചെയ്യുമോ. എന്ന് പരിശോധിക്കണം. എനിക്ക് വിനയ പൂർവ്വം പറയാനുള്ളത് തെറ്റ് തിരുത്തൽ എന്നു പറയുന്നത് കോത്താഴത്തുകാർ കള്ളുകുടി നിർത്തുന്നതുപോലെയാകരുത്. കോത്താഴത്തെ പൗരപ്രമാണിമാരുടെ കള്ളുകുടി നാട്ടുകാർക്ക് അസഹ്യമായപ്പോൾ അവർ പരസ്യമായി പറഞ്ഞു, ഞങ്ങൾ ഏതായാലും കള്ളുകുടി നിർത്താൻ പോവുകയാണ് എന്ന്. അപ്പോൾ പ്രമാണിമാരെല്ലാപേരുംകൂടി ഒരുമിച്ചിരുന്നു എന്നിട്ട് പറഞ്ഞു, ഏതായാലും നിർത്താൻ പോവുകയല്ലേ, ഇന്ന് നമുക്ക് ആഘോഷിക്കാം. അങ്ങനെ ആഘോഷിച്ചു. അർദ്ധരാത്രിയായപ്പോൾ അടിച്ചുപിരിഞ്ഞു. വീണ്ടും പറഞ്ഞു ഇനിയിപ്പോൾ എന്താണ് ചെയ്യുക? എന്നാൽ ഒരു ദിവസം കൂടിയിരിക്കാം. വേറൊരു പ്രമാണിയുടെ വീട്ടിൽ ഇരുന്നു. ഈ മട്ടിൽ 5 വർഷവും തെറ്റ് തിരുത്തുമെന്നാണ് നിങ്ങളുടെ സ്ഥിതി കണ്ടാൽ മനസ്സിലാകുന്നത്. അപ്പോൾ ശൈലിമാറ്റവും നയംമാറ്റവും പ്രഖ്യാപിക്കലെല്ലാതെ പ്രാവർത്തികമായി എന്തെങ്കിലും ചെയ്തുവെന്ന് ഇതുവരെ ജനങ്ങളെ ബോധ്യപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ജയലളിതയെപ്പോലെ ഒരു ഏകാധിപതി നടത്തിയ നയം മാറ്റംപോലും നടത്താൻ ഇതേവരെ നിങ്ങൾ തയ്യാറായിട്ടില്ലായെന്നാണ് തൊട്ടു മുമ്പുള്ള സംഭവം കാണിക്കുന്നത്. കക്ഷിരാഷ്ട്രീയ ഭേദമെന്യേ വയനാട്ടിലെ കൃഷിക്കാർക്ക് അവിടെനിന്നുള്ള രണ്ടുമൂന്ന് എം.എൽ.എ.-മാർ വളരെ വാചാലമായി സംസാരിക്കുന്നവരാണ്, പക്ഷെ, അവരുടെയൊന്നും നാക്ക് കർഷകർക്ക് അനുകൂലമായി കേട്ടില്ല. ഇത് പ്രതിപക്ഷം മാത്രം പറയുന്നതല്ല. നമ്മുടെ എല്ലാ മാധ്യമങ്ങളിലും മലയാള മനോരമയടക്കമുള്ള എല്ലാ പത്രങ്ങളിലും, ടി.വി. ചാനലുകളിലും ദിനംപ്രതി സ്കോർ ബോർഡിൽ ക്രിക്കറ്റ് റൺസ്പോലെ ആത്മഹത്യയുടെ കണക്കുകൾ എഴുതി വരികയാണ്. എന്നിട്ടും നമ്മുടെ കൃഷിവകുപ്പുമന്ത്രിക്കും നമ്മുടെ മന്ത്രിമാർക്കും കടക്കെണി മരണം ഉണ്ടായെന്ന് സംശയം; ഞങ്ങൾ ഇവിടെ നിന്ന് ഇറങ്ങിപ്പോയപ്പോൾ ചില സ്നേഹിതന്മാർ തമാശയായി ചിരിച്ചുകൊണ്ട് ചോദിക്കുന്നതുകേട്ടു "നിങ്ങൾ ആത്മഹത്യ ആലോചിക്കുകയാണോ എന്ന്", അവരോട് ഞാനൊന്നും പറയുന്നില്ല. അവർക്ക് മനഃസ്സാക്ഷിയുണ്ടെങ്കിൽ അവർ സ്വയം തിരുത്തട്ടെ. കേരളത്തെ കേരളമാക്കിയത് നമ്മുടെ വിദ്യാഭ്യാസനയമാണ്. നമ്മുടെ കേരളത്തിന് ഏറ്റവും പ്രഗൽഭരായ വിദ്യാഭ്യാസ ചിന്തകന്മാരുടെ വലിയൊരു പാരമ്പര്യമുണ്ട്. ഇൻഡ്യാക്കാരെയാകെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുവേണ്ടി 1838-ലാണ് മെക്കാളെ മിനിറ്റ്സ് ഉണ്ടാക്കിയത്. ഭാഗ്യവശാൽ 1834-ൽത്തന്നെ പഠിക്കുവാൻ മനസ്സുള്ളവർക്ക് ഇംഗ്ലീഷ്-മലയാളം പള്ളിക്കൂടം സ്ഥാപിച്ച ഒരു രാജ്യമാണ്



LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്, സാക്ഷാൽ സ്വാതിതിരുനാൾ സാർവ്വത്രിക വിദ്യാഭ്യാസ നയം നടപ്പാക്കിയ രാജ്യമാണ്. അതിനെ തുടർന്നാണ് മലബാറിൽ ഹെർമൻ

11.00 a.m.] ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയ്‌ലി, അർണോസ് പാതിരി ഇവരെപ്പോലുള്ള മിഷണറിമാർ അവരുടെ ധർമ്മ പ്രചാരണമെന്ന നിലയിൽ പുതിയ വിദ്യാഭ്യാസത്തിനും പുതിയ മലയാള ഭാഷയ്ക്കും പുതിയ വ്യാകരണത്തിനും പുതിയ നിഘണ്ടുവിനുമൊക്കെ രൂപം നൽകിയത്. അതിന്റെ പിന്നിൽ ലാഭേച്ഛയായിരുന്നില്ല, ജനങ്ങളുടെ ഉൽക്കർഷത്തിൽ മാത്രം താൽപര്യമുണ്ടായിരുന്നതുകൊണ്ട്. അതിന്റെ തുടർച്ചയാണ് 1957-ൽ മുണ്ടശ്ശേരി മാസ്റ്ററുടെ വിദ്യാഭ്യാസ നിയമം. ആ വിദ്യാഭ്യാസ നിയമത്തെ എതിർത്ത് പരാജയപ്പെടുത്തിയാണ് ബഹുമാനപ്പെട്ട ആന്റണിയടക്കമുള്ളവർ രാഷ്ട്രീയ നേതാക്കന്മാരായി ഉയർന്നതെന്നകാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസ നയം. ശ്രീനാരായണഗുരു, അയ്യൻകാളി അടക്കമുള്ള മറ്റ് നവോത്ഥാനനായകരും ജനങ്ങളെ വിദ്യ അഭ്യസിപ്പിക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനും നടത്തിയ മഹത്തായ സേവനം ഞാൻ ആദരവോടെ അനുസ്മരിക്കുന്നു. അതുപോലെതന്നെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് അഭിപ്രായ വ്യത്യാസങ്ങൾ എത്രയുണ്ടെങ്കിലും പട്ടംതാണുപിള്ള, ആർ. ശങ്കർ, പനമ്പള്ളി ഗോവിന്ദമേനോൻ, സി. എച്ച്. മുഹമ്മദ് കോയ തുടങ്ങിയ വിദ്യാഭ്യാസ വിചക്ഷണന്മാർ കാലാകാലങ്ങളിൽ നടത്തിയ പരിഷ്ക്കാരങ്ങൾ നമുക്ക് ആദരവോടെ മാത്രമേ അംഗീകരിക്കുവാൻ കഴിയൂ. ഞാൻ വ്യക്തിപരമായി പറയുവാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട സൂപ്പി എന്റെ അടുത്ത സുഹൃത്താണ്. എനിക്ക് അദ്ദേഹത്തോട് വ്യക്തിപരമായി വളരെ അടുപ്പമുണ്ട്. പക്ഷേ, വിദ്യാഭ്യാസ രംഗത്ത് അദ്ദേഹം കാട്ടിക്കൂട്ടുന്ന കാര്യങ്ങളെക്കുറിച്ച് എന്തുപറയണമെന്ന് എനിക്ക് അറിയില്ല. ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസം കാലാകാലങ്ങളിൽ പരിഷ്ക്കരിക്കേണ്ടതാണ്, അത് നിങ്ങൾക്കറിയാം. അത് ഏത് കാലത്തുമുണ്ടായിരുന്നു. ദേശീയപ്രസ്ഥാന കാലത്തും സ്വാതന്ത്ര്യലബ്ധിക്കുശേഷവും വളരെയധികം വിചക്ഷണന്മാരെ ഉപയോഗിച്ച് ദേശീയ തലത്തിൽ ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ, ഡോ.സക്കീർ ഹുസൈൻ കമ്മീഷൻ, ഡോ. കോത്താരി കമ്മീഷൻ തുടങ്ങിയവയെല്ലാം പ്രവർത്തിച്ചത് ഒരു ലക്ഷ്യത്തോടുകൂടിയാണ്. കേരളത്തിൽ മുണ്ടശ്ശേരി മാസ്റ്റർ പരിഷ്ക്കാരം നടത്തിയശേഷം ഏറ്റവും കൂടുതൽ പരിഷ്ക്കാരത്തിന് ശ്രമിച്ച ആൾ ആ അർത്ഥത്തിൽ ബഹുമാനപ്പെട്ട സൂപ്പിയാണ്. അദ്ദേഹം രണ്ടു കമ്മീഷനുകളെ ഇവിടെവച്ചു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടൻ ഒരു കമ്മീഷൻ എന്തിനാണ്? ഡി.പി.ഇ.പി. child centered education എന്ന് തെറ്റിദ്ധരിച്ചാണ് കമ്മീഷൻ. അന്നത്തെ പാഠ്യരീതി പുതിയ സിലബസ്, പുതിയ കരിക്കുലം ഒക്കെ വന്നപ്പോൾ അത് ശരിയല്ല എന്നുകണ്ടു. കാരണം 2001 മെയ് മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഡി. പി. ഇ. പി. ഏറ്റവും വലിയ വില്ലനായിരുന്നു. അത് ഏതാണ്ട് മാർകിസിസ്റ്റ് വിദ്യാഭ്യാസ രീതിയാണെന്ന് തെറ്റിദ്ധരിച്ചു. ഭരണത്തിൽ വന്നാൽ ഡി.പി.ഇ.പി.-യെ നാടുകടത്തുമെന്നുവരെ പ്രഖ്യാപിച്ചു. ഡി. പി. ഇ. പി. വെറും അനുബന്ധ പ്രവർത്തനമായിരുന്നുവെന്ന കാര്യം, വിദ്യാഭ്യാസത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഏർപ്പെടുത്തുന്ന ഒരു ഉപാധിയാണെന്ന കാര്യം വിസ്മരിച്ചുകൊണ്ട് child centered education system അവസാനി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കാൻവേണ്ടി ഡോ. സുകുമാരൻ നായർ ചെയർമാനായി ഒരു കമ്മീഷനെ നിയോഗിച്ചു. ആ കമ്മീഷൻ പുതിയ പാഠ്യപദ്ധതികളൊക്കെ മാറ്റി ഗ്രേഡ് ലോബിയുടെ ആവശ്യത്തിനുവേണ്ടി പഴയ എഴുത്തുപരീക്ഷ, കാണാപ്പാഠം പരീക്ഷ, മനഃപ്പാഠപരീക്ഷ പുനഃസ്ഥാപിക്കുവാൻ റിപ്പോർട്ട് നൽകി. പക്ഷെ ആ കമ്മീഷനിൽ അംഗമായ ഡോ. ശ്യാംമോഹൻ അദ്ദേഹം ഡൽഹി യൂണിവേഴ്സിറ്റി എഡ്യൂക്കേഷനെന്ന സ്ഥാപനത്തിലെ പ്രധാനപ്പെട്ട ഒരു വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. അദ്ദേഹം റിപ്പോർട്ടിന് വിയോജിപ്പെഴുതി. ആകെ അലങ്കോലമായി. കമ്മീഷന്റെ ഗതി പരലോകത്താണോ ഇഹലോകത്താണോയെന്ന് ആർക്കുമറിയില്ല. തുടർന്നാണ് ഡോ. യു. ആർ. അനന്തമൂർത്തിയുടെ നേതൃത്വത്തിൽ സ്കൂൾ വിദ്യാഭ്യാസമാകെ പരിശോധിക്കുവാൻവേണ്ടി ഒരു കമ്മീഷൻ നിലവിൽ വന്നത്. നാല് ആളുകളാണ് അതിലുണ്ടായിരുന്നത്. ആ കമ്മീഷന്റെ പിന്നിൽ നടന്ന നാടകങ്ങളും കമ്മീഷൻ നടത്തിയ നാടകങ്ങളുമൊന്നും ഇവിടെ സമയക്കുറവു കൊണ്ട് വിശദീകരിക്കുന്നില്ല. ഡോ. അനന്തമൂർത്തി, പഴയ വിവാദപുരുഷനായ ഡോ. സുകുമാരൻനായർ, പ്രൊഫസർ പുരുഷോത്തമൻ, ഡോ. ബാബുപോൾ ഈ നാലുപേരടങ്ങുന്ന കമ്മിറ്റി മൂന്ന് തരത്തിലുള്ള റിപ്പോർട്ടുകൊടുത്തു. ഡോ. അനന്തമൂർത്തി ഒരു സംയുക്ത റിപ്പോർട്ടും, ഡോ: സുകുമാരൻനായരും പ്രൊഫ. പുരുഷോത്തമനുംചേർന്ന് മറ്റൊരു റിപ്പോർട്ടും, ഡോ: ബാബുപോൾ മൂന്നാമത് ഒരു റിപ്പോർട്ടും കൊടുത്തു. ഇപ്പോൾ എന്താണ് സ്ഥിതി? ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നത്, ഇതൊരു ഉന്നതാധികാര സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുമെന്നാണ്. ആരാണ് ഉന്നതാധികാര സമിതി? വിദ്യാഭ്യാസ സെക്രട്ടറിയും ഡി. പി. ഐ.-യുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെങ്കിലും ഇതൊന്ന് കേൾക്കണം. കേരളീയരെ ഇങ്ങനെ അപമാനിക്കരുത്. ഡോ: അനന്തമൂർത്തി കമ്മീഷന്റെ റിപ്പോർട്ട് പരിശോധിക്കുവാൻ ഡി. പി. ഐ.-യും വിദ്യാഭ്യാസ സെക്രട്ടറിയും അടക്കമുള്ള ഉന്നതതല സമിതി. ഇത് എങ്ങനെ ഉന്നതമാകുമെന്ന് എനിക്ക് അറിയില്ല. കുമാരാനാശാന്റെ കാവ്യം പാഠപുസ്തകത്തിൽ ഉൾപ്പെടുത്താൻ ശ്രമം നടത്തി. അദ്ദേഹം അവർണ്ണനായതുകൊണ്ട് രാജാവിന്റെ കാലത്ത് കവിത സ്വീകരിക്കുവാൻ വലിയ ബുദ്ധിമുട്ടായിരുന്നു. പക്ഷെ കവിത എടുത്തു. ചണ്ഡാലഭിക്ഷുകിയിലെ,

തൂമതേടും തൻ പാളകിണറ്റിലി
ട്ടോമൽകയ്യാൽ കയറുവലിച്ചു.

എന്ന ഭാഗം. തിരുവനന്തപുരത്തെ വലിയൊരു പേഷ്ക്കാർ ആ കവിത പരിശോധിച്ചിട്ട് കവിത ശരിയല്ലെന്നുപറഞ്ഞു. 'തൂമയല്ല' ഊമയാണ് ശരി എന്നു പറഞ്ഞു. ഊമ തേടുമെന്ന് തിരുത്തിയെന്നാണ് കഥ. അതേപോലെ ഡോ. അനന്തമൂർത്തി കമ്മീഷന്റെ റിപ്പോർട്ടിലെ 'തൂമ' തിരുത്തി. 'ഊമ' യാക്കാൻ ഇപ്പോൾ വിദ്യാഭ്യാസ ഡയറക്ടറെ ഏൽപ്പിക്കുന്ന അവസ്ഥയാണ്. ഞാൻ റിപ്പോർട്ടിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ കമ്മീഷൻ റിപ്പോർട്ടിൽ പ്രധാനപ്പെട്ട ചില നിഗമനങ്ങളുണ്ട്. അത് നമ്മൾ അംഗീകരിക്കണം. ഒന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ്, ഒന്നാം ഭാഷ മലയാളം, ശാന്തി നികേതന്റേതുപോലെ ഡ്രീം സ്കൂൾ, മുഖ്യമന്ത്രിയും ജന പ്രതിനിധികളുമടങ്ങിയ എഡ്യൂക്കേഷൻ കൗൺസിൽ തുടങ്ങിയ ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. തീർച്ചയായും പുതിയ പാഠ്യപദ്ധതിയിൽ ഗ്രേഡിംഗ് ആവശ്യമാണ്. ആ ഗ്രേഡിംഗ് എന്നുപറയുന്നത് ഒരു പുതിയ പരീക്ഷാ



LIBRARY ARCHIVES Kerala Legislative Assembly

രീതിയാണ്. അത് പ്രാവർത്തികമാകണമെങ്കിൽ അതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ വേണം. യാതൊരു മുന്നൊരുക്കവുമില്ലാത്ത തരത്തിലാണ് ഇവിടെ കാര്യങ്ങൾ നടത്തിയിരിക്കുന്നത്. അതിന്റെ ഉത്തരവ് ഫെബ്രുവരി മാസം 24-ാം തീയതിയാണ് വന്നത്. 6200 ഹൈസ്ക്കൂൾ ഉള്ളതിൽ ഏതാണ്ട് അത്രയും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ഇതുവരെ ലഭിച്ചിട്ടില്ല. ആ അദ്ധ്യാപകർക്ക് സോഴ്സ് ബുക്ക് ലഭിച്ചിട്ടില്ല. ഈ നിലയിൽ ഗ്രേഡിംഗ് സമ്പ്രദായം ഒരുകാരണവശാലും നടപ്പാക്കാൻ ആവില്ല. അതിന്റെ മൂന്നാം പാർട്ടിൽ അവസാനത്തെ പാർട്ടിൽ പറയുന്നത് വിദ്യാർത്ഥികളുടെ നേതൃത്വഗുണം, അതുപോലെ കലാപരമായ കാര്യങ്ങൾ, കൃത്യനിഷ്ഠ ഇവ പരിശോധിക്കുവാനാണ്. ഇന്നത്തെ പരിമിത സാഹചര്യത്തിൽ അതൊന്നും പരിശോധിക്കുവാൻ കഴിയില്ല. അത് പക്ഷപാതപരമാകും. ആ ഭാഗം ഇപ്പോൾ ഒഴിവാക്കണം. രണ്ട്, പതിമൂന്നാമത്തെ വിഷയമായിട്ട് കംപ്യൂട്ടർ പഠിപ്പിക്കുവാൻ പറയുന്നുണ്ട്. സ്കൂളുകളിൽ കംപ്യൂട്ടറുകളില്ല. അതിനുള്ള പരിശീലനവുമില്ല. സർക്കാർ സ്കൂളുകളിൽ ഏതാണ്ട് 97 സ്കൂളുകളിൽ കംപ്യൂട്ടറില്ല. 128 എയ്ഡഡ് സ്കൂളുകളിൽ കംപ്യൂട്ടറില്ല. ഈ നിലയിൽ ഗ്രേഡിംഗ് നടത്തരുത്. പതിമൂന്നാമത്തെ വിഷയം ഒഴിവാക്കണം. ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയട്ടെ, എസ്. സി. ഇ. ആർ. റ്റി.-യെ സംബന്ധിച്ചും എസ്.എസ്.എ.-യെ സംബന്ധിച്ചും ഞാൻ ഒന്നുംപറയുന്നില്ല. ആകെ കുത്തഴിഞ്ഞ അവസ്ഥയിലാണ്. ദയവായി ഇത്തരം കാര്യങ്ങൾ സമഗ്രമായി പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തണം. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് ഒന്നുരണ്ടു കാര്യങ്ങൾക്കൂടി പറയാനുണ്ട്. സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കപ്പെട്ടിട്ടില്ല. അതിനുവേണ്ടി ശ്രമിക്കണം. മാർഗ്ഗി കലാകാരന്മാർക്ക് ഇപ്പോൾ ഗ്രാന്റ് കിട്ടുന്നില്ല. വാസ്തവത്തിൽ പട്ടിണികിടക്കുകയാണ്. 2004-05-ൽ ഗ്രാന്റ് കൊടുത്തില്ല. പത്ത് ലക്ഷം രൂപ ഗ്രാന്റുണ്ടായിരുന്നത് ഏതാണ്ട് ഏഴ് ലക്ഷം, ആറ് ലക്ഷം, അഞ്ച് ലക്ഷം ആയി പടിപടിയായി കുറച്ചു. ഇപ്പോൾ ഒന്നും കൊടുക്കുന്നില്ല. കഴിഞ്ഞ നാലുമാസക്കാലമായി നാൽപ്പതോളംവരുന്ന കഥകളി-കൂടിയാട്ട കലാകാരന്മാർ പട്ടിണിയിലാണ്. അവർക്ക് അടിയന്തിര സഹായം നൽകണം. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയോടും ഒരുവാക്ക്, പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിന്റെ പണി യാതൊന്നുമായില്ല. അഞ്ചരക്കോടി രൂപയുടെ പദ്ധതിയാണ്. മൂന്ന് കോടിരൂപ ചെലവിട്ടതാണ്. എല്ലാതവണയും നിർത്തിവച്ച പണി തുടങ്ങാമെന്ന് അദ്ദേഹം പറയുന്നുണ്ട്. പക്ഷെ നടക്കുന്നില്ല. ഇത്തവണയെങ്കിലും പരിഹാരം ഉണ്ടാവണം. ഈ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ശക്തിയായി എതിർക്കുന്നു.

ശ്രീ. പി.ടി. തോമസ്: സർ, വിദ്യാഭ്യാസം, കായികവിനോദം,കല, സംസ്കാരം എന്നീ വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏകദേശം 12,271-ഓളം സ്ക്കൂളുകളിലായി 50 ലക്ഷത്തിൽപ്പരം കുട്ടികൾ ഇന്ന് പഠിക്കുന്നുണ്ട്. ഇതിൽ 59 ശതമാനം എയ്ഡഡ് മേഖലയിലും 37 ശതമാനം സർക്കാർ മേഖലയിലും 4 ശതമാനം അൺ-എയ്ഡഡ് മേഖലയിലുമാണ് പഠിക്കുന്നത്. കഴിഞ്ഞ ഒന്നു-രണ്ടു വർഷക്കാലത്തെ സ്ക്കൂളുകളിലെ കുട്ടികളുടെ എൻറോൾമെന്റ് നോക്കുമ്പോൾ പൊതുവേ കുറവു വന്നിട്ടുണ്ടെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗക്കാരായ കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

എൻറോൾമെന്റിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്. അത് പാവങ്ങൾക്കും സാധാരണക്കാർക്കും ഈ രംഗത്തേയ്ക്ക് കടന്നുവരാൻ ഈ സർക്കാർ കൂടുതൽ പ്രേരണ നൽകിയതുകൊണ്ടാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. സ്ക്കൂൾ വിദ്യാഭ്യാസ മേഖലയിൽ വളരെ ശക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ട് ശാസ്ത്രീയമായ പുന:സംഘടനയും പരിഷ്ക്കരണങ്ങളും നമുക്ക് നടത്തേണ്ടതുണ്ട്. ആ വഴിക്കുള്ള ഏറ്റവും ശ്രദ്ധേയമായ ഒരു നീക്കമാണ് ഡോ. അനന്തമൂർത്തി കമ്മിഷനെ നിയമിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും എടുത്തിട്ടുള്ള നിലപാട്. ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി സംസാരിച്ചപ്പോൾ ഡോ. അനന്തമൂർത്തി കമ്മിഷന്റെ അംഗങ്ങൾ വിയോജിപ്പുള്ള റിപ്പോർട്ട് സമർപ്പിച്ചതായി പറയുകയുണ്ടായി. കമ്മിഷൻ യോജിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു എന്ന കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. പക്ഷെ ഒരു കമ്മിഷനിലെ അംഗങ്ങൾക്ക് വ്യത്യസ്തമായ റിപ്പോർട്ട് സമർപ്പിക്കണമെന്നുതോന്നിയാൽ ഗവൺമെന്റിന് ഒരു ഉത്തരവിറക്കി വിദ്യാഭ്യാസ മന്ത്രിക്ക് അതിന് തടയിടാൻ കഴിയുമോ? ജനാധിപത്യപരമായ അഭിപ്രായ സ്വാതന്ത്ര്യം അംഗീകരിച്ചു കൊടുക്കുന്ന ഒരു ഗവൺമെന്റും ഒരു മന്ത്രിയുമാണെന്ന സൂചനയല്ലേ ആ വ്യത്യസ്തമായ, റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്? അല്ലാതെ റിപ്പോർട്ടുകളെല്ലാം ക്രോഡീകരിച്ചു കൊണ്ട് ഇന്നതാണ് റിപ്പോർട്ട് എന്ന് ഏകശാസനാരൂപത്തിൽ മന്ത്രിക്ക് പറയാൻ കഴിയുമോ? വ്യത്യസ്തറിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആ കമ്മിറ്റിയുടെ സ്വതന്ത്ര സ്വഭാവത്തിന്റെ മറ്റൊരു പ്രതിഫലനമാണ്. എന്നാലും റിപ്പോർട്ടുകളെ സംബന്ധിച്ച് സംസ്ഥാനഗവണ്മെന്റ് സുചിന്തിതമായ അഭിപ്രായം പ്രകടിപ്പിക്കേണ്ടത് അനിവാര്യമാണ്. ആ റിപ്പോർട്ടിലുള്ള വൈജാത്യങ്ങൾ എന്തൊക്കെയാണെന്നു മനസ്സിലാക്കി കൊടുക്കാനുള്ള, കൊള്ളേണ്ടത് കൊള്ളാനും തള്ളേണ്ടത് തള്ളാനും അതിനെപ്പറ്റി അടിയന്തിരമായ നിലപാട് സ്വീകരിച്ചുകൊണ്ട്, ഗവൺമെന്റിന്റെ അസന്നിഗ്ദ്ധമായ നിലപാട് പ്രഖ്യാപിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. നമ്മുടെ സർക്കാർ സ്ക്കൂളുകളിൽ, ഇപ്പോഴും 10 ശതമാനം സ്ക്കൂളുകളിൽ....

ശ്രീ. പിരപ്പൻകോട് മുരളി: സർ, ബഹുമാനപ്പെട്ട പി.ടി. തോമസ് തെറ്റിദ്ധരിച്ചതാണ്. ഡിഫറൻസ് ഓഫ് ഒപ്പിനിയൻ ഒരു കമ്മിഷനിൽ വരാൻ പാടില്ല എന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഡോ. അനനന്തമൂർത്തി കമ്മിഷൻ ഈ അഭിപ്രായ വ്യത്യാസത്തോടുകൂടി മൂന്നു പാർട്ടും ചേർത്തു കൊടുത്തതുകൊണ്ടാണ്. പക്ഷെ ഡോ. സുകുമാരൻ നായരും പ്രൊഫ. പുരുഷോത്തമനും വേറൊരു റിപ്പോർട്ടുണ്ടാക്കി, അതു സെക്രട്ടറിക്ക് കൊടുത്തു. മറ്റൊരു റിപ്പോർട്ടുണ്ടാക്കി ഡോ. ബാബുപോൾ കൊടുത്തു. അവസാനം ഗത്യന്തരമില്ലാതെ ഡോ. അനന്തമൂർത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിട്ടുകണ്ടാണ് റിപ്പോർട്ട് സമർപ്പിച്ചത്. അതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആശയം ഞാൻ മനസ്സിലാക്കി. ഡോ. സുകുമാരൻ നായർ മോശപ്പെട്ട വിദ്യാഭ്യാസ ചിന്തകനാണെന്നോ വിദ്യാഭ്യാസ വിദഗ്ദ്ധനാണെന്നോ ചിത്രീകരിക്കുന്നത് ശരിയായ നടപടിയല്ല. വളരെ പ്രായോഗികമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ നോക്കിക്കാണുന്ന, വളരെ മിടുക്കനായ വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്ന ഒരാൾ തന്നെയാണ് അദ്ദേഹം



LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് വ്യക്തിപരമായ അഭിപ്രായം. സംസ്ഥാനത്തെ സ്ക്കൂളുകളിൽ പത്തു ശതമാനം സ്ക്കൂളുകളും ഇപ്പോഴും ഷെഡ്ഡുകളിലും വാടകക്കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. സമയബന്ധിതമായി, അവയ്ക്കെല്ലാം സ്വന്തമായി കെട്ടിടമുണ്ടാക്കാനുള്ള നടപടികൾ വേണം. 29 ശതമാനം സ്ക്കൂളുകളിലും കക്കൂസ് സൗകര്യമില്ലാത്ത അവസ്ഥയുണ്ട്. അത് അടിയന്തിരമായി പരിഹരിച്ചുകൊണ്ടുമാത്രമേ ഒരു പുരോഗമന സർക്കാരിന് മുന്നോട്ടു പോകാൻ കഴിയൂ. അത് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തിയാക്കാനുള്ള നടപടികളുണ്ടാകണം. എസ്.എസ്.എ. (സർവ്വശിക്ഷാ അഭിയാൻ) എന്ന പദ്ധതി, 2010-ഓടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിച്ചുകൊണ്ട് എല്ലാ കുട്ടികളേയും സ്ക്കൂളുകളിൽ നിലനിർത്തുക എന്ന സങ്കൽപ്പമാണ്. ഡി.പി.ഇ.പി.-യുടെ തുടക്കത്തിൽ അതിന് ലഭ്യമായ ലോകബാങ്കിന്റെ സഹായം ദുരുപയോഗപ്പെടുത്തിയതുപോലുള്ള ഒരനുഭവം എസ്.എസ്.എ.-യുടെ കാര്യത്തിൽ ഉണ്ടാകാതിരിക്കാൻ ഗൗരവമായ ഒരു നിലപാട് സ്വീകരിച്ച് ഫലപ്രദമായി നമ്മുടെ ഇൻഫ്രാസ്ട്രക്ച്ചർ മെച്ചപ്പെടുത്താനുള്ള ഒരു നടപടി ഉണ്ടാകണം. കാരണം, പത്താം പദ്ധതിയിൽ പണം നമ്മൾ ചെലവാക്കുമ്പോൾ 75 ശതമാനം കേന്ദ്രവും 25 ശതമാനം സംസ്ഥാനവുമാണ് വഹിക്കേണ്ടത്. പത്താം പദ്ധതിയിൽ പൂർത്തിയാകുന്നില്ലെങ്കിൽ 50:50 എന്ന രീതിയിൽ കൊടുക്കേണ്ടിവരും. സംസ്ഥാനസർക്കാരിന് കൂടുതൽ ബാധ്യതയുണ്ടാകും. അതുകൊണ്ട് സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് അതു നേടിയെടുക്കാൻ നമുക്ക് കഴിയണം. 2002-നെ അപേക്ഷിച്ച് അൺ-ഇക്കണോമിക് സ്ക്കൂളുകളുടെ എണ്ണം ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. 2002-ൽ 2720 അൺ-ഇക്കണോമിക് സ്ക്കൂളുകൾ സംസ്ഥാനത്തുണ്ടായിരുന്നതായി കണക്കാക്കിയിരുന്നുവെങ്കിൽ ഇന്ന് 2541 സ്ക്കൂളുകളായി കുറഞ്ഞിരിക്കുകയാണ്. അതും ഈ ഗവൺമെന്റിന്റെ അത്തരം മേഖലയിലുള്ള സ്ക്കൂളുകളോടുള്ള പ്രതിബദ്ധതയുടേയും സമീപനത്തിന്റേയും ദൃഷ്ടാന്തമാണ്. അൺ-ഇക്കണോമിക് സ്ക്കൂളുകൾ അടച്ചുപൂട്ടി എന്ന വലിയ ആക്ഷേപം പ്രതിപക്ഷ സ്നേഹിതന്മാർ നേരത്തെ പറയുകയുണ്ടായി. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി അൺ-ഇക്കണോമിക് സ്ക്കൂളുകൾ അടച്ചുപൂട്ടാനുള്ള തീരുമാനമെടുത്തത്. "കട്ടുകൊണ്ട് കള്ളൻ മുന്നോട്ട്" എന്നുള്ള രാഷ്ട്രീയ പ്രചാരണം കേരളസംസ്ഥാനത്തെമ്പാടും നടത്തുകയാണ് അവർ ചെയ്തിട്ടുള്ളത് എന്നുള്ളതാണ് സത്യം. കാരണം, 50080/99-തീയതി, 7-9-99-എന്ന ജി.ഒ. പ്രകാരം നാലു സ്ക്കൂളുകളാണ് തിരുവനന്തപുരം പട്ടണത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് അടച്ചുപൂട്ടിയത്. സർ, നന്തൻകോട് യു. പി. സ്കൂളടക്കം നാലു സ്കൂളുകളാണ് അടച്ചുപൂട്ടിയത്. എന്നിട്ട് അവർ ഇപ്പോൾ അൺ-ഇക്കണോമിക് സ്ക്കൂളുകൾ അടച്ചുപൂട്ടുന്നു എന്നു പറഞ്ഞ് സമരവുമായി വന്നിരിക്കുകയാണ്. അൺഇക്കണോമിക് സ്ക്കൂളുകൾ എന്ന പേരിൽ സ്ക്കൂളുകൾ അടച്ചുപൂട്ടുന്ന നടപടി ശരിയല്ലെന്നുപറഞ്ഞുകൊണ്ട് അത്തരം സ്ക്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം താണുപോകാതിരിക്കാൻ, അദ്ധ്യാപകരിൽ ഗുണപരമായ മാറ്റമുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം. അയ്യായിരത്തോളം വരുന്ന പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ കാര്യത്തിൽ നല്ല നിലപാടുകൾ ഈ ഗവൺമെന്റ് എടുത്തത് അഭിനന്ദനീയമാണ്. എയ്ഡഡ് സ്ക്കൂളുകൾ അടക്കമുള്ള സ്ക്കൂളുകളുടെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന വ്യക്തിപരമായ അഭിപ്രായമാണ് എനിക്കുള്ളത്. മിടുക്കന്മാരായ



LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ നമ്മുടെ സ്ക്കൂളുകളിൽ അദ്ധ്യാപകരായി കിട്ടണം. അതിനുള്ള നടപടികൾ സ്വീകരിക്കണം. എവിടെ നിന്നെങ്കിലും കുറേ അദ്ധ്യാപകരെ കൊണ്ടുവന്നാൽ പോരാ. നമ്മുടെ അദ്ധ്യാപകരുടെ നിലവാരം വർദ്ധിപ്പിക്കണമെങ്കിൽ അങ്ങനെയൊരു നിലപാട് സ്വീകരിച്ചേ മതിയാകൂ. ഹയർ സെക്കൻഡറി രംഗം ഒരു പുതിയ മേഖലയാണ്. 1990–91–ൽ തുടക്കം കുറിച്ച ഹയർ സെക്കൻഡറി മേഖല ഇന്ന് 10+2+3 എന്നുപറയുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് നല്ലൊരു ദിശാബോധത്തോടു കൂടി മുന്നോട്ടുപോകുകയാണ്. ആ മേഖലയിൽ കൂടുതൽ സാധ്യതകൾ ഉപയോഗപ്പെടുത്തണം. അവിടെ ഗുണനിലവാരം വർദ്ധിപ്പിക്കണം. ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. അതുപോലെ മറ്റുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടുവരണം. ഒമ്പതിനായിരത്തിൽപ്പരം അദ്ധ്യാപകർക്ക് നിയമനവും ശമ്പളവും നൽകിയ ഒരു ഗവൺമെന്റാണിത്. ആ കാര്യത്തിൽ ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വഴിയിലിട്ടിട്ടുപോയ ഒമ്പതിനായിരത്തോളം അദ്ധ്യാപകർക്ക് ജീവിക്കാനാവശ്യമായ നടപടി സ്വീകരിച്ച ഈ ഗവൺമെന്റിനെ പ്രതിപക്ഷത്തുള്ള ആർക്കും കുറ്റപ്പെടുത്താൻ കഴിയില്ല. അതുപോലെ ഒരു ദു:ഖത്തിന്റെ കഥ പറയുകയാണ്. ആയിരക്കണക്കിന് ലാബ് അസിസ്റ്റന്റുമാരേയും ഇടതപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് വഴിയിലിട്ടിട്ടുപോയതാണ്. അവരെ രക്ഷിക്കേണ്ട ബാധ്യത ഈ ഗവൺമെന്റ് ഏറ്റെടുക്കണം, അവരെ അംഗീകരിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. മുമ്പൊരിക്കലുമില്ലാത്ത രീതിയിൽ വിദ്യാഭ്യാസ മേഖലയിൽ ചില മാനേജുമെന്റുകൾ 5,000 രൂപ മുതൽ 10,000 രൂപവരെ പ്രവേശനത്തിന് കോഴ വാങ്ങുകയാണ്. അതിന് എതിരെ ശക്തമായ പരിശോധന ആവശ്യമാണ് എന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

<u>ശ്രീ. ബി. വിജയകുമാർ:</u> സർ, എല്ലാ പത്രങ്ങളിലും മതന്യൂനപക്ഷ നേതാക്കന്മാർ ഇന്ന് സർക്കാരിനെ വെല്ലുവിളിച്ചിരിക്കുകയാണ്. അങ്ങനെ മതന്യൂനപക്ഷങ്ങൾ നടത്തുന്ന രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളാണ് St. Mary's Higher Secondary Girls High School, Market Road, Ernakulam. Sacred Heart College, Thevara എന്നിവ. സെന്റ് മേരീസിൽ പ്ലസ് വൺ ക്ലാസ്സിലേക്കുള്ള അഡ്മിഷന് 25,000 രൂപയാണ്. ഡൊണേഷൻ വാങ്ങുന്നത്. Sacred Heart Collage, Thevara 50,000 രൂപയാണ് ബി.കോം. കോഴ്സിന് മാനേജ്മെന്റ് വാങ്ങുന്നത്. രണ്ടും എയ്ഡഡ് സ്ഥാപനമാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

<u>ശ്രീ. പി. ടി. തോമസ്:</u> ഞാൻ ചൂണ്ടിക്കാണിച്ചത് എറണാകുളം സിറ്റിയിലും പരിസരത്തും ബി.കോം. അഡ്മിഷന് 50,000 രൂപവരെ ഡൊണേഷൻ മാനേജുമെന്റ് ക്വാട്ടയിൽ വാങ്ങുന്നതായി പത്രങ്ങളിലൊക്കെ ധാരാളമായി വാർത്തകൾ വരുന്നുണ്ട്. ഇവിടെ ശ്രീ. ബി. വിജയകുമാർ പറഞ്ഞതുപോലെ കേരളത്തിലെ ഹയർ സെക്കണ്ടറി മേഖലയിലെ അഡ്മിഷൻ പരിശോധിക്കുന്നതിനുവേണ്ടി ഫലപ്രദമായ സംവിധാനം ഉപയോഗപ്പെടുത്തണം, വർദ്ധിച്ചുവരുന്ന ഈ സാമ്പത്തിക ലാഭത്തെ ആധാരമാക്കിയുള്ള നടപടികൾ അവസാനിപ്പിക്കണം. മിഷണറികൾ തുടങ്ങിവച്ച സേവനരംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

അത്യുൽക്കൃഷ്ടമായ സംഭാവന ചെയ്ത പാരമ്പര്യമുള്ള മാനേജുമെന്റിന്റെ ഇതുവരെയുള്ള സംഭാവന സേവനം എന്ന നിലയിൽ ആയിരുന്നുവെങ്കിൽ ചുരുക്കം ചില മാനേജ്മെന്റുകൾ സേവനം സമ്പാദ്യത്തിനുള്ള മറയായി ഇപ്പോൾ മാറുന്നതിൽ വളരെ ദു:ഖമുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അങ്ങ് ഇവിടെ വിദ്യാഭ്യാസ മേഖലയിലെ വളരെ പ്രസക്തമായ കാര്യമാണ് ഉന്നയിച്ചിരിക്കുന്നത്. ഇവിടെ മെറിറ്റ് സീറ്റുകളിൽ പ്പോലും അഡ്മിഷൻ വാങ്ങുന്ന കുട്ടികളിൽ നിന്നും പല മാനേജുമെന്റുകളും Building Fees എന്നുപറഞ്ഞ് പൈസ വാങ്ങിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണിത്. ഇത് കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഗവണ്മെന്റിന് കൊടുക്കുന്ന ഫീസായിട്ടാണ് പലരും വ്യാഖ്യാനിക്കുന്നത്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. തോമസ്: തീർച്ചയായും ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു യൂണിവേഴ്സിറ്റിയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഏഴ് യൂണിവേഴ്സിറ്റികളും 265-ഓളം Arts and Science College-കളും മറ്റു നിരവധിയായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ച് നമുക്ക് വളരെ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 50 വർഷംകൊണ്ട് 700 മെഡിക്കൽ സീറ്റുകളാണ് നമ്മുടെ കേരളത്തിലുണ്ടായിരുന്നതെങ്കിൽ കഴിഞ്ഞ രണ്ടുവർഷംകൊണ്ട് 700-ൽപ്പരം പുതിയ മെഡിക്കൽ സീറ്റുകൾ ഇവിടെയുണ്ടായി. അതുപോലെതന്നെ ഇന്ന് 84-ഓളം എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നമുക്ക് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ നാം കഴിഞ്ഞ ദിവസം പാസ്സാക്കിയ നിയമത്തിന്റെ പിൻബലത്തിൽ കേരളത്തിന്റെ സ്വാശ്രയ മേഖലയെ ഫലപ്രദമായി നിയന്ത്രിക്കാൻ നമുക്ക് കഴിയണം. സ്വാശ്രയ മാനേജുമെന്റുകൾ ഗവൺമെന്റിനെ ഭയപ്പെടുത്താൻ ശ്രമിക്കുന്നതും ശരിയല്ല, 25 വർഷമോ 50 വർഷമോ മുന്നിൽ കണ്ടുകൊണ്ടുവേണം വിദ്യാഭ്യാസത്തിനു മുടക്കിയ മുതൽ തിരിച്ചുകിട്ടണമെന്നുള്ള നിലപാട് മാനേജുമെന്റുകൾ സ്വീകരിക്കേണ്ടതെന്നുള്ള നിലപാട് ഗവൺമെന്റ് എടുക്കണം. ഇന്ന് മുടക്കിയത് നാളെ കിട്ടണമെന്നുള്ള നിലപാട് സ്വാശ്രയ മാനേജുമെന്റിന്റെ ഭാഗത്തുനിന്നും വരുന്നത് ശരിയല്ല. ഈ കാര്യത്തിൽ 50 ശതമാനം മെറിറ്റും 50 ശതമാനം മാനേജുമെന്റ് ക്വാട്ടയും എന്നുള്ള നിലപാടിൽ ഗവൺമെന്റ് ഉറച്ചുനിന്നുകൊണ്ട് മുന്നോട്ടുപോകണം. ആ കാര്യത്തിൽ ഈ സഭയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട്, consensus ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരുകാര്യം വിദ്യാഭ്യാസ മേഖലയിൽ ഇന്ന് ഗ്രേഡിംഗ് സമ്പ്രദായം കൊണ്ടുവന്നിരിക്കുന്നു. ഗ്രേഡിംഗിനെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകളൊക്കെ നിലവിലുണ്ട്. പാർട്ട് 2, പാർട്ട് 3 ഒക്കെയായി ബന്ധപ്പെട്ടുവരുന്ന ഗ്രേഡിംഗിൽ പ്രത്യേകിച്ചും 90 മുതൽ 99 മാർക്കുവരെയുള്ളവർ 'എ പ്ലസി'ൽ വരുമ്പോൾ അതിനെപ്പറ്റിയുള്ള അവ്യക്തത മാറ്റിയെടുക്കാനുള്ള ശക്തമായ നടപടികളെടുക്കണം. പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അടിക്കാനുള്ള നല്ല നിലപാടിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലഘട്ടത്തിൽ ഗവൺമെന്റ് പ്രസ്സുകളെ മുഴുവൻ ഉപേക്ഷിച്ചുകൊണ്ട് സ്വകാര്യ പ്രസ്സുകൾക്ക് മാത്രമേ കൊടുത്തിട്ടുള്ളൂ, ഇപ്പോൾ നല്ലൊരു നിലപാടാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഞാൻ പ്രിയപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു, വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. നാലകത്തു സൂപ്പി ഇന്ത്യ കണ്ട വലിയ വിദ്യാഭ്യാസ വിദഗ്ദ്ധൻ ആണെന്നൊന്നും ഞങ്ങൾ അവകാശപ്പെട്ടില്ല, തെറ്റുണ്ടായാൽ തിരുത്തുന്നതിന് നല്ല കാഴ്ചപ്പാടുള്ള ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് അദ്ദേഹം. മലയാള മനോരമ അടുത്ത ദിവസങ്ങളിൽ ചില കാര്യങ്ങൾ പറഞ്ഞു, ബഹു. നാലകത്തു സൂപ്പി നിമിഷങ്ങൾക്കകം നടപടിയെടുത്തു. അതുകൊണ്ട് പ്രായോഗികമായ പ്രവർത്തനവുമായി കേരളത്തിൽ നല്ല പ്രവർത്തനം കാഴ്ചവച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി മുന്നോട്ട് പോകണം. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്ന സഹായം നേടിയെടുക്കാൻ C-MAT പോലുള്ള സ്ഥാപനങ്ങൾ കൊണ്ടുവന്ന് നമ്മുടെ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. സാംസ്ക്കാരിക വകുപ്പിനെപ്പറ്റിയും കായിക വകുപ്പിനെപ്പറ്റിയും ഞാൻ ഒരു വാക്കുപറയട്ടെ, സാംസ്ക്കാരിക രംഗത്ത് ഇന്ന് ഒരു പുതിയ ഉണർവുണ്ടായിരിക്കുന്നു. രാജാരവിവർമ്മയുടെ പേരിലും പല്ലാവൂർ അപ്പുമാരാരുടെ പേരിലുമൊക്കെ പുതിയ അവാർഡുകൾ ഏർപ്പെടുത്തിയ ബഹുമാനപ്പെട്ട സാംസ്ക്കാരിക വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കായികരംഗത്ത് വലിയൊരുണർവുണ്ടായിരിക്കുന്നു. കായിക താരങ്ങൾക്ക് ജോലി ഉറപ്പാക്കാനുള്ള നടപടികൾ വേണം അല്ലാതെ നമ്മുടെ കായികരംഗം രക്ഷപ്പെടുകയില്ല. ഇന്ന് പല കമ്പനികളും കായിക താരങ്ങളെയെടുക്കാൻ തയ്യാറാകുന്നില്ല. ഇന്ത്യാ രാജ്യത്തിന് നേട്ടമുണ്ടാക്കിയ ബീനാമോൾ എന്റെ നാട്ടുകാരിയാണ്, ആ കുട്ടി ഒളിമ്പിക്സിലേയ്ക്ക് തയ്യാറെടുത്തു കൊണ്ടിരിക്കുകയാണ്. അവർക്ക് സമ്മാനങ്ങളും അവാർഡുകളും മുൻകൂർ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഗ്രേഡിംഗിൽ കായിക വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ പൊതുവായി ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങളുണ്ടെങ്കിലും ആ ആക്ഷേപങ്ങൾക്കിടയിലും കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ മുന്നോട്ടു നയിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും കേരളത്തിലെ ജനങ്ങളുടെ വർദ്ധിച്ച ആവശ്യങ്ങൾക്കനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ നല്ല ശ്രമങ്ങളേയും എതിർക്കുന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ സമീപനം തീർച്ചയായും ശരിയല്ലെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. പശ്ചിമബംഗാൾ അടക്കമുള്ള ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഭീമമായ രീതിയിൽ ഫീസ് വർദ്ധിപ്പിച്ചിട്ടും ഇവിടെ ഫീസ് വർദ്ധിപ്പിക്കാതെ പരിമിതികളുള്ളിൽ നിന്നുകൊണ്ട് മെച്ചപ്പെട്ട വിദ്യാഭ്യാസ പ്രവർത്തനവുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വിദ്യാഭ്യാസരംഗം നാഥനില്ലാക്കളരിപോലെ കുത്തഴിഞ്ഞ സ്ഥിതിയിൽ കിടക്കുകയാണ്. ഞങ്ങൾ ഈ നിയമസഭയിൽ പല തവണ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്,

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കം ചില ഭരണകക്ഷി അംഗങ്ങളും ഈ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നുണ്ട്. അവസാനം ഇപ്പോൾ മലയാള മനോരമ പത്രത്തിന് ഏതാണ്ട് 6 ദിവസം അവരുടെ പേജ്കണക്കിനുള്ള സ്ഥലം ഈ കുത്തഴിഞ്ഞ സ്ഥിതിയെക്കുറിച്ചും അഴിമതിയെക്കുറിച്ചും കെടുകാര്യസ്ഥതയെക്കുറിച്ചുമൊക്കെയുള്ള ഒരു പരമ്പര പ്രസിദ്ധീകരിക്കേണ്ടിവന്നു. ചില നടപടി അങ്ങ് എടുത്തതായിട്ടു വായിച്ചു, പക്ഷേ കുറച്ചു കഴിയുമ്പോൾ, ഈ നിയമസഭ പിരിയുമ്പോൾ തിരിച്ച് പൂർവ്വാധികം ശക്തിയോടുകൂടി അവർ വരും, കാരണം അത്തരമൊരു അവസ്ഥയിൽ നിൽക്കുകയാണ്. നമ്മുടെ സ്വാശ്രയ കോളേജ് ബില്ലിന്റെ പ്രശ്നത്തിൽ, ആ ബിൽ നിയമമാക്കാൻ എന്തു നടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നത്? ഇപ്പോൾ കോടതിയായി, ഇനി കോടതിയുടെ നിയമതടസ്സങ്ങളും കോടതിയുടെ സ്റ്റേയുമൊക്കെയായി അത് പാസ്സാക്കി നടപ്പാക്കാനാണോ? ആരെങ്കിലും നിങ്ങളെ സപ്പോർട്ട് ചെയ്യുന്നുണ്ടോ? ഞങ്ങൾ പ്രതിപക്ഷം മാത്രമല്ല, ഇപ്പോൾ ഭരണകക്ഷി യിൽനിന്നും ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോഴും പറഞ്ഞല്ലോ, നിങ്ങളെ ആരാണ് സപ്പോർട്ട് ചെയ്യുന്നത്? മാനേജുമെന്റ് നിങ്ങളെ സപ്പോർട്ട് ചെയ്യുന്നുണ്ടോ? അങ്ങനെ ആർക്കും വേണ്ടാത്ത വിധത്തിൽ, വളരെ കുത്തഴിഞ്ഞ വിധത്തിൽ നിങ്ങൾ നിയമിച്ച കമ്മിഷന്റെ കാര്യം ഇവിടെ ശ്രീ. പിരപ്പൻകോട് മുരളി പറഞ്ഞു, കമ്മിഷൻ ആർക്കും വേണ്ട, കമ്മിഷൻ റിപ്പോർട്ടും തോന്നിയതുപോലെയാണ്, എന്തുകൊണ്ടാണ്, ഒരു ചന്തപോലെ ഇത്തരം പ്രധാനപ്പെട്ട മേഖലയിൽ ഈ സ്ഥിതിയുണ്ടായതെന്ന് ഗൗരവമായി ആലോചിക്കണമെന്ന് പറയുകയാണ്. ഞാൻ ഒരു കാര്യം ഇവിടെ വളരെ ഗൗരവത്തോടുകൂടി ഉന്നയിക്കുകയാണ്. ഇവിടെ ശ്രീ. പി. എസ്. സുപാൽ കഴിഞ്ഞ ദിവസം ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചപ്പോൾ mental torturing-നെപ്പറ്റി പറഞ്ഞു, കുട്ടികൾ എഴുതി തന്നിരിക്കുകയാണ്, ആ കോളേജുകളിൽ പഠിക്കുന്ന കുട്ടികളും അവരുടെ രക്ഷകർത്താക്കളും വലിയ മാനസിക പീഡനം അനുഭവിക്കുകയാണ്. കാരണം internal assessment പ്രശ്നമല്ലേ? നമ്മുടെ മുൻ എം.എൽ.എ. ആയിരുന്ന ശ്രീ. എൻ. അനിരുദ്ധന്റെ കുട്ടി ആലപ്പുഴ മെഡിക്കൽ കോളേജിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് മാമ്മൻ മത്തായി ചെയർമാനായിട്ടുള്ള പെറ്റീഷൻസ് കമ്മിറ്റി അന്ന് റിപ്പോർട്ട് ഈ സഭയിൽ വച്ചതല്ലേ? എന്താണ് നമ്മുടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടക്കുന്ന internal assessment-ന്റെ സ്ഥിതി? സ്വാശ്രയ മാനേജുമെന്റിൽ കച്ചവട മനസ്സുള്ള കുറച്ചുപേർ, എല്ലാവരുമെന്ന് ഞാൻ പറയില്ല, പ്രതിബദ്ധതയുള്ള, ഈ സ്ഥാപനങ്ങളൊക്കെ നന്നായി നടത്തുന്ന പാരമ്പര്യമുള്ള വളരെയധികം സ്ഥാപനങ്ങളുണ്ട്, ഇതിനകത്ത് കച്ചവട മനസ്സുള്ളവർ എങ്ങനെയായിരിക്കും കുട്ടികളെ കൈകാര്യം ചെയ്യുക എന്നുള്ളത് മാമ്മൻ മത്തായി അവതരിപ്പിച്ച നമ്മുടെ ഈ സഭ അംഗീകരിച്ച പെറ്റീഷൻസ് കമ്മിറ്റി റിപ്പോർട്ട് വായിച്ചാൽ മനസ്സിലാകും. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഏർപ്പെടുത്തുന്ന ഗ്രേഡിംഗിനെക്കുറിച്ച് ഞാൻ ഗൗരവമായ ഒരു പ്രശ്നം പറയുകയാണ്. ഇവിടെ ചോദ്യം വന്നപ്പോൾ മറുപടിപറഞ്ഞു, വ്യക്തമായി യാതൊരു മുൻ ഒരുക്കവുമില്ലാതെയാണ് ആറേഴുലക്ഷം കുട്ടികൾ ഇത്തവണ ഈ ഗ്രേഡിംഗ് സമ്പ്രദായത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാൻ പോകുന്നതെന്ന്. എന്താണ് അതിന്റെ നടപടിക്രമം? അതുസംബന്ധിച്ച് അധ്യാപക സംഘടനകളും ഈ മേഖലയുമായി ബന്ധപ്പെട്ടവരുമൊക്കെയായി ഗൗരവമായി എന്തെങ്കിലും ചർച്ചകൾ നടന്നിട്ടുണ്ടോ? ഇതിനുള്ള അധ്യാപകരുണ്ടോ? ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുകാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വിശദീകരിക്കാൻവേണ്ടി പറയുകയാണ്, കുട്ടികളുടെ ഗ്രേഡിംഗ് നടത്താനായി ചുമതലപ്പെടുത്തിയ അധ്യാപകർ ആരാണ്? പാഠ്യവിഷയങ്ങളും പാഠ്യേതര വിഷയങ്ങളുമുണ്ടല്ലോ. പാട്ടും ഡാൻസും കളിയും മറ്റ് എക്സ്ട്രാ ആക്റ്റിവിറ്റീസുമൊക്കെ നോക്കണ്ടേ? സ്കൂളിലെ ഹെഡ്മാസ്റ്റർക്ക് കുട്ടികളെ സ്കൂളിൽ ഡാൻസ് പഠിപ്പിക്കേണ്ടിവരും. കണക്ക് പഠിപ്പിക്കുന്ന അദ്ധ്യാപകൻ ഡ്രിൽ പഠിപ്പിക്കേണ്ടി വരും. മലയാളം പഠിപ്പിക്കുന്ന അദ്ധ്യാപകൻ പാട്ട് പഠിപ്പിക്കേണ്ടി വരും. ഇതിനൊക്കെ ആരാണ് ഗ്രേഡ് നിശ്ചയിക്കാൻ? അവരെ പഠിപ്പിക്കാൻ ആരാണുള്ളത്? അങ്ങനെ വളരെ കുത്തഴിഞ്ഞ രീതിയിലാണ് ഇത് നടത്താൻ പോകുന്നത്. ബഹുമാനപ്പെട്ട മിനിസ്റ്റർ അടുത്ത വർഷം കുഴയാൻ പോകുന്നത് എസ്.എസ്.എൽ.സി ഗ്രേഡിംഗിന്റെ പ്രശ്നത്തിലായിരിക്കും. നിങ്ങൾക്ക് എല്ലാ കാര്യത്തിലും കുഴപ്പങ്ങളാണ്. പാഠപുസ്തകങ്ങളുടെ അച്ചടിയിൽ കുഴപ്പങ്ങളാണ്, സ്വാശ്രയകോളേജുകളുടെ പ്രശ്നത്തിൽ കുഴപ്പങ്ങളാണ്. ഇനി അടുത്തത് എസ്.എസ്.എൽ.സി. ഗ്രേഡിംഗ് സമ്പ്രദായത്തിൽ കുഴപ്പങ്ങളാണ് വരാൻ പോകുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ സംബന്ധമായ പ്രശ്നങ്ങളുണ്ടാകുമ്പോൾ അത് ചർച്ച ചെയ്ത് ആ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വരുന്ന അഭിപ്രായങ്ങൾ വച്ചുകൊണ്ട് തീരുമാനമെടുക്കുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്തുകയാണ്. ഹയർ സെക്കന്ററിയുടെ കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഹയർ സെക്കന്ററിയുടെ കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു. പുതുതായി കുറെ വിദ്യലയങ്ങൾ സെലക്ട് ചെയ്ത് പ്ളസ് ടു കൊടുത്തു. നല്ല കാര്യം. പക്ഷേ അവിടത്തെ അദ്ധ്യാപകരുടെ പ്രശ്നം ഒന്നുമായിട്ടില്ല. ഏതാണ്ട് പതിനായിരത്തോളം ഗസ്റ്റ് ലക്ച്ചറർമാർ ഹയർസെക്കന്ററി സ്കൂളുകളിൽ പഠിപ്പിക്കുകയല്ലേ? ഗസ്റ്റ് എന്നുപറഞ്ഞാൽ അതിന്റെയർത്ഥം അതിഥി എന്നല്ലേ. അതിഥികൾ വളരെനാളുകളായിട്ട് അവിടെ നിന്നാൽ പിന്നെ ഗസ്റ്റ് ആണോ. ഗസ്റ്റ് ലക്ചറർമാർ നമ്മുടെ ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിപ്പിച്ചാൽ മതിയോ? സെറ്റ് പരീക്ഷ പാസ്സായ, യോഗ്യതയുള്ള പി.എസ്.സി ടെസ്റ്റ് പാസ്സായ ആളുകളെ റാങ്ക് ലിസ്റ്റിൽനിന്നും നിയമിച്ചുകൂടേ? ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുക്കണ്ടേ? അതുപോലെ ഹയർ സെക്കന്ററി വിദ്യാഭ്യാസം ഡയറക്ടറുടെ കീഴിലാണ്. ഡയറക്ടറുടെ കീഴിൽ കേരളത്തിലെ മുഴുവൻ ഹയർ സെക്കന്ററിയുടെ കാര്യവുംകൂടി കൈകാര്യം ചെയ്യുന്നത് എങ്ങനെയാണ്? പല സ്കൂളുകളിലും എച്ച്.എം.-ഉം പ്രിൻസിപ്പലും അവരിൽ ആരാണ് വലുതെന്ന കാര്യത്തിൽ തർക്കമാണ്. ഹൈക്കോടതിയിൽ കേസുകളുമുണ്ട്. അതുപോലെ അദ്ധ്യാപകർ തമ്മിലുള്ള ഈഗോയുടെ പ്രശ്നമുണ്ട്. ഹയർ സെക്കന്ററിയുടെ കാര്യങ്ങൾ നോക്കാൻ ആളില്ലാത്ത അവസ്ഥയാണുള്ളത്. ഹയർ സെക്കന്ററിയുടെ എല്ലാ കാര്യങ്ങളും കൂടി നോക്കാൻ ഡയറക്ടർക്ക് പറ്റുമോ? അദ്ദേഹത്തിന് ഒരുപാട് ജോലിയാണുള്ളത്. അദ്ദേഹത്തിനെക്കൊണ്ട് ഹയർ സെക്കന്ററിയുടെ മുഴുവൻ കാര്യങ്ങളും പരിഹരിക്കാൻ കഴിയുമോ? ഒന്നുകിൽ പൊതുവിദ്യാഭ്യാസത്തിന്റെ കീഴിൽ കൊണ്ടുവരുക. 12-ാം ക്ളാസ് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാണല്ലോ. അപ്പോൾ പൊതുവിദ്യാഭ്യാസ ത്തിന്റെ കീഴിൽ ഒരു പ്രത്യേക സംവിധാനമുണ്ടാക്കിയാൽ ആ പ്രശ്നം തീരില്ലേ? അതുകൊണ്ട് 12-ാം ക്ളാസ് വിദ്യാഭ്യാസം നമ്മൾ അംഗീകരിക്കപ്പെട്ട ഹയർ സെക്കന്ററിയായി വന്നതോടുകൂടി അതിന് ഏകീകൃതമായ നടപടികളും ചട്ടങ്ങളും



LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ നടത്തിപ്പിലുണ്ടായിരിക്കണം. അതുകൊണ്ട് പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നയപരമായ ഒരു തീരുമാനമെടുക്കാൻ വൈകരുത്. ഗസ്റ്റ് ലക്ചറർമാർ എന്നും ഗസ്റ്റ് ലക്ചറർമാരായാൽ പോരാ. അവിടെ സ്ഥിരം നിയമനത്തിനുള്ള സംവിധാനമുണ്ടാക്കണം. എസ്.എസ്.എൽ.സി ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ച് അദ്ധ്യാപക സംഘടനകളും അതുമായി ബന്ധപ്പെട്ട മേഖലകളിൽ നിന്നുമുയർന്നു വന്നിട്ടുള്ള കാര്യങ്ങൾ വളരെ ഗൗരവതരമായി പരിശോധിക്കണം, പഠിക്കണം, നടപടിയെടുക്കണം. അതുപോലെ വിദ്യാഭ്യാസ കച്ചവടലക്ഷ്യത്തോടുകൂടി വന്നിട്ടുള്ള മാനേജുമെന്റുകൾ ഗവൺമെന്റിനെ വെല്ലുവിളിച്ചുകൊണ്ട്, നിയമസഭയെ വെല്ലുവിളിച്ചുകൊണ്ട് വന്നിട്ടുള്ള ആ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ഉറപ്പുണ്ടാക്കണം, അവർക്ക് സംരക്ഷണമുണ്ടാക്കണം. കൗൺസിലിംഗ് എത്രയും വേഗം ആരംഭിക്കണം. മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികളെ നിങ്ങൾ അന്തരീക്ഷത്തിൽ നിർത്തരുത്. ആ കുട്ടികൾക്ക് പഠിക്കാനുള്ള അവകാശത്തിന് ഉറപ്പുണ്ടാക്കണം. ഇത്തരം കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പിൽ നടക്കുമോ? ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പുണ്ടോ? അതുകൊണ്ട് കുത്തഴിഞ്ഞുകിടക്കുന്ന കേരളത്തിലെ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ആശങ്കയുണ്ട്. ഈ സാഹചര്യത്തിൽ അഴിമതി കൊടികുത്തിവാഴുമ്പോൾ ഈ വകുപ്പിൽ നിന്നും എന്ത് നീതി പ്രതീക്ഷിക്കാം. നിങ്ങളുടെ പാർലമെന്ററി പാർട്ടിയോഗമൊക്കെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ കൂടാൻ പോകുകയാണല്ലോ. മുസ്ലീം ലീഗിൽ നിന്നും ഈ വകുപ്പ് മാറ്റി കോൺഗ്രസ്സിന് കൊടുക്കണമെന്നൊക്കെ നിങ്ങൾ അവിടെ പറയാതെ ധൈര്യമുണ്ടെങ്കിൽ ഇവിടെ പറയണം. ഇവിടെ തീരുമാനമെടുത്തോ. അല്ലാതെ തലയിൽ മുണ്ടിട്ടുകൊണ്ടുപോയി മന്ത്രിമാർക്കെതിരായിട്ട് പറയുന്നത് ശരിയല്ല. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ ഈ സഭയിൽ ഞങ്ങൾ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളിൽ വ്യക്തമായ മറുപടി പറയണം. കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന വിദ്യാർത്ഥികളുടെ ഭാവിയുടെ കാര്യത്തിൽ ഉത്തരവാദിത്വമില്ലാതെ പോകുന്ന ഈ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഈ ചർച്ച തുടങ്ങിവച്ച ബഹുമാന്യനായ പിരപ്പൻകോട് മുരളി വളരെ നിലവാരമുള്ള, വിഷയത്തിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ടുള്ള ഒരു പ്രസംഗമാണ് കാഴ്ചവച്ചത്. പക്ഷെ ഞാൻ അദ്ദേഹത്തോട് ചോദിക്കാൻ ആഗ്രഹിക്കുന്നത്, കേരളത്തിലെ പ്രഥമ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ: ജോസഫ് മുണ്ടശ്ശേരി, ഈ സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച മഹാനായ സി. എച്ച്. മുഹമ്മദ്കോയ കേരളത്തിൽ ഏറ്റവും കൂടുതൽ നാൾ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഒരു മന്ത്രിയാണ്. അദ്ദേഹം ഈ സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് വരുത്തിയ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഇത്രയുംകാലമെടുത്തുവെന്നുള്ള കാര്യം ആലോചിക്കേണ്ട ഒരു വിഷയമാണ്. അന്ന് നിരവധി സമരങ്ങളും



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിമർശനങ്ങളുമുണ്ടായ ഒരു കാലഘട്ടമായിരുന്നു. ഒരു യൂണിവേഴ്സിറ്റി മാത്രമുണ്ടായിരുന്ന സംസ്ഥാനത്ത്, കാലിക്കട്ട് യൂണിവേഴ്സിറ്റിയും കൊച്ചി യൂണിവേഴ്സിറ്റിയുമൊക്കെ സ്ഥാപിച്ചപ്പോൾ, അതിൽ പ്രത്യേകിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോഴുണ്ടായ വിമർശനങ്ങളും സമരങ്ങളും പഴമക്കാർക്ക് അറിയാം. ശ്രീ. നാലകത്ത് സൂപ്പി നമ്മുടെ വിദ്യാഭ്യാസ രംഗത്തുണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ കുറച്ചുസമയമെടുക്കും എന്നുള്ളതാണ് വസ്തുത. കുറച്ചുകാലം കഴിയുമ്പോൾ ശ്രീ. നാലകത്ത് സൂപ്പിയേയും നിയമസഭയും, നമുക്കുശേഷം വരുന്ന അംഗങ്ങളും അഭിനന്ദിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാധിക്കുകയില്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തിന് വെളിയിൽപ്പോയി പഠിച്ചിരുന്ന കുട്ടികൾക്ക് ഇന്ന് സംസ്ഥാനത്തുതന്നെ വിദ്യാഭ്യാസം നടത്താനുള്ള അവസരമൊരുക്കിക്കൊടുത്തുവെന്നുള്ളത് നമുക്കഭിമാനിക്കാൻ സാധിക്കുന്ന കാര്യമാണ്. സ്വാശ്രയസ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ബിൽ നമ്മൾ പാസ്സാക്കി. അത് വളരെ നല്ലൊരു കാൽവയ്പ്പാണ്. സ്വാശ്രയ മാനേജുമെന്റുകളുടെ കടന്നാക്രമണം വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് കുട്ടികളുടെ പ്രവേശനത്തിലും അതുപോലുള്ള കാര്യങ്ങളിലും ഉണ്ടാകാവുന്ന അനീതി ഒഴിവാക്കാൻ ഈ ബില്ലിന് സാധിക്കുമെന്നതിൽ തർക്കമില്ല. ഇതിനൊരു മറുവശമുണ്ട് അത് നമ്മൾ കണ്ടില്ലെന്ന് നടിക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ വളരെ ഡിമാന്റുള്ള മെഡിക്കൽ-ഡെന്റൽ സീറ്റുകൾ ഒഴികെ വളരെ ഡിമാന്റ് കുറഞ്ഞ സീറ്റുകളുള്ള കോളേജുകളുടെ അവസ്ഥയെന്തായിത്തീരുമെന്നുകൂടി ഗവൺമെന്റ് ആലോചിക്കണം. ഈ ഗവൺമെന്റ് അത് തീരുമാനിച്ചില്ലെങ്കിൽ സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടുകയോ നിർത്തലാക്കപ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികളുടെ പ്രശ്നമെന്നതിനുപരി അതൊരു സാമൂഹ്യപ്രശ്നമായിക്കൂടി മാറാനിടയുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി ഇവിടെ സംസാരിച്ചപ്പോൾ ഡോ. അനന്തമൂർത്തി, ഡോ.ബാബുപോൾ, ഡോ. സുകുമാരൻ നായർ, പ്രൊഫ. പുരുഷോത്തമൻ തുടങ്ങിയ അംഗങ്ങൾ വിവിധ അഭിപ്രായങ്ങളടങ്ങിയ റിപ്പോർട്ടുകൾ സമർപ്പിച്ചുവെന്നും ആ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ സെക്രട്ടറി, ഡി. പി. ഐ. തുടങ്ങിയ ഉദ്യോഗസ്ഥരെ ഏല്പിച്ചത് ശരിയായില്ല, അവർ അതിന് അയോഗ്യരാണ് എന്ന മട്ടിൽ പറയുകയുണ്ടായി. ഡോ. കോത്താരി, ഡോ. മുതലിയാർ, ഡോ. രാധാകൃഷ്ണൻ തുടങ്ങിയ മഹാൻമാരായ വിദ്യാഭ്യാസ വിചക്ഷണൻമാരടങ്ങിയ കമ്മീഷനുകൾ ഉൾപ്പെടെ ഇപ്പോൾ അവസാനം സമർപ്പിച്ച അനന്തമൂർത്തി കമ്മിഷൻ ഉൾപ്പെടെ സമർപ്പിച്ച റിപ്പോർട്ടുകളൊക്കെ സാധാരണ കമ്മിഷനെ നിയമിക്കുന്ന ഗവൺമെന്റ് തന്നെയാണ് പരിശോധിക്കാറുള്ളത്. ആ ഗവൺമെന്റ് പിന്നീട് അതിനനുസരിച്ച് ലോക പ്രസിദ്ധരായ വിദ്യാഭ്യാസ വിചക്ഷണരാകേണ്ട കാര്യമില്ല. അങ്ങനെയാണ് അതിന്റെ പതിവ്. ആ കണക്കിന് ഒരു സീനിയർ ഐ. എ. എസ്. ആഫീസറായിട്ടുള്ള വിദ്യാഭ്യാസ സെക്രട്ടറി, ഡി. പി. ഐ, മന്ത്രി എന്നിവരൊക്കെ അതിന് സർവ്വഥാ യോഗ്യരാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടില്ലേ?

ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ്: അത് തീർത്തും ശരിയാണ്. പ്രത്യേകിച്ച് വളരെ പരിചയസമ്പന്നനും പ്രാപ്തനുമായ സെക്രട്ടറി ശ്രീ.മാരപാണ്ഡ്യൻ വളരെ പരിണതപ്രജ്ഞനാണ്. അദ്ദേഹത്തിന് തീരെ കഴിവില്ല, പരിചയമില്ല, അല്ലെങ്കിൽ വിവരമില്ലായെന്ന് നമുക്ക് തീരുമാനിക്കാൻ സാധിക്കുമോ? അദ്ദേഹം സർവ്വഥാ യോഗ്യനാണ്. കേരളത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇനിയും വളരെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കഴിഞ്ഞ വെള്ളിയാഴ്ച ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഈ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത ഐ.ഐ.ടി.യുടെ പ്രശ്നം സംബന്ധിച്ച ബിൽ ഉണ്ടല്ലോ? ഈ സംസ്ഥാനത്താണ് ഒരു ഐ. ഐ. ടി. ഇല്ലാത്തത് എന്നുള്ളത് നമ്മൾ മനസ്സിലാക്കണം. വളരെ ചെറിയ സംസ്ഥാനങ്ങളിലും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന, ഇത്രയധികം വിദ്യാർത്ഥികൾ ഐ. ഐ. ടി. യിൽ പോകാത്ത ഒരു സംസ്ഥാനത്തുപോലും ഐ. ഐ. ടി. ഉണ്ട്. അത് ഒരു പ്രമേയത്തിലും പ്രസ്താവനയിലും ഒതുങ്ങി നിൽക്കാതെ ഇപ്പോൾ ഐ. ഐ.ടി. പോലുള്ള സ്ഥാപനങ്ങൾ കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്ന സമയമാണ്. ഈ സമയം ശരിക്കും ചൂഷണം ചെയ്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഐ. ഐ. ടി. ഇപ്പോൾതന്നെ വാങ്ങിയെടുക്കണം. ഏകീകൃത സർവ്വകലാശാല നിയമം ഇനിയും വൈകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിൽ പ്രധാനപ്പെട്ട കാര്യം, പ്രൊഫഷണൽ കോഴ്സുകളുടെ സിലബസ് കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ വ്യത്യസ്ത രീതിയിലാണ്. അതുകൊണ്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ ഏകീകൃത സർവ്വകലാശാല നിയമംകൊണ്ടുവന്ന് പാസ്സാക്കേണ്ടിയിരിക്കുന്നു. ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് വളരെ നാളുകളായി പറഞ്ഞുകേൾക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന അന്നുമുതൽ പറയുന്നതാണ്. പക്ഷേ അതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. കൊച്ചിൻ യൂണിവേഴ്സിറ്റിയെ ടെക്നിക്കൽ യൂണിവേഴ്സിറ്റിയാക്കാൻ പറ്റുമോയെന്നുള്ള കാര്യം ആലോചിക്കണം. ഏകീകൃത സർവ്വകലാശാല നിയമം വന്നാൽപോലും കൊച്ചിൻ യൂണിവേഴ്സിറ്റി ഈ ആക്ടിൽ വരുകയില്ല എന്നുള്ളതുകൊണ്ട് ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റിയായി കൊച്ചിൻ യൂണിവേഴ്സിറ്റിയെ മാറ്റുന്നതിന് ബുദ്ധിമുട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ ചരിത്രത്തിൽ ഇന്നേവരെ കേട്ടുകേൾവിയില്ലാത്ത ഒരു സംഭവമുണ്ട്. ഗവർണറുടെ ആഫീസ് ഉന്നത വിദ്യാഭ്യാസ രംഗത്ത് ആവശ്യമില്ലാത്ത വിധത്തിലുള്ള ചില സ്വാധീനങ്ങൾ ചെലുത്തുന്നുവെന്നുള്ളതാണ് പ്രധാന സംഗതി. ഗവൺമെന്റിന്റെ ശുപാർശകൾ ഒന്നുകിൽ തിരസ്കരിക്കുക, അല്ലെങ്കിൽ വളരെ വൈകിക്കുക എന്നുള്ള സമീപനം ഗവർണറുടെ ആഫീസിൽ നിന്നും ഉണ്ടാകുന്നുവെന്നുള്ളത് നിർഭാഗ്യകരമായ കാര്യമാണ്. അത് മാറ്റിയെടുക്കണമെന്നു മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് രണ്ടുമൂന്നു യൂണിവേഴ്സിറ്റികളിൽ ഇപ്പോൾ വി.സിമാർ ഇല്ലാത്ത അവസ്ഥയാണ്. കുസാറ്റ് ആണെങ്കിലും കൊച്ചിൻ യൂണിവേഴ്സിറ്റി ആണെങ്കിലും വി.സി. ഇല്ല, പി.വി.സി. ഇല്ല, രജിസ്ട്രാർ ഇല്ല. ഗവൺമെന്റ് വന്ന അന്നുമുതൽ പി. വി. സി. പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. അത് എന്തുകൊണ്ടാണ് ഫിൽ ചെയ്യാത്തത് എന്നുള്ളത് മനസ്സിലാകുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് മുന്നോട്ടുപോകുന്നതിന് വളരെയധികം തടസ്സമുണ്ടാകുന്ന പ്രധാന പ്രശ്നം ഇതാണ്. ഈയടുത്തകാലത്തായി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിൽ ഉണ്ടായിട്ടുള്ള മുന്നേറ്റം നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്. 274 സർക്കാർ ഹൈസ്കൂളുകളിൽ പ്ലസ്ടു അനുവദിച്ചു. ഗവൺമെന്റ് കാണിക്കുന്ന താല്പര്യമായിട്ടാണ് ഇതിനെ കാണുന്നത്. അതുപോലെ പത്താം ക്ലാസ്സ് വിദ്യാഭ്യാസത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ. അതു സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് സൂചിപ്പിക്കുകയുണ്ടായി. ഗ്രേഡിംഗ് സംവിധാനത്തെക്കുറിച്ച് അധ്യാപകർക്കും ഉദ്യോഗസ്ഥർക്കും മാത്രം അവബോധം ഉണ്ടായാൽ പോരാ. ജനങ്ങൾക്കും രക്ഷകർത്താക്കൾക്കും അവബോധം ഉണ്ടാകണം, എയിഡഡ് സ്കൂളുകളിൽ അൺഎയിഡഡ് പ്ലസ്ടു അനുവദിക്കാൻ ഒട്ടും വൈകരുത്. ഇപ്പോൾതന്നെ തുടങ്ങാനുള്ള ഏർപ്പാട് ഉണ്ടാകണം. നയപരമായ തീരുമാനം ആവശ്യമുണ്ടെങ്കിൽ അത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇംഗ്ലീഷ് പഠനം മൂന്നാം ക്ലാസ്സ് മുതൽ നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അത് ഒന്നാം ക്ലാസ്സ് മുതൽ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ റോഷി അഗസ്റ്റിൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നീ വകുപ്പുകളിൻമേലുള്ള ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തെ ജനകീയമാക്കിയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. അടിസ്ഥാന വിദ്യാഭ്യാസ പുരോഗതിയിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കേരളം ഉന്നത വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് നാന്ദി കുറിച്ചിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വാശ്രയ മേഖലയിൽ 31 എഞ്ചിനീയറിംഗ് കോളേജുകളാണ് ഉണ്ടായിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 56 എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുകവഴി കേരളത്തിൽ 11,455 സീറ്റുകൾ അധികമായി വന്നു. കേരളത്തിൽ ഏറിയ വിദ്യാർത്ഥികൾക്കും ഇതുമൂലം പഠിക്കാനുള്ള സൗകര്യം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും കേരളത്തിൽത്തന്നെ പഠിക്കുന്നതിന് അവസരമൊരുക്കിയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. കടുത്ത അസൗകര്യങ്ങളിലും കടുത്ത അരക്ഷിതാവസ്ഥയിലും ഉയർന്ന ക്യാപ്പിറ്റേഷൻ ഫീസ് മുടക്കി അന്യ സംസ്ഥാനങ്ങളിൽപോയി പഠിക്കേണ്ട ഗതികേടിൽ നിന്ന് കേരളം മുക്തി നേടി എന്നുള്ളത് വിസ്മരിക്കാൻ കഴിയുകയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു അടിസ്ഥാന സൗകര്യവും ഏർപ്പെടുത്താതെ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുകയുണ്ടായി. ഈ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിട്ടു. എന്നാൽ അത് നിലനിർത്താനും ആ വിദ്യാർത്ഥികളെ സംരക്ഷിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ ഗവൺമെന്റ് എടുത്ത തീരുമാനം ശ്ലാഘനീയമാണ്. എന്റെ നിയോജകമണ്ഡലത്തിൽപോലും അത് നേരിട്ട് അനുഭവിച്ചറിയാൻ കഴിഞ്ഞു. ഇതിന് മാറ്റം വരുത്തിയ ഈ ഗവൺമെന്റിനെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ പ്ലസ്ടു എടുത്ത് പരിശോധിച്ചാൽ ഏറിയ ചർച്ചകൾ നടത്തേണ്ട ഒരു വിഷയവും ഏറിയ വിദ്യാർത്ഥികൾ പഠിക്കുന്നതും ഈ തലത്തിലാണ്. കേരളത്തിൽ 1552 ഹയർ സെക്കണ്ടറി സ്കൂളുകളുണ്ട്. 3,44,000 സീറ്റുകളുണ്ട്. ഇത്രയും സീറ്റുകൾ നിലവിലുള്ളപ്പോൾ, വി. എച്ച്. എസ്. സി. ഉൾപ്പെടെ 3,77,000 സീറ്റുകൾ ലഭ്യമാകുമ്പോൾ എസ്.എസ്.എൽ.സി. ജയിച്ചുകഴിഞ്ഞ് ഹയർ വിദ്യാഭ്യാസത്തിന് പോകുന്നവരുടെ എണ്ണം 3,99,000 ആണ്. കേരള സ്റ്റേറ്റ് ഓപ്പൺ



LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ വഴി ബാക്കിയുള്ളവർക്കും പഠിക്കാൻ സൗകര്യമുണ്ട്. പക്ഷെ എന്റെ ആവശ്യം, ഇതിൽ മാറ്റംവരുത്തണമെന്നാണ്. ഹയർ സെക്കന്ററിയിൽ ഓരോ ബാച്ചിലും 50 സീറ്റുകൾ എന്നുള്ളത് നിജപ്പെടുത്തണം. 50-ൽ കൂടുതൽ സീറ്റുകൾ ഉണ്ടാകാൻ പാടില്ല. അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണം. ഇനിയും ഹയർ സെക്കണ്ടറി സ്കൂളുകൾ ഒരുപക്ഷെ അനുവദിക്കേണ്ടിവരും. എയിഡഡ് മേഖലയിൽ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഇപ്പോൾ 80 സ്കൂളുകളിൽക്കൂടി സർക്കാർ തലത്തിൽ കൊടുത്തിരിക്കുന്നു. ഇതിനെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്യാൻ കഴിയാത്ത സുപ്രധാനമായ തീരുമാനമാണ് ഇത്. ഇനിയും സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ ഒരു സർവ്വേ നടത്തി ഏതൊക്കെ മേഖലയിൽ ആവശ്യമുണ്ടെന്ന് കണ്ടെത്തി അതിനാവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് സൂചിപ്പിക്കുകയാണ്. അവിടെ അൺ എയിഡഡ് മേഖലയിൽ പ്ലസ്ടു കൊണ്ടുവന്നിട്ട് ഒരു പ്രയോജനവും കിട്ടുന്നില്ല. അവിടെ പഠിക്കാൻ കഴിയുന്നില്ല. ഇപ്പോൾ തോപ്രാംകുടിയിലും പണിക്കാൻകുടിയിലും പതിനാറാം കണ്ടത്തും ഗവൺമെന്റ് സ്കൂളുകളിൽ മൂന്ന് പ്ലസ്ടു അനുവദിച്ചപ്പോൾ ഏറിയ വിദ്യാർത്ഥികളും ഇന്ന് സന്തുഷ്ടരാണ്. ഇപ്പോൾ ഗസ്റ്റ് ലക്ചറർമാരെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ നിയമനം നടത്താൻ ഒരുപക്ഷെ കഴിയുകയില്ലായിരിക്കാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ പ്ലസ്ടു സ്കൂളുകൾ അനുവദിച്ചു. അധ്യാപകരെ സൃഷ്ടിച്ചോ? ശമ്പളം നൽകിയോ? 17-8-2001-ലെ ഗവൺമെന്റ് ഓർഡറിലൂടെ പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് അവർക്ക് ശമ്പളം കൊടുക്കാനും അവരെ സ്ഥിരപ്പെടുത്താനും അവിടുത്തെ വിദ്യാർത്ഥികളെ രക്ഷിക്കാനും സാധിച്ചു. അതോടൊപ്പംതന്നെ 27-6-1990-ലെ ജി.ഒ. (എം എസ്.) നം. 138/90 അനുസരിച്ച് അന്നത്തെ സ്റ്റാഫ് പാറ്റേൺ പറഞ്ഞിട്ടുള്ളത്, സയൻസ് ബാച്ചുകളിൽ ലാബ് അസിസ്റ്റന്റുമാരുടെ എണ്ണം 4 എന്നാണ്. പക്ഷെ അതനുസരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി നോക്കുമ്പോൾ 22 ഗവൺമെന്റ് സ്കൂളുകളിലും 31 എയിഡഡ് സ്കൂളുകളിലുമായി 212 ലാബ് അസിസ്റ്റന്റുമാരുടെ തസ്തികകൾ മാത്രമാണ് അംഗീകരിച്ചു നൽകിയിട്ടുള്ളത്. അതിനുശേഷം ഈ ഓർഡറിനെ മോഡിഫൈ ചെയ്യാതെ 26-3-2003-ലെ ഗവൺമെന്റ് ഓർഡറിൽ സയൻസ് ബാച്ചുകളിലെ തസ്തികകൾ രണ്ടാക്കി എന്നുള്ളതാണ് സത്യം. പക്ഷെ ഇന്ന് ഇവിടെ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ഇത് ഏറ്റവും വലിയ വിഷയമായി നിലനിൽക്കുന്നു. ലാബ് അസിസ്റ്റന്റുമാരുടെ എണ്ണത്തിൽ രണ്ടെണ്ണം വീണ്ടും വർദ്ധിപ്പിച്ച് അത് നാലാക്കി മുഴുവൻ പേരുടേയും നിയമനം സ്ഥിരപ്പെടുത്തി. അവർക്ക് ശമ്പളം കൊടുക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കണം. പ്രിൻസിപ്പലും ഹെഡ്മാസ്റ്ററും തമ്മിൽ പ്രശ്നമുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട രാജേന്ദ്രൻ സൂചിപ്പിച്ചു. ഈ സംസ്ഥാനത്ത് ഒരു പ്രശ്നവും നിലനിൽക്കുന്നില്ല. ഇവിടെ പ്രിൻസിപ്പൽ തസ്തിക കൊണ്ടുവന്നതിൽ എന്താണ് തെറ്റ്? അത് അഭിമാനകരമായ ഒരു നേട്ടമായി ഞാൻ കാണുന്നു. സ്പെഷ്യൽ റൂൾ അനുസരിച്ച് ഹയർ സെക്കണ്ടറി മേഖലയിൽ ഭരണം മെച്ചപ്പെടുത്താൻ ഇവിടെ പ്രിൻസിപ്പൽ തസ്തിക കൊണ്ടുവന്നതിൽ ഒരു തെറ്റുമില്ല. മാത്രവുമല്ല, ഇവിടെ പ്രിൻസിപ്പൽമാരായി പ്രൊമോഷൻ ലഭിച്ചുവരുന്നവരും പ്രിൻസിപ്പൽമാരായി തീരുന്നവരും തുടരുമ്പോൾത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഹെഡ്മാസ്റ്റർമാരുടെ തസ്തികകൾ നിലനിർത്താനും തീരുമാനമെടുത്തിട്ടുണ്ട്. എതിർക്കാൻ കഴിയുമോ? ആ നിലയിൽ ആ വിഷയങ്ങളെ പ്രത്യേകിച്ച് കൊണ്ടുപോകുന്നതിന് ഗവൺമെന്റ് എടുത്ത തീരുമാനം ശ്ലാഘനീയമാണ്. നമ്മൾ ഡയറക്ടറേറ്റിനെ സംബന്ധിച്ച് സൂചിപ്പിച്ചു. ഇന്ന് ആറു ലക്ഷത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. മൂന്നു ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതുന്നുണ്ട്. 16,000 പേർ പരീക്ഷ എഴുതിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അത് മൂന്നു ലക്ഷമായി മാറി. പക്ഷേ ഇന്നും ഡയറക്ടറേറ്റിൽ ശേഷിക്കുന്നത് 216 സ്കൂളുകൾ ഉണ്ടായിരുന്നപ്പോൾ അനുവദിച്ച 118 തസ്തികകൾ മാത്രമാണ്. ഒരു എം. എൽ. എ. എന്നുള്ള നിലയിൽ ഞാൻ ഡയറക്ടറേറ്റിൽ പോകാറുണ്ട്. അവിടത്തെ തിരക്കുകളും ബുദ്ധിമുട്ടുകളും ഞാൻ മനസ്സിലാക്കുന്നുണ്ട്. ഡയറക്ടർ എന്നുള്ള നിലയിൽ ഒരാളിന്റെ മാത്രം ഉത്തരവാദിത്വത്തിൽ പോകുന്ന സ്ഥിതിവിശേഷം മാറ്റണം. ഓഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. തസ്തികകൾ സൃഷ്ടിക്കണം. വിദ്യാർത്ഥികളെ സംരക്ഷിക്കണം. ഇന്നുണ്ടായിരിക്കുന്ന വർദ്ധനവ് അനുസരിച്ച് മേഖല തിരിച്ച് ഓഫീസുകൾ ഉണ്ടാക്കണം. കാസർഗോഡുള്ള ഒരു വിദ്യാർത്ഥിക്ക് അടുത്തുള്ള ഒരു സ്കൂളിലേയ്ക്ക് മാറണമെങ്കിൽ തിരുവനന്തപുരത്തെ ഡയറക്ടറേറ്റിൽ വന്ന് അനുവാദം വാങ്ങിച്ച് തിരിച്ചുപോകേണ്ട സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് ഡയറക്ടറേറ്റിനെ ബലപ്പെടുത്തുന്നതിനുവേണ്ടി മേഖലാ ഓഫീസുകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഒരു ലാ ഓഫീസർ ആവശ്യമാണ്. ഏറിയ കേസുകളും ഹൈക്കോടതിയിലേയ്ക്ക് പോകുന്നത് പത്രങ്ങളിൽ വായിക്കാൻ കഴിയും. അതുപോലെ ഒരു പി. ആർ. ഒ. വേണം, സ്റ്റുഡന്റ്സ് സർവ്വീസ് ഓഫീസർ വേണം. കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ഇതൊക്കെ ആവശ്യമാണെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ഹയർ സെക്കന്ററി തലത്തിലുള്ള ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. ഇവിടെ ഇപ്പോൾ യൂത്ത് ഫെസ്റ്റിവൽ തുടങ്ങിയിരിക്കുന്നു. ഒരുപാട് ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ള കാലഘട്ടമുണ്ട്. ആ ആക്ഷേപങ്ങൾ മാറ്റുന്നതിനുവേണ്ടി എടുത്തിട്ടുള്ള തീരുമാനം ശ്രദ്ധിച്ചാൽ വളരെ നല്ലതാണ്. കലാവാസനയുള്ള പാവപ്പെട്ട വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള കലാക്ഷേത്രം ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് രൂപീകരിച്ചത്. അത് ഒരു പ്രത്യേകതയായി എടുത്തു പറയേണ്ടതായിട്ടുണ്ട്. തീർച്ചയായും വിദ്യാഭ്യാസ രംഗത്ത് പുതിയ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. വിദ്യാഭ്യാസരംഗത്തെ അടിമുടി മാറ്റുന്നതിനുവേണ്ടി എടുത്ത തീരുമാനങ്ങളെ എതിർക്കുകയല്ലാതെ കഴിഞ്ഞ ഗവൺമെന്റുമായി താരതമ്യം ചെയ്തു നടത്തിയിട്ടുള്ള ഒരു കാര്യവും ഈ സഭയിൽ ആരും പറഞ്ഞു കേട്ടില്ല. ഇവിടെ നടക്കുന്ന പ്രസംഗങ്ങളിൽ രാഷ്ട്രീയ അതിപ്രസരമാണ് കാണുന്നത്. വിദ്യാഭ്യാസ രംഗത്തുപോലും അത് മാറ്റി നിർത്താൻ തയ്യാറാകുന്നില്ലെങ്കിൽ വരുന്ന തലമുറയുടെ ഭാവിയെക്കുറിച്ച് ആശങ്കയോടെ നമ്മൾ എല്ലാവരും നോക്കി കാണേണ്ടി വരും എന്ന് പറയട്ടെ. കായിക രംഗത്ത് നമ്മൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുകയും മുന്നോട്ട് പോകുകയും ചെയ്യുമ്പോൾ അത് ഏറെ ഊന്നൽ കൊടുക്കേണ്ട ഒരു മേഖലയായി ഞാൻ കാണുന്നു. ഇച്ഛാശക്തിയുള്ള ഭരണാധികാരിയുടെ കയ്യിൽ കായിക വകുപ്പ് ഭദ്രമാണെന്നുള്ളതിന് തെളിവാണിത്. സ്പോർട്സ് മേഖലയിൽ കായിക തൽപ്പരരായ ഒരു തലമുറയെ വാർത്തെടുക്കാൻ ഉതകുന്ന തരത്തിൽ അടിസ്ഥാനപരമായി ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉടച്ചുവാർക്കലിന് തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയേയും സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റിനേയും ഞാൻ അഭിനന്ദിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ ആ മേഖലയെ പരിരക്ഷിച്ചില്ല. നവീനമായ ധാരാളം മാറ്റങ്ങൾ ഈ ഗവൺമെന്റ് വരുത്തി. ഗ്രാമീണ കായിക പരിശീലന കേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ടാക്കി. കാര്യവട്ടത്തെ സെന്റർ ഫോർ എക്സലൻസും എറണാകുളത്തെ സ്പോർട്സ് അക്കാഡമിയും കായിക ഉപകരണങ്ങളുടെ വിതരണവും ഒന്നും നിസ്സാര കാര്യമല്ല. കേരളത്തിലെ സ്കൂളുകളിലേയ്ക്കും ക്ലബ്ബുകളിലേയ്ക്കും ഒരു കോടി രൂപയിലേറെയുള്ള കായിക ഉപകരണങ്ങൾ വിതരണം ചെയ്ത ഒരു ഗവൺമെന്റാണിത്. ആ വകുപ്പിനേയും സ്പോർട്സ് കൗൺസിലിനേയും അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന കോച്ചിംഗ് സെന്ററുകൾ എത്ര ഭംഗിയായിട്ട് മുന്നോട്ടു പോകുന്നു.

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> ഈ വർഷത്തിൽ കായികതാരങ്ങൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചു കൊടുക്കാതിരിക്കുന്നതും അതുപോലെ കോളേജ് അഡ്മിഷന്റെ കാര്യത്തിലും.............

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ഞാൻ അതിലേയ്ക്ക് വരുന്നു. ഇത് കായിക രംഗത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ്. ഇവിടെ എസ്.എസ്.എൽ.സി.ക്ക് ഗ്രേഡ് സിസ്റ്റം കൊണ്ടുവന്നത് നല്ലതുതന്നെ. അതിനെ എതിർക്കുന്നില്ല. വിവിധ കഴിവുകൾ കണ്ടെത്തുന്നതിനുവേണ്ടി ആ നിലയിലുള്ള നിലപാട് സ്വീകരിച്ച ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ, കായിക രംഗത്ത് ദേശീയ-അന്തർദേശീയ-സംസ്ഥാന തലത്തിൽ മികവ് പ്രകടിപ്പിച്ച വിദ്യാർത്ഥികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഗ്രേസ് മാർക്ക് ഇതോടുകൂടി ഇല്ലാതാകുന്ന ഒരു സ്ഥിതിവിശേഷം കാണുന്നുണ്ട്. അതുകൊണ്ട് പൊതുവായി കൊടുക്കുന്ന മാർക്കിൽ നിന്നും വ്യത്യസ്തമായി അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഗ്രേസ് മാർക്ക് ഈ ഗ്രേഡിൽ ആഡ് ചെയ്ത് അവരുടെ ഗ്രേഡ് ഉയർത്തിയില്ലെങ്കിൽ ഈ വിദ്യാർത്ഥികൾക്ക് തുടർപഠനം അസാദ്ധ്യമാകും. നമ്മുടെ കായിക രംഗം തകർച്ചയെ നേരിടും. അതുകൊണ്ട് അതിന് ആവശ്യമായ നിലപാടുകൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വിദ്യാഭ്യാസ രംഗത്ത് എന്നതുപോലെ കായിക രംഗത്തേയും പരിരക്ഷിക്കുവാൻ ഏറെ മാറ്റങ്ങൾ വരുത്തിയ ഒരു ഗവൺമെന്റിനെയാണ് നമ്മൾ കാണുന്നത്. ഇനിയും ഏറെ പ്രതീക്ഷയോടു കൂടിയാണ് നമ്മൾ പോകുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ വകകൊള്ളിച്ച എന്റെ നിയോജക മണ്ഡലത്തിലെ സൈക്കിൾ വെലോഡ്രോമിന്റെയും വോളിബോൾ അക്കാഡമിയുടേയും അതുപോലെതന്നെ ഇടുക്കിയിലെ സായി സെന്ററിന്റെയും പ്രവർത്തനം നടത്തുന്നതിനും അത് മുന്നോട്ടു കൊണ്ടുപോകുന്നതിനുമുള്ള നിലപാട് സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ വിദ്യാഭ്യാസ രംഗത്തെ ഒരു പരാതി മാത്രം പറയട്ടെ ഇടുക്കിയിൽ കഞ്ഞിക്കുഴി പഞ്ചായത്തിൽ വെൺമണി സ്കൂളിന്റെ കാര്യം ഞാൻ നേരത്തേ ഈ സഭയിൽ സൂചിപ്പിച്ചതാണ്. 9 കി.മീറ്ററോളം ദൂരം ഈ സ്കൂളിലേക്ക് നടന്നുപോകേണ്ട ഒരു സ്ഥിതിവിശേഷമുണ്ട്. ആ വെൺമണി യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളായി എയ്ഡഡ് മേഖലയിൽ അനുവദിക്കണം. അതുപോലെ സ്കൂളുകളിൽ അദ്ധ്യാപകർ ഇല്ലാത്ത പ്രശ്നമുണ്ട്. അതുകൊണ്ട് അദ്ധ്യാപകർ ഇല്ലാത്ത സ്ഥലത്ത് അദ്ധ്യാപകരെ നിയമിക്കണം. നല്ല നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന്റെ എല്ലാ മേഖലയിലുമുള്ള പ്രവർത്തനങ്ങളെ പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം തുടങ്ങിയ വകുപ്പുകളിലേയ്ക്കുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. ഞാൻ ആദ്യമായി ബഹുമാനപ്പെട്ട

12 Noon] വിദ്യാഭ്യാസവകുപ്പു മന്ത്രിയേയും അതുപോലെ മുഖ്യമന്ത്രിയേയും അഭിനന്ദിക്കുകയാണ്. സാമ്പത്തിക പ്രയാസങ്ങൾക്ക് നടുവിൽ നിന്നു കൊണ്ട് ഗവൺമെന്റ് 250 ഹൈസ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചു. ഹയർ സെക്കന്ററി സ്കൂളുകളിൽ ഏതാണ്ട് 60 അഡീഷണൽ ബാച്ച് അനുവദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ അശാസ്ത്രീയമായ പ്ലസ് ടു വിതരണം എന്ന് തന്നെ പറയാം, എന്റെ ജില്ലയായ മലപ്പുറം ജില്ലയിൽ 500 മാർക്ക് വാങ്ങിയ കുട്ടികൾക്കുപോലും സയൻസ് ഗ്രൂപ്പ് എടുത്ത് പഠിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിരുന്നു. അതുപോലെ തന്നെ ഡിസ്റ്റിംഗ്ഷനും ഫസ്റ്റ് ക്ലാസും വാങ്ങിയ കുട്ടികൾക്ക് അഡ്മിഷൻ പോലും ലഭിക്കാത്ത സാഹചര്യമായിരുന്നു. മലപ്പുറം ജില്ലയോട് കഴിഞ്ഞ ഗവൺമെന്റ് കാണിച്ച അനീതിയുടെ യഥാർത്ഥ ചിത്രമായിരുന്നു പ്ലസ് ടു സ്കൂൾ അനുവദിച്ചപ്പോൾ എടുത്ത സമീപനം. അതുകൊണ്ടുതന്നെ ഈ പ്രാവശ്യം പ്ലസ് ടു രംഗത്ത് കൂടുതൽ സ്കൂളുകൾ അനുവദിച്ചു. വിദ്യാർത്ഥികൾ അനുഭവിച്ചിരുന്ന പ്രയാസങ്ങൾ മാറ്റിയെടുക്കുവാൻ ഈ ഗവൺമെന്റ് കൂടുതൽ വിദ്യാലയങ്ങൾ അനുവദിച്ചതുവഴി കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ ഇത്തരം തീരുമാനങ്ങൾ എടുത്ത വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും മുഖ്യമന്ത്രിയേയും അഭിനന്ദിക്കാൻ ഒരിക്കൽക്കൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. സ്വാശ്രയ ബില്ലിനെക്കുറിച്ചൊക്കെ വളരെയധികം ചർച്ചകൾ ഈ വേദിയിൽ നടക്കുകയുണ്ടായി. വളരെ ശക്തമായ തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞിരുന്നത് സ്വാശ്രയബിൽ കൊണ്ടുവരും എന്നാണ്. ഈ സഭയിൽ തന്നെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പക്ഷെ സ്വാശ്രയ ബിൽ കൊണ്ടുവന്നപ്പോൾ അതിനെ എതിർക്കുകയും മൂന്ന് ദിവസം ചർച്ചയിൽ പങ്കെടുത്തിട്ട് സ്വാശ്രയ ബില്ലിന്റെ കോപ്പി കീറിക്കളഞ്ഞുകൊണ്ടാണ് ഇടതുപക്ഷം ഇവിടെ നിന്നും ഇറങ്ങിപ്പോയത്. എക്കാലത്തും ശക്തമായ നിലപാടുകൾ ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അതിനെപോലും പിന്തുണയ്ക്കുന്ന ഒരു സമീപനമല്ല ഇടതുപക്ഷം എടുത്തത്. മാർക്സിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം എന്തിനെയും എതിർക്കുക എന്നുള്ള സമീപനമാണുള്ളത്. അത് തന്നെയാണ് സ്വാശ്രയ ബില്ലിന്റെ കാര്യത്തിലും എടുത്തിട്ടുള്ളത്. ആരാണ് ഇതിനെ പിന്തുണയ്ക്കുന്നതെന്ന് ശ്രീ. രാജേന്ദ്രനും ശ്രീ. പിരപ്പൻകോട് മുരളിയുമൊക്കെ ഇവിടെ ചോദിക്കുകയുണ്ടായി. കേരളത്തിലെ ജനങ്ങൾ ഇതിനെ പിൻതുണയ്ക്കും. മാനേജുമെന്റ് എന്തു പറഞ്ഞാലും ഏത് നിലപാട് എടുത്താലും അതിശക്തമായ തീരുമാനം ഈ ഗവൺമെന്റ് എടുക്കും. ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ പിൻതുണയ്ക്കും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. മാനേജുമെന്റുകളെ കൂടുതൽ ബുദ്ധിമുട്ടിക്കാത്ത സമീപനം തന്നെ ഈ ഗവൺമെന്റ് എടുത്തിരിക്കുന്നു. ഗവൺമെന്റ് എടുത്ത സമീപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കാറ്റിൽ പറത്തുന്നതായാൽ അത് ഏത് ഭാഗത്തു നിന്ന് ഉണ്ടായാലും ശരി അതിനെ ശക്തമായി കണ്ടുകൊണ്ട് അത്തരം മാനേജുമെന്റുകൾക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമുക്കറിയാം കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെക്കുറിച്ചാണ് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത്. വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും ഉൾപ്പെടെ വിദ്യാഭ്യാസത്തെക്കുറിച്ച് പറയുമ്പോൾ എല്ലാവരും അതിനെക്കുറിച്ച് ഏറ്റവും ആഴത്തിൽ തലനാരിഴ കീറി മുറിച്ചുകൊണ്ട് ചർച്ച ചെയ്യുന്നു. നമുക്ക് വളരെ സുതാര്യമായി ചെയ്യേണ്ട കാര്യങ്ങൾ ഉണ്ട്. ഒരു വലിയ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് നിലവിലുള്ള റാങ്കിംഗ് സമ്പ്രദായത്തിൽ നിന്നും മാറിനിന്നുകൊണ്ട് നമ്മൾ ഇന്ന് ഗ്രേഡിംഗിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ചെറിയ രീതിയിലുള്ള മാറ്റമല്ല, വലിയ രീതിയിലുള്ള മാറ്റമാണ്. പക്ഷെ ആ വലിയ മാറ്റം സുതാര്യമായിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ രംഗത്ത് എസ്. എസ്. എൽ. സി.-ക്ക് നിലനിൽക്കുന്ന റാങ്കിംഗ് സമ്പ്രദായത്തിൽ നിന്ന് ഗ്രേഡിംഗിലേയ്ക്ക് പോകുമ്പോൾ എല്ലാവർക്കും ആശങ്കയുണ്ടാകും എന്നറിയാം. ആ ആശങ്കയെ സാധൂകരിക്കത്തക്ക രീതിയിലുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പത്താം തരത്തിലെ പുതിയ ഗ്രേഡിംഗിനോട് ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവിനോടനുബന്ധിച്ച് 10-ാം തരത്തിലെ മൂല്യനിർണ്ണയം ഗ്രേഡിംഗ് എന്നുള്ള വികസന രേഖയിൽ ആദ്യത്തെ ഖണ്ഡിക വായിച്ചു കഴിഞ്ഞാൽ സുതാര്യമല്ലാത്ത രീതിയിലുള്ള ഒരു പ്രവർത്തനം നമുക്ക് കാണാൻ കഴിയും. ഞാൻ ഈ സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്, അദ്ധ്യാപകർ ആസൂത്രിതമായി ഒരുക്കുന്ന വിവിധങ്ങളായ പഠനാനുഭവങ്ങളിലൂടെയാണ് പഠിതാക്കൾ ശേഷി കൈവരിക്കുന്നത്. അത് ഓരോ പഠിതാവിനും ഓരോ രീതിയിലായിരിക്കും. എങ്കിലും പഠനാനുഭവത്തിന്റെ ആസ്വാദ്യത അനുസരിച്ച് പഠന പ്രക്രിയയിൽ പഠിതാവിനെ സജീവമാക്കുന്നതിനും വ്യത്യസ്തങ്ങളായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതനുസരിച്ച് പഠനാനുഭവങ്ങളുടെ സ്വാംശീകരണം തൃപ്തികരമാക്കുന്നതിനും സാധിക്കും. പരിഹാരബോധനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ബോധന പ്രക്രിയയിലൂടെ പരമാവധി നിലവാരം ഉറപ്പാക്കി മുന്നോട്ടു പോവുകയാണ് അദ്ധ്യാപകന്റെ കർത്തവ്യം എന്ന് പറയുന്നത്. അത്യന്താധുനിക നോവലുകളിലെ പദപ്രയോഗങ്ങളാണ് ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്. ഇത് സുതാര്യമായി നമ്മുടെ അദ്ധ്യാപകന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കർത്തവ്യങ്ങളെക്കുറിച്ചും വളരെ ലളിതമായി നമുക്ക് പറയാവുന്നതേയുള്ളൂ. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഗ്രേഡിംഗിനേപ്പോലെ വലിയ മാറ്റങ്ങളുണ്ടാക്കുമ്പോൾ അത് ഈ രാജ്യത്തെ രക്ഷിതാക്കൾക്ക് ബോദ്ധ്യപ്പെടുന്ന രീതിയിൽ സുതാര്യമായിരിക്കാനുള്ള പ്രത്യേക ശ്രദ്ധയുണ്ടായിരിക്കണമെന്നാണ്. ഇന്നത്തെ പഠനരീതിയെന്ന് പറയുന്നത് നമുക്ക് അറിയാം, വിദ്യാർത്ഥികളെ മാനസികമായി തകർക്കുന്ന ഒന്നാണ്. വിദ്യാലയത്തിലെ പരീക്ഷയെപ്പോലും അതിജീവിക്കാനുള്ള മാനസികമായ കരുത്തില്ലാതെ, പരീക്ഷയുടെ തോൽവിയുടെ പേരിൽപ്പോലും ഇന്ന് കുട്ടികൾ ഒറ്റപ്പെട്ട് ആത്മഹത്യചെയ്യുന്നു എന്നൊക്കെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് മനക്കരുത്തുകൂടി ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ഇതുപോലുള്ള പഠനരീതി നമ്മൾ കൊണ്ടുവരുന്നത്. പക്ഷെ ഒറ്റപ്പെട്ട ആത്മഹത്യയിൽ നിന്ന് കൂട്ട ആത്മഹത്യയിലേക്ക്



LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം മാറ്റങ്ങൾ പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമുക്ക് അറിയാം, ഇന്ന് കേരളത്തിൽ എല്ലാ മേഖലയിലും മാറ്റത്തിനുവേണ്ടി ഗ്രേഡിംഗ് പോലുള്ള സംവിധാനം ഉണ്ടാകുമ്പോൾ എല്ലാപേരും അതിനെക്കുറിച്ച് വളരെയധികം ആശങ്കയോടുകൂടി നോക്കിക്കാണുന്ന ഒരു സാഹചര്യമുണ്ട്. ഇന്ന് നമുക്കറിയാം പുതിയ ഗ്രേഡിംഗിലൂടെ 13 സബ്ജക്ട്സാണ് പഠിക്കാനുള്ളത്. 650 മാർക്കാണ് 13 സബ്ജക്ട്സിന് കൊടുക്കുന്നത്. മാത്രമല്ല ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കായിട്ട് 250 മാർക്ക് കൊടുക്കുന്നു. ഇന്റേണൽ അസസ്മെന്റ് മാർക്ക് കൊടുക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും തമ്മിൽ നിലനിൽക്കുന്ന സൗഹൃദാന്തരീക്ഷം തകർത്തുകൊണ്ട് അത് സംഘർഷത്തിലേയ്ക്കും കലാപത്തിലേയ്ക്കും പോകുന്ന സാഹചര്യം ഉണ്ടാകുമോയെന്ന് പ്രത്യേകം ശ്രദ്ധിക്കണം. 250 മാർക്കിന്റെ അസസ്സ്മെന്റ് മാർക്ക് കൊടുക്കുന്ന കാര്യം വേണമോയെന്ന് വളരെ ആഴത്തിൽ ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർ, അതുപോലെ ഇവിടെ ഗ്രേഡിംഗിനെക്കുറിച്ച് പറയുമ്പോൾ ഇവിടെപ്പറയുന്ന കാര്യങ്ങൾ 10-ാം ക്ളാസുവരെ പഠിക്കുന്ന കുട്ടികൾ നമ്മുടെ സാധാരണ വീടുകളിൽ നിന്ന് വരുന്നവരാണ്. വീടുകളിലെ പ്രയാസങ്ങളും ദുരിതങ്ങളും അനുഭവിക്കുന്ന കുട്ടികളാണ് ഇന്ന് ഈ ഹൈസ്ക്കൂളുകളിൽ വരുന്നത്. അവർക്ക് ഈ രീതി ഒരു കനത്ത ബാദ്ധ്യതയായി മാറുമോയെന്ന് സംശയിക്കുകയാണ്. ഇന്ന് 10-ാം ക്ളാസ് പരീക്ഷയെഴുതുന്ന കുട്ടികൾക്ക് പഠനത്തെക്കൂടാതെ പ്രോജക്ടുകൾ, അസൈൻമെന്റുകൾ, ക്ളാസ്ടെസ്റ്റുകൾ പ്രാക്ടിക്കൽസ്, സെമിനാറുകൾ, റെക്കോർഡ് കളക്ഷൻ തുടങ്ങി ഒട്ടനവധി ഭാരങ്ങൾ കെട്ടിവയ്ക്കുമ്പോൾ അതൊക്കെ ഏറ്റുവാങ്ങാൻ നമ്മുടെ കുട്ടികൾക്ക് കരുത്ത് ഉണ്ടാകുമോയെന്നുകൂടി ആലോചിക്കണം. ഞാൻ ഇത് ആശങ്കയോടുകൂടി പറയുമ്പോൾ ഈ വിദ്യാഭ്യാസവകുപ്പ് തന്നെ പുറത്തിറക്കിയ വികസന സമീപനരേഖയിൽ പറയുന്നു. ജോലിഭാരം കൂട്ടാനുള്ള സാദ്ധ്യതയുണ്ട് എന്ന്. ഗവൺമെന്റ് ഉത്തരവിൽ തന്നെ അത്പറയുന്നുണ്ട്. അതിനുവേണ്ടി പ്രത്യേക ടൈംടേബിൾ ഇറക്കുമെന്നാണ് പറയുന്നത്. ടൈംടേബിൾ ഇറക്കിക്കൊണ്ട് ജോലിഭാരം കുറയ്ക്കാനുള്ള ശ്രമത്തേക്കാൾ കൂടുതൽ നല്ലത് ആത്യന്തികമായി ജോലിഭാരം കൂടുതലില്ലാത്ത ഒരു പരിഷ്ക്കരണ നടപടിയായിരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഇന്ന് വിദ്യാഭ്യാസ രംഗത്ത് വളരെയേറെ മാറ്റങ്ങൾ നമ്മൾ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങൾക്കനുസരിച്ച് അദ്ധ്യാപകരുടെ നിലവാരവും മാറണം. ഇവിടെ വിദ്യാർത്ഥികളുടെ കഴിവ് പരിപോഷിപ്പിക്കാനുള്ള പ്രവർത്തനം നടക്കുമ്പോൾ ഇന്ന് അദ്ധ്യാപകരിൽ അവരുടെ കഴിവുകൾ കൂട്ടുവാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈയിടെ സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയത് ഏതാണ്ട് 40 ശതമാനം അദ്ധ്യാപകരും പത്രംപോലും വായിക്കുന്നില്ല എന്നാണ്. അവിടംകൊണ്ടും അവസാനിച്ചില്ല ഒരു സർവേയിൽ പറയുന്നത്, അദ്ധ്യാപികമാർ സീരിയലുകളിൽ കുടുങ്ങിക്കിടക്കുന്നു എന്നാണ്. സീരിയലുകളുടെ മാസ്മരിക വലയത്തിൽ നിന്ന് അദ്ധ്യാപികമാരെ രക്ഷപ്പെടുത്താനുള്ള നടപടി ദയവായി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഇത് പറയാൻ കാരണം വിദ്യാഭ്യാസരംഗത്ത് ഡോ. അനന്തമൂർത്തി കമ്മീഷനെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു, ഞാൻ അതിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ കടന്നുപോകുന്നില്ല. പക്ഷെ ഡോ. അനന്തമൂർത്തി കമ്മീഷൻ വളരെ വ്യക്തമായി പറയുന്ന കാര്യം അദ്ധ്യാപകരുടെ പ്രസക്തി വീണ്ടെടുക്കാനുള്ള ശക്തമായ നടപടികൾ ഉണ്ടാകണമെന്നാണ്. അതുകൊണ്ട് അദ്ധ്യാപകരുടെ പ്രസക്തിക്കനുസരിച്ച് അദ്ധ്യാപകരുടെ അറിവ് അവർക്ക് അവരുടെ കോഴ്സ് സമയത്ത് കിട്ടുന്ന അറിവല്ലാതെ കൂടുതൽ അറിവ് ലഭിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനുള്ള അവസ്ഥയുണ്ടാകണം. അതുകൊണ്ട് അദ്ധ്യാപകർക്ക് കൂടുതൽ കോഴ്സുകൾ കൊടുക്കണം. കൂടുതൽ പഠിക്കാനുള്ള അവസരങ്ങൾ ഉണ്ടാകണമെന്ന് ഡോ. അനന്തമൂർത്തി കമ്മീഷൻ പറയുന്നുണ്ട്. അതിന് ഒരു അവസരമുണ്ടാക്കുന്ന കാര്യം കൂടി തീർച്ചയായിട്ടും വളരെ ഗൗരവത്തോടുകൂടിത്തന്നെ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽകുമാർ വിദ്യാഭ്യാസ വകുപ്പിലെ സുതാര്യതയെക്കുറിച്ചാണ് വളരെ ഗൗരവമായി പറയുന്നത്. ഇന്ന് നമ്മുടെ വിദ്യാഭ്യാസ വകുപ്പിലുള്ള ഉദ്യോഗസ്ഥൻമാർ, എ. ഇ. ഒ. ഓഫീസ്, ഡി. പി. ഐ. ഓഫീസ്, ഡയറക്ടറേറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥൻമാർ ചുവന്ന കണ്ണുകളും ചുവന്ന മനസ്സും ചുവന്ന ചിന്തയുമുള്ളവരാണെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമെന്ന് വിശ്വസിക്കുകയാണ്. മാത്രമല്ല, നമ്മുടെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ഒരു കടലാസ് കൊണ്ടുകൊടുത്താൽ അവിടെവരുന്ന മഹാഭൂരിപക്ഷം അദ്ധ്യാപകരും വിദ്യാർത്ഥികളും ജനപ്രതിനിധികളും അനുഭവിക്കുന്ന ബുദ്ധിമുട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയില്ല, ഒരു അദ്ധ്യാപകന്റെ ലീവു പോലും ശരിയായരീതിയിൽ അനുവദിപ്പിക്കാതെ ഇത്രമാത്രം പീഡിപ്പിക്കപ്പെടുന്ന ഒരു ഡയറക്ടറേറ്റ് വേറെയുണ്ടോയെന്നുള്ള കാര്യം സംശയമാണ് എന്നുള്ളത് അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, നേരത്തെ സൂചിപ്പിച്ചു, കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നമുക്കറിയാം, കേരളത്തിൽ മറ്റേതു വിഷയത്തേക്കാളും കൂടുതൽ ചർച്ചചെയ്യപ്പെടുന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗമാണ്. അതുകൊണ്ട് കൊച്ചുകൊച്ചു പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ തലനാരിഴകീറി അതിൽ പരിശോധന നടക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇവിടെ മാറിമാറി വരുന്ന ഗവൺമെന്റുകൾ ഏതായാലും ശരി—ഇന്ന് ഇപ്പോൾ മലയാള മനോരമയിൽ വന്ന കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. നമ്മുടെ പല ഓഫീസുകളിലും ഇന്ന് വളരെ വ്യാപകമായ രീതിയിൽ അഴിമതിയുണ്ടെന്നുള്ള യാഥാർത്ഥ്യം നമുക്കൊക്കെ അറിയാം. അതിനെതിരെ ശക്തമായ നടപടിയാണ് ഇന്ന് നമുക്കാവശ്യം. ഞാൻ അവരുടെ നിറത്തെക്കുറിച്ച് പറയുന്നില്ല. ഏത് നിറമായാലും ശരി ഇതോടൊപ്പം വളരെ ഗൗരവത്തോടുകൂടി കാണേണ്ട മറ്റൊരു കാര്യം കൂടിയുണ്ട്. ഗവൺമെന്റിനേയും വിദ്യാഭ്യാസ വകുപ്പിനേയും കരിതേച്ചുകാണിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ഇന്ന് ഇത്തരം ഓഫീസുകളിൽ നടക്കുന്നുവെന്നുള്ളതുകൊണ്ടുതന്നെയാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ പുറത്തുവരുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് അക്കാര്യത്തിൽ മുഖം നോക്കാതെ നടപടിയുണ്ടാകണമെന്നാണ്. വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന കാര്യത്തിൽ വളരെ

2/945/2012—18

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ നാട്ടുകാരനാണ്. ഇത്രമാത്രം നിഷ്കളങ്കനായ, ജനങ്ങൾക്കിടയിൽ ജീവിക്കുന്ന അപൂർവം മന്ത്രിമാരിൽ ഒരാളാണ് എന്റെ ജില്ലയിൽനിന്നുള്ള വിദ്യാഭ്യാസവകുപ്പ് മന്ത്രി. അങ്ങനെയുള്ള അദ്ദേഹം തീർച്ചയായിട്ടും ഇത്തരം കാര്യത്തിൽ ശക്തമായ നിലപാട് എടുക്കും. അദ്ദേഹത്തിന് അതിന് കഴിയും, അതുകൊണ്ട് ശക്തമായ നിലപാടുകൾ അക്കാര്യത്തിലെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: പ്രിയപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ഗ്രേഡിങ്ങുമായി ബന്ധപ്പെട്ട കാര്യമാണ്. 13-ാമത്തെ പേപ്പർ കമ്പ്യൂട്ടറാണ്. തൊണ്ണൂറ്റിരണ്ടോളം ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ കമ്പ്യൂട്ടറുകളില്ല. 222-ഓളം എയിഡഡ് സ്കൂളുകളിലും കമ്പ്യൂട്ടറുകളില്ല. ഈ കമ്പ്യൂട്ടറില്ലാത്ത സ്കൂളുകളിലെ കുട്ടികൾക്ക് സീറോ മാർക്കാണ് കിട്ടുക. കമ്പ്യൂട്ടറുള്ള സ്കൂളുകളിൽ 100 ശതമാനവും കിട്ടും. അപ്പോൾ ഗ്രേഡിംഗ് എന്ന് പറയുന്നതുതന്നെ അശാസ്ത്രീയമാകാൻ പോകുകയാണ്. എങ്ങനെയാണ് ഈ വർഷം ഗ്രേഡിംഗുമായി ബന്ധപ്പെട്ടുകൊണ്ട് കുട്ടികളെ അനലൈസ് ചെയ്യാൻ കഴിയുക?

ശ്രീ. എ. പി. അനിൽകുമാർ: ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതിപ്രകാരം ഏതാണ്ട് എല്ലാ വിദ്യാലയങ്ങളിലും ഇന്ന് കമ്പ്യൂട്ടർ എത്തിയിട്ടുണ്ട്. ഇല്ലാത്ത സ്ക്കൂളുകളിൽ MLA പ്രാദേശിക വികസന ഫണ്ടും അതുപോലെ തന്നെ എം. പി. ഫണ്ടും ഉപയോഗിച്ചുകൊണ്ട് ആ പ്രശ്നം പരിഹരിക്കാൻ നമ്മളൊക്കെ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുപോലെതന്നെ അദ്ധ്യാപകരുടെ കാര്യത്തിലും വിദ്യാർത്ഥികളുടെ കാര്യത്തിലു മൊക്കെ ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. നമ്മളിവിടെ പറഞ്ഞു, പ്ലസ് ടു നടപ്പാക്കിക്കഴിഞ്ഞപ്പോൾ ഉണ്ടായ പ്രധാനപ്പെട്ട കാര്യം ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റിയുടെ കോളേജുകളിലും നിന്ന് പ്രീഡിഗ്രി എടുത്തുകഴിഞ്ഞപ്പോൾ അധികമായി അദ്ധ്യാപകർ ഉണ്ടായിരുന്നു. അതുകൊണ്ട് അദ്ധ്യാപക നിയമനം വേണ്ട എന്നുപറഞ്ഞുകൊണ്ട് കഴിഞ്ഞ പത്തുവർഷമായി അദ്ധ്യാപക നിയമനങ്ങൾ ഒന്നും കോളേജുകളിൽ നടത്തുന്നുണ്ടായിരുന്നില്ല. അതുകൊണ്ട് ഇന്ന് കേരളത്തിലെ കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപകരില്ലാത്ത ഒരു സാഹചര്യം ഉണ്ട്. കോളേജുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നതിനെ ക്കുറിച്ച് വളരെ ആഴത്തിൽ ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രസക്തമായ കാര്യങ്ങളാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. സ്വാശ്രയ മേഖലയിൽ ഉണ്ടായിരിക്കുന്ന നിയമമടക്കം അംഗീകരിക്കില്ല എന്നുപറഞ്ഞുകൊണ്ട് വിദ്യാഭ്യാസ മേഖലയിലെ ചില പ്രൊഫഷണൽ കോളേജ് മാനേജുമെന്റുകൾ രംഗത്ത് വന്നിരിക്കുകയാണ്. മാനേജുമെന്റുകളുടെ നയമാണ് നമ്മൾ കൂട്ടിവായിക്കേണ്ടത്. കേരളത്തിൽ കാമ്പസ് രാഷ്ട്രീയം വേണ്ട, കലാലയങ്ങളിൽ തെരഞ്ഞെടുപ്പുകൾ വേണ്ട, ഇതൊക്കെ തീരുമാനിക്കപ്പെടുന്നത് കേരളത്തെ വീണ്ടും പഴയ യുഗത്തിലേക്ക് കൊണ്ടുപോകാ നാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: ശ്രീ. കെ.സി. വേണുഗോപാൽ സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഈ നിയമസഭ ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ, ആ തീരുമാനം ഇപ്പോൾ അംഗീകരിക്കാത്ത സമീപനം മാനേജുമെന്റ് എടുക്കുക മാത്രമല്ല, മാനേജുമെന്റ് ഒരു തീരുമാനവും പ്രഖ്യാപിച്ചു. ആരെന്ത് പറഞ്ഞാലും ക്യാമ്പസുകളിൽ ഒരു തരത്തിലുള്ള തെരഞ്ഞെടുപ്പുകളും അനുവദിക്കില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്തരം മാനേജുമെന്റുകൾ സാധാരണക്കാരായ ജനങ്ങളുടെ അധികാരത്തിൽപ്പോലും കൈവയ്ക്കുന്ന ഒരു സമീപനം എടുത്തുകഴിഞ്ഞു. അത് വളരെ ദോഷകരമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീ. എം. വി. ജയരാജൻ: ഈ മാനേജുമെന്റുകളെ ഇളക്കുന്നത് ഈ മന്ത്രിസഭയിലെ തന്നെ ഒരംഗമായ ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിലാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. പി. അനിൽകുമാർ: കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗത്തുണ്ടാക്കുന്ന മാറ്റങ്ങൾ സുതാര്യമാക്കണം, കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ, ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് സൂചിപ്പിച്ചതുപോലെ, വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ മാറ്റത്തിന്റെ കാലഘട്ടമെന്ന് വിശേഷിപ്പിക്കാവുന്നത് ഈ ഐക്യ ജനാധിപത്യമുന്നണിയുടെ കാലഘട്ടമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത വിദ്യാഭ്യാസ വകുപ്പിനേയും ഗവൺമെന്റിനേയും, ഞാൻ അഭിനന്ദിക്കുകയാണ്. സ്പോർട്ട്സ് വകുപ്പിന്റെ കാര്യത്തിൽ മലപ്പുറം ജില്ല ഫുട്ബോളിന് പേരുകേട്ട ജില്ലയാണ്. സ്പോർട്ട്സ് വകുപ്പ് മലപ്പുറം ആസ്ഥാനമാക്കി ഒരു സ്റ്റേഡിയംപോലും ഉണ്ടാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇന്നുതന്ന കുറിപ്പിൽ പരാമർശിച്ചിട്ടുപോലുമില്ല. സ്പോർട്ട്സിൽ മലപ്പുറം ജില്ലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. അത് കണക്കിലെടുത്ത് ശക്തമായ നടപടികൾ, സ്റ്റേഡിയം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. വിദ്യാഭ്യസ രംഗത്ത്, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു കുതിച്ചുചാട്ടമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുവേണ്ട നടപടികൾ സ്വീകരിച്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം വനത്തിൽ കയറിയാലും കരിയില മാത്രം കാണുന്ന പ്രകൃതിയാണ്. ഇടതൂർന്ന മരങ്ങളും പൂഞ്ചോലകളും ഒന്നും കാണാതെ കരിയിലമാത്രം ഉണ്ടെന്ന് പ്രഖ്യാപിച്ചു നടക്കുന്ന രീതിയിലാണ് വിദ്യാഭ്യാസ നയത്തെ അവർ എതിർക്കുന്നത്. ഇവിടെ കഴിഞ്ഞ അഞ്ചു വർഷം ഭരിച്ചിട്ടും, അന്യ സംസ്ഥാനങ്ങളിൽ 35 ലക്ഷം രൂപയും 45 ലക്ഷം രൂപയും കൊടുത്ത് കുട്ടികൾ അഡ്മിഷൻ നേടിയപ്പോൾ ഒരു സീറ്റിലെങ്കിലും ഈ സംസ്ഥാനത്തെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടാക്കാത്തവരാണ് ഇപ്പോൾ ഈ നയത്തെ എതിർക്കുന്നത്. ഈ സംസ്ഥാനത്ത് 19,000 എഞ്ചിനിയറിംഗ് സീറ്റുകളാണ് ഇപ്പോഴുള്ളത്. 56 എഞ്ചിനിയറിംഗ് കോളേജുകളിൽകൂടി ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിരിക്കുന്നത്. 28 ഗവൺമെന്റ് കോളേജുകൾക്ക് തുല്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇത് കാണാതെയാണ് അവർ എതിർക്കുന്നത്. അതോടൊപ്പം ഇവിടെയൊരു പുകമറ സൃഷ്ടിച്ചിരിക്കുകയാണ്. കൊടുക്കാത്ത കൈക്കൂലിക്കും വാങ്ങാത്ത കൈക്കൂലിക്കും പുകമറ സൃഷ്ടിക്കുകയല്ലാതെ വിദ്യാഭ്യാസരംഗത്ത് ഏതെങ്കിലും ഒരു അഴിമതിയുണ്ടെന്ന് തെളിയിക്കുവാൻ സാധിച്ചിട്ടുണ്ടോ? അവരുടെ കാലത്തെ 356 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒരോന്നിലും അഴിമതി യുണ്ടെന്ന് കേരള ഹൈക്കോടതി പ്രഖ്യാപിച്ചു. അന്ന് ഒരു മന്ത്രിയേയും തടയാൻ എസ്.എഫ്.ഐ.-ക്കാരേയും ഡി.വൈ.എഫ്.വൈ.-ക്കാരേയും റോഡിൽ കണ്ടില്ല. അതിനു ശേഷം ഇവിടെ ഗൂഢാലോചന തന്നെ. മെഡിക്കൽ കോളേജുകളും, നേഴ്സിംഗ് സ്കൂളുകളും അങ്ങനെ എത്രയെത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അതിനെല്ലാംകൂടി 2,000 കോടി രൂപയുടെ നിക്ഷേപമാണ് ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നത്. 60,000 തൊഴിലവസരങ്ങളാണ് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ കേരളത്തിലുണ്ടായിരിക്കുന്നത്. ഇതു കൂടാതെ 106 കോളേജുകളിൽ ആദ്യ വർഷം പുതിയ കോഴ്സുകൾ തുടങ്ങിയിട്ടുണ്ട്. രണ്ടാമത്തെ വർഷം 56 കോളേജുകളിൽ തുടങ്ങിയിട്ടുണ്ട്. 93 കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളാണ് തുടങ്ങിയത്. കൂടാതെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളും അപ്ലൈഡ് സയൻസ് കോളേജുകളും തുടങ്ങി. എൽ.ബി.എസ്.-ന്റെ ആഭിമുഖ്യത്തിൽ വനിതാ കോളേജുകൾ തുടങ്ങി. ഞാൻ പറഞ്ഞുവന്നത്, ഇവർ പുകമറ സൃഷ്ടിക്കു കയാണ്. ആരെങ്കിലും മരിച്ചാൽ പോലും പ്രത്യേക വകുപ്പിന്റെ കുഴപ്പമാണെന്ന രീതിയിലാണ്. പാർലമെന്റിൽ ചോദ്യമുണ്ടായിരുന്നത് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ കർഷകരുടെ ആത്മഹത്യാ നിരക്ക് കൂടിയിട്ടുണ്ടോ എന്നാണ് അതിന്റെ കണക്ക് നിരുത്തരവാദപരമായി കൊടുക്കാൻ സാധിക്കുകയില്ല. മുമ്പുള്ള കണക്കുകൾ ശേഖരിച്ചുകൊടുക്കണം. ആ കണക്കുകൾ ശേഖരിച്ചു വരുന്നു എന്ന് മാത്രമാണ് സംസ്ഥാന ഗവൺമെന്റ് കൊടുത്തിരുന്നത്. കാര്യങ്ങൾ അന്വേഷിക്കാതെ ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ കൊണ്ടുവരരുത്. ഇവിടെ ഈ ഗവൺമെന്റ് എടുത്തിരിക്കുന്ന തീരുമാനമെന്താണ്? ഒരൊറ്റ കർഷകന്റെ പേരിലും കടത്തിന്റെ പേരിൽ ജപ്തി നടപടി എടുക്കാൻ പാടില്ല എന്നാണ്. കോ-ഓപ്പറേറ്റീവ് മേഖലയിൽ നിന്നുപോലും കടമെടുത്ത ആളുകൾക്ക് ജപ്തിയുടെ പേരിൽ നോട്ടീസ് കൊടുത്ത നടപടി കേരളത്തിലുണ്ടായിട്ടില്ല. ഈ ഗവൺമെന്റ് ഇത് തീരുമാനിച്ച സ്ഥിതിക്ക് എന്തിനാണ് ഈ പുകമറ സൃഷ്ടിക്കുന്നത്? ഈ പുകമറ സൃഷ്ടിക്കലല്ലാതെ മറ്റൊന്നും നടക്കുന്നില്ല. അതോടൊപ്പംതന്നെ കേരളത്തിലെ സ്പോർട്ട്സ് രംഗത്ത് വമ്പിച്ച മാറ്റം വരുത്തിയ ഒരു ഗവൺമെന്റാണ് ഇത്. ഗ്രാമീണ തലങ്ങളിൽ പോലും സ്പോർട്ട്സ് സെന്ററുകൾ തുടങ്ങിയ മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പ്രത്യേകമായി ഒരു കാര്യം പറയാനുണ്ട്. 2000-ൽ ശിവഗിരി മഠത്തിന്റെ മാനേജുമെന്റിലുള്ള സ്കൂളിൽ കേരള ഗവൺമെന്റ് ഹയർ സെക്കണ്ടറി നടത്താൻ അനുവദിച്ചതാണ്. ഏറ്റവും നല്ല കെട്ടിടം നിർമ്മിച്ച് അദ്ധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികൾ പഠനം നടത്തി. ഇട്ടിത്താനം ഹൈസ്കൂൾ കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വിജയശതമാനം കൂടുതലാണെന്ന കാരണത്താൽ അവർക്കുകൂടി ഒരു ഹയർ സെക്കണ്ടറി കൊടുക്കുമ്പോൾ ഒരു ബാച്ച് വിത്ഡ്രാ ചെയ്തു കൊടുക്കാനാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ്.



LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ ഗവൺമെന്റ് മുഴുവൻ ബാച്ചും വിത്ഡ്രാ ചെയ്തു. ശിവഗിരി മഠത്തിന്റെ മാനേജുമെന്റിലുള്ള സ്കൂളിനെ ഇല്ലാതാക്കിയ നടപടി മാറണം. ഹൈക്കോടതി ഒരു ബാച്ച് മാത്രമാണ് പറഞ്ഞിട്ടുള്ളത്. അത് കൊടുക്കണമെന്നാണ് പറയാനുള്ളത്. ബഡ്ജറ്റിൽ 50 ലക്ഷം രൂപ ചെമ്പഴന്തി ശ്രീനാരായണ പഠനകേന്ദ്രത്തിന് നീക്കിവച്ചിട്ടുണ്ട്. ചെമ്പഴന്തി ശ്രീനാരായണ പഠനകേന്ദ്രത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ താൽപര്യപ്രകാരംതന്നെ 50 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനൊരു സ്പെഷ്യൽ ഓഫീസറെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. അത് പ്രാവർത്തികമാക്കാനുള്ള നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. ഊർജ്ജസ്വലരായ നാല് മന്ത്രിമാരുടെ വകുപ്പുകളിലേയ്ക്കു വേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ പിന്താങ്ങി സംസാരിക്കുമ്പോൾ, വിദ്യാഭ്യാസ വകുപ്പിലെ കാര്യം മാത്രം പരിശോധിച്ചാൽ കഴിഞ്ഞ മൂന്നു വർഷക്കാലം വിദ്യാഭ്യാസവകുപ്പിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധാരാളം സൗകര്യങ്ങൾ വിദ്യാഭ്യാസ വകുപ്പിന് ഉണ്ടാക്കിക്കൊടുത്ത കാലഘട്ടമാണ്. അതിന്റെ വിശദമായ കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. 84 എഞ്ചിനിയറിംഗ് കോളേജുകളിലായി 19,513 സീറ്റുകൾ ഇന്ന് ഈ സംസ്ഥാനത്ത് വിദ്യാഭ്യാസത്തിനു വേണ്ടി ലഭ്യമാണ്. ഇത് കാണുമ്പോൾ ആ രംഗത്ത് എത്രയോ വലിയ നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ബോദ്ധ്യമാകുന്നു. എം.ബി.എ. ആണെങ്കിലും, എം.സി.എ. ആണെങ്കിലും, വൊക്കേഷണൽ ഹയർ സെക്കണ്ടറിയാണെങ്കിലും ഇതിന്റെയൊക്കെ ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്ലസ് ടു സ്ക്കൂളുകളിൽ നിയമിച്ച അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം കൊടുത്ത ഗവൺമെന്റ് എന്ന നിലയിൽ നേട്ടം കൊയ്ത ഗവൺമെന്റാണിത്. അതോടൊപ്പംതന്നെ അത്താഴപ്പട്ടിണിക്കാരായ ആയിരത്തോളം ലാബ് അസിസ്റ്റന്റുമാരുണ്ട്. നാലുപേരെ വച്ച് നിയമിക്കാൻ അന്നത്തെ ഗവൺമെന്റ് അധികാരം കൊടുത്തതനുസരിച്ച് എല്ലാ സ്ഥലത്തും മാനേജർമാർ നിയമിച്ചു. ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്ത അന്നു മുതൽ ഈ ലാബ് അസിസ്റ്റന്റുമാർ മന്ത്രിയുടേയും ഞങ്ങളുടേയുമൊക്കെ അടുക്കൽ വന്ന് കേഴുകയാണ്, അവർക്ക് അംഗീകാരം വേണം. അഞ്ചു വർഷമായി ഒരു നയാപൈസ ശമ്പളമില്ലാതെ വീട്ടിൽനിന്നും മറ്റേതെങ്കിലും മാർഗ്ഗത്തിൽ പണം സമ്പാദിച്ച് ഉപജീവനം നടത്തുന്ന ഈ ലാബ് അസിസ്റ്റന്റുമാരോടുള്ള ക്രൂരത അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ ഒരു വിധിയിലൂടെ പറഞ്ഞു, അവരുടെ നിയമനത്തിന് അംഗീകാരം കൊടുക്കണമെന്ന്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിലെങ്കിലും, അങ്ങ് ഇക്കാര്യത്തിൽ തൽപരനാണെന്ന് എനിക്കറിയാം. ചില ശക്തികൾ അതിനെ എതിർക്കുന്നു. ആ ശക്തികൾ ആരുതന്നെയായാലും ജീവിക്കാൻ വേണ്ടി പണിയെടുക്കുന്ന പാവപ്പെട്ട ലാബ് അസിസ്റ്റന്റുമാരുടെ കാര്യത്തിൽ തീരുമാനം ഉണ്ടാകണം. നിയമസഭയ്ക്ക് അങ്ങ് ഉറപ്പു നൽകിയാൽ മതി. അതുപോലെതന്നെ ലൈബ്രറി അറ്റൻഡർമാരായി നിയമിച്ച ആളുകൾക്ക് ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം കൊടുത്തിട്ടില്ല. അവർക്ക് ശമ്പളം കൊടുക്കുന്നില്ല. വെറുതെ പണിയെടുപ്പിക്കുകയാണ്. ഒരു കാര്യം ചെയ്താൽ മതി. അംഗീകരിക്കാൻ പറ്റുന്നില്ലെങ്കിൽ അവരെ പിരിച്ചുവിടണം. അവർ ഇങ്ങനെ നിൽക്കുന്നു, പണിയെടുക്കുന്നു. ഇന്ന് ശമ്പളം കിട്ടും, നാളെ ശമ്പളം കിട്ടുമെന്നുള്ള രീതിയിൽ പണിയെടുക്കുകയാണ്. അതുപോലെതന്നെ പ്രധാനമായും വിദ്യാഭ്യാസ നയമെന്താണ്? ഗവൺമെന്റ് മേഖലയിലോ എയിഡഡ് മേഖലയിലോ ഇനി വിദ്യാഭ്യാസത്തിന് വേണ്ടി മുടക്കാൻ പണമില്ല. എയിഡഡ് സ്ക്കൂളുകളിലും അൺ-എയിഡഡ് ബാച്ചുകൾ കൊടുക്കാമെന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമല്ലേ? അങ്ങേയ്ക്ക് ഒരുപക്ഷേ ഓർമ്മയുണ്ടാകും. ഓരോ കഥകളും ഞാൻ പറയുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലെ ഒരു സ്ക്കൂളിൽ 2003-04 വർഷത്തിൽ അൺ-എയിഡഡ് ബാച്ച് തുടങ്ങാനുള്ള അനുവാദത്തിനുവേണ്ടി ബഹുമാന്യനായ മന്ത്രിയെ സമീപിച്ചു. വളരെ മഹാമനസ്കതയോടുകൂടി മന്ത്രി പറഞ്ഞു, നിങ്ങൾ ധൈര്യമായി തുടങ്ങിക്കോളൂ, ഞാൻ അനുവാദം തന്നോളാം. അൺ-എയിഡഡ് ബാച്ച് അനുവദിക്കാൻ യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഗവൺമെന്റിനില്ല. അവിടെ 45 കുട്ടികളെ പ്രവേശിപ്പിച്ചു. ക്ലാസ് തുടങ്ങി. വീണ്ടും അവർ വന്നു. ഞങ്ങൾക്ക് അംഗീകാരം കിട്ടിയില്ല. അപ്പോൾ മന്ത്രി പറഞ്ഞു, തീർച്ചയായും അംഗീകാരം നൽകാം. നിങ്ങൾ നടത്തിക്കോളൂ. അതിനുശേഷം മന്ത്രി രോഗബാധിതനായി. പിന്നീട് കാര്യങ്ങളൊന്നും നടക്കാതെ പോയി. അങ്ങ് രോഗവിമുക്തനായി വന്നതിനുശേഷം അവർ വന്നുപറഞ്ഞു, ഞങ്ങൾ ക്ലാസ് തുടങ്ങി, ഞങ്ങൾക്ക് അംഗീകാരം നൽകണമെന്ന്. അപ്പോൾ ഇതിന് അംഗീകാരം കൊടുക്കണമെന്ന് അങ്ങ് എത്രയോ പ്രാവശ്യം ഉത്തരവിട്ടു. ആ ഉത്തരവ് മാനിക്കാൻ അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ തയ്യാറായിട്ടുണ്ടോയെന്ന് പരിശോധിക്കണം. അങ്ങയേയും, ഈ ഗവൺമെന്റിനേയും, ഗവൺമെന്റിന്റെ നയങ്ങളേയും ആക്ഷേപിക്കുവാനും അട്ടിമറിക്കുവാനുംവേണ്ടി ചില ഉദ്യോഗസ്ഥൻമാർ പ്രവർത്തിക്കുന്നു. അതെക്കുറിച്ച് അന്വേഷിക്കാൻ പോകുന്ന ആളുകളെ പുലഭ്യം പറയുന്ന, സന്യാസിമാരെപ്പോലും പുലഭ്യം പറയുന്ന സമീപനവുമായി ചില ഉദ്യോഗസ്ഥൻമാർ രംഗത്ത് വന്നാൽ അത് ഈ ഗവൺമെന്റിന് ആക്ഷേപമുള്ള കാര്യമല്ലേ? അങ്ങ് അത് പരിശോധിക്കണം. അൺ-എയിഡഡ് ബാച്ചിന് ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉള്ളതല്ല. അത് അംഗീകരിക്കണമെന്ന് മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ സൗകര്യക്കുറവുകളെക്കുറിച്ച് ശ്രീ. റോഷി അഗസ്റ്റിൻ സൂചിപ്പിച്ചു. ഞാൻ ഈ നിയമസഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവന്നത് ഓർക്കുകയാണ്. അന്ന് അതിന് മറുപടിയായി വിദ്യാഭ്യാസ മന്ത്രി പറഞ്ഞു, ഈ ബുദ്ധിമുട്ട് മനസ്സിലാക്കുന്നു, ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട് മേഖലാ ഓഫീസുകൾ തുടങ്ങുവാൻ, വേണ്ടിവന്നാൽ വിദ്യാഭ്യാസ ജില്ലാ ഡെപ്യൂട്ടി ഡയറ്കടർ ഓഫീസുകളിലേക്ക് ഇത് വീതംവച്ച് കൊടുത്ത് ആളുകളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ ശ്രമിക്കുമെന്ന്. ആ മറുപടി പറഞ്ഞിട്ട് വർഷം ഒന്നിലേറെയായി. ഇനിയും നടപടികളുണ്ടായിട്ടില്ല. ആ ഡയറക്ടറേറ്റിൽ പോയി നോക്കുന്ന ആളുകൾക്കറിയാം ബുദ്ധിമുട്ട്. വല്ലപ്പോഴുമെങ്കിലും ബഹുമാന്യനായ മന്ത്രി ഹയർ സെക്കന്ററി ഡയറക്ടറേറ്റിലേക്ക് ഒരു മിന്നൽ പരിശോധനയ്ക്ക്വേണ്ടി പോകണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവിടെയുള്ള കഷ്ടപ്പാട് കാണുമ്പോൾ മനസ്സലിയും. അങ്ങ് കരുണാമയനായ ഒരു മനുഷ്യനാണെന്ന് എനിക്കറിയാം. അതുകൊണ്ട് അങ്ങയുടെ മനസ്സലിയും. അടിയന്തിരമായി അവിടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. സാംസ്ക്കാരിക വകുപ്പിൽ ഊർജ്ജസ്വലനായ മന്ത്രിയാണ് ഇപ്പോഴുള്ളത്. അദ്ദേഹം ഇപ്പോൾ സാംസ്കാരികമായ കുറേ പ്രവർത്തനങ്ങൾക്ക് ശേഷം ലോകമലയാളി സമ്മേളനത്തിന് പോലും പോയി നമ്മുടെ മലയാളി സംസ്ക്കാരത്തിന്റെ തനിമ അവിടെയുള്ള ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തിയശേഷം മടങ്ങിവന്ന് ഈ ചർച്ചയിൽ പങ്കെടുക്കുകയാണ്. അങ്ങേയ്ക്ക് അഭിമാനിക്കുവാൻ വളരെയേറെ കാര്യങ്ങളുണ്ട്. പ്രഖ്യാപനങ്ങളിൽമാത്രം ഒതുങ്ങിയിരുന്നതിൽനിന്ന് വിരുദ്ധമായി സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തിൽ ധീരമായ കാൽവെയ്പ് നടത്താൻ ഊർജ്ജസ്വലനായ മന്ത്രി തയ്യാറായി. ഇവിടെ അവശ കലാകാരൻമാർ ഏറെ കഷ്ടപ്പെടുന്നവരാണ്. 400 രൂപ പെൻഷൻ കൊടുക്കുന്നുണ്ട്. കലാകാരൻമാരുടെ ക്ഷേമത്തിനായി ഒരു നിധി അടിയന്തിരമായി സ്വരൂപിക്കണം. കലാകാരൻമാരും സാഹിത്യകാരൻമാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിഹാരമുണ്ടാക്കണം. ഇവിടെ വകുപ്പുമന്ത്രി ഇല്ലെങ്കിൽപ്പോലും പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട്, ബഹുമാന്യനായ ബാബുവിനും അറിയാം തൃപ്പൂണിത്തുറ ഹിൽപാലസ് നമ്മുടെ ജില്ലയിലാണല്ലോ? ആ ഹിൽപാലസിൽ ഒരു ഹെറിറ്റേജ് മ്യൂസിയം തുടങ്ങണമെന്ന ആവശ്യം വളരെക്കാലമായി ഉള്ളതാണ്. ഇവിടെയും പലപ്പോഴും പറഞ്ഞ താണ്. ഇനിയും അതിന് അമാന്തം വിചാരിച്ചുകൂടാ. അതുപോലെതന്നെ തൃശ്ശൂരിലെ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ ഒരു പുരാവസ്തു മ്യൂസിയം ഉണ്ടാക്കണമെന്നുള്ള ആവശ്യം ഈ നിയമസഭയിൽ പലരും ഉന്നയിച്ചിട്ടുള്ളതാണ്. അത് നടപ്പിലാക്കിയിട്ടില്ല. അതുപോലെ തൃശ്ശൂരിലെ മൃഗശാല പട്ടണത്തിന്റെ നടുവിൽ നിന്ന് പുത്തൂരിലേയ്ക്ക് മാറ്റണമെന്നുള്ള ആവശ്യം വളരെക്കാലമായി ഇവിടെ മുഴങ്ങി കേൾക്കുന്നതാണ്. ഇനിയും അതിന് പരിഹാരമുണ്ടായിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ട വകുപ്പെന്നുള്ള നിലയിൽ സ്പോർട്ട്സ് വകുപ്പിനെക്കുറിച്ച് ഒരു വാക്ക് പറയാതെ പോയാൽ പറ്റില്ല. വളരെ പ്രധാനപ്പെട്ട കാര്യമാണ്. എസ്.എസ്.എൽ.സി. ഗ്രേഡിംഗ് സമ്പ്രദായം ഞാൻ സ്വാഗതം ചെയ്യുകയാണ്. ഗ്രേഡിംഗ് സമ്പ്രദായം വരുമ്പോൾ ഇവിടെ എന്റെ സ്നേഹിതൻ പറഞ്ഞ കാര്യം ഒരിക്കൽകൂടി ആവർത്തിക്കട്ടെ, സ്പോർട്ട്സ് ക്വോട്ട സംവരണം നിർത്തലാക്കരുത്. അങ്ങ് കൂടി അറിയേണ്ടതാണ്. ഇവിടെ പ്ലസ് വൺ പ്രവേശനത്തിന് എല്ലാ സ്ക്കൂളുകളിലും 5 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. ഗ്രേഡിംഗ് സമ്പ്രദായം വരുമ്പോൾ ആ സംവരണം നിർത്തലാക്കുന്നു. ആ സംവരണം ഒരു കാരണവശാലും നിർത്തലാക്കുവാൻ ശ്രമിക്കരുത്. സ്പോർട്ട്സ് വകുപ്പ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിന്റെ ഹൃദയഭാഗത്തുള്ള നർമ്മദ കോളേജിൽ ഒരു സ്പോർട്ട്സ് ഹോസ്റ്റൽ തുടങ്ങണമെന്ന ആവശ്യം അങ്ങയുടെ പരിഗണനയിലുള്ളതാണ്. ഏതാണ്ട് 15-ഓളം ദേശീയ നിലവാരമുള്ള കായിക താരങ്ങൾ പഠിക്കുന്ന കോളേജിൽ സ്പോർട്ട്സ് ഹോസ്റ്റൽ തുടങ്ങുവാനുള്ള അനുമതി നൽകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ഞാൻ വളരെ സന്തോഷപൂർവ്വം പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. ഡി. മുസ്തഫ: സർ, വിദ്യാഭ്യാസം, കല, സംസ്ക്കാരം, കായികവിനോദം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിൻതുണയ്ക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഈ വകുപ്പുകളുടെ പ്രവർത്തനത്തെ നിഷ്പക്ഷമായി വിലയിരുത്തുകയാണെങ്കിൽ, തീർച്ചയായിട്ടും, തൃപ്തികരമായി ഈ നാല് വകുപ്പുകൾക്കും പോകാൻ കഴിഞ്ഞുവെന്ന വസ്തുത നിസ്തർക്കമാണ് എന്ന് ഞാൻ സൂചിപ്പിക്കട്ടെ. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ഒരു സമുദ്രം പോലെ വിശാലമായി കിടക്കുന്ന ഒരു വകുപ്പായി അത് മാറിയിരിക്കുന്നു. വിദ്യാഭ്യാസം സാർവ്വത്രികമായി മാറിയതോടു കൂടി മൂന്ന് വയസ്സ് മുതൽ ഇരുപത് വയസ്സ് വരെയുള്ള വ്യക്തികൾ ഈ വകുപ്പുമായി ഇന്ന് ബന്ധപ്പെട്ട് കിടക്കുകയാണ്. ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ, പതിനായിരക്കണക്കിന് അദ്ധ്യാപകൻമാർ, ആയിരക്കണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുണ്ട്. തീർച്ചയായും ഈ വകുപ്പ് നന്നായി മുന്നോട്ടുപോകണമെങ്കിൽ അതിശക്തമായ പ്രവർത്തനം ആവശ്യമാണ്. കഠിനമായി അദ്ധ്വാനിക്കുന്ന, വിനയാന്വിതനായ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ മൂന്ന് വർഷക്കാലത്തെ പ്രവർത്തനം കൊണ്ട് സ്തുത്യർഹമായ സേവനമാണ് നമ്മുടെ സംസ്ഥാനത്ത് നടത്തിയതെന്ന് ഞാൻ സൂചിപ്പിക്കട്ടെ. ഒരു വകുപ്പുമന്ത്രിയെ ഈ ഭാരിച്ച ചുമതലകൾ ഏൽപ്പിക്കുക എന്നത് ഒരുതരത്തിൽ ക്രൂശിക്കുന്നതിന് തുല്യമാണെന്ന് ഓർമ്മിപ്പിക്കട്ടെ 2006-ൽ നിയമസഭയിലേയ്ക്ക് പുതിയ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ കടന്നുവരുന്ന ഗവൺമെന്റ്, ഏതുതന്നെയായാലും, മറ്റ് സംസ്ഥാനങ്ങളുടെ മാതൃക സ്വീകരിച്ച് രണ്ട് വകുപ്പായി വിദ്യാഭ്യാസ വകുപ്പിനെ മാറ്റുന്നതിനെ കുറിച്ച് ആലോചിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ സ്ഥാപനങ്ങൾ ധാരാളമായി അനുവദിച്ച വസ്തുത നമുക്കറിയാം. വ്യക്തിപരമായി നമ്മളൊന്നും തന്നെ ഈ സ്വാശ്രയ സ്ഥാപനങ്ങളെ അനുകൂലിക്കുന്നവരല്ല. പക്ഷേ സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട്, പ്രത്യേകിച്ച് ശാസ്ത്ര സാങ്കേതിക രംഗത്ത് വിസ്മയകരമായി മുന്നേറ്റം നടത്തുന്ന ഒരു കാലഘട്ടത്തിൽ, ഇലക്ട്രോണിക്സിന്റെ മാസ്മരിക യുഗത്ത് അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തെ വ്യക്തികൾക്ക് നൽകണമെങ്കിൽ കേരളത്തിന്റെ സാമ്പത്തികമായ അവസ്ഥ കണക്കിലെടുത്തുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. നമുക്കറിയാം, നാലും അഞ്ചും വർഷങ്ങൾക്ക് മുമ്പ് കർണ്ണാടകത്തിലെയും തമിഴ്നാട്ടിലെയും കോളേജുകൾക്ക് ലക്ഷക്കണക്കിന് രൂപ നൽകിക്കൊണ്ടായിരുന്നു നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ മെഡിക്കൽ വിദ്യാഭ്യാസവും എഞ്ചിനീയറിംഗ് വിദ്യാഭ്യാസവും പൂർത്തീകരിച്ചിരുന്നതെങ്കിൽ ഇന്ന് ഇവിടെ അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ നേടാൻ കഴിഞ്ഞുവെന്നുള്ളത് തീർച്ചയായും നല്ലൊരു കാര്യമാണ്. പക്ഷേ ഈ സ്വാശ്രയ സ്ഥാപനങ്ങൾ ഇന്ന് ഒരു വെല്ലുവിളിയുമായി കടന്നുവന്നിരിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകൾ 15-ാം തീയതി മുതൽ പൂട്ടികിടക്കുമെന്നാണ് പറയുന്നത്. ന്യൂനപക്ഷത്തിന്റെ പേർ പറഞ്ഞുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ, സർക്കാരിന്റെ തീരുമാനത്തെ ലംഘിക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ, തീർച്ചയായും, അതിനെതിരെ ശക്തമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പ്ലസ്ടുവിന്റെ കാര്യത്തിൽ നമ്മുടെ ഗവൺമെന്റ് വളരെ നല്ല കാര്യങ്ങൾ ചെയ്തുവെന്ന് നമുക്ക് ഏവർക്കും അറിയാം. എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർത്ഥികൾക്കെല്ലാംതന്നെപ്ലസ്ടുവിലേയ്ക്ക്അഡ്മിഷൻ കിട്ടാവുന്നരൂപത്തിൽ,പ്രത്യേകിച്ച്, സംസ്ഥാനത്തെ മിക്കവാറും സർക്കാർ സ്ക്കൂളുകളിൽ എല്ലാം തന്നെ പ്ലസ് ടു ഇന്ന് അനുവദിച്ചിരിക്കുകയാണ്. മറ്റൊരു കാര്യം ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നത് എല്ലാ പഞ്ചായത്തുകളിലും ഒരു പ്ലസ് ടു സ്ക്കൂളെങ്കിലും വേണമെന്ന തീരുമാനം എടുത്തവസ്തുത സൂചിപ്പിക്കട്ടെ. പക്ഷേ എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് ഗ്രാമ പഞ്ചായത്തുകളിൽ, പായം ഗ്രാമപഞ്ചായത്തിലും അയ്യങ്കുന്ന് ഗ്രാമപഞ്ചായത്തിലും ഗവൺമെന്റ് സ്ക്കൂളുകൾ ഇല്ല. അതുകൊണ്ട് തന്നെ അവിടെ പ്ലസ് ടു സംവിധാനമില്ല. അത്തരം ഗ്രാമ പഞ്ചായത്തുകളിൽ പ്ലസ് ടു ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ സ്ക്കൂളുകൾ ഇല്ലെങ്കിൽ അവിടെ എയ്ഡഡ് സ്ക്കൂളുകൾക്ക് പ്ലസ് ടു കൊടുക്കാനുള്ള ഒരു തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ചില മെമ്പർമാരൊക്കെ പറഞ്ഞ കാര്യം ഞാനും ആവർത്തിക്കുകയാണ്. ഈ പ്ലസ് ടു വിദ്യാഭ്യാസം നിയന്ത്രിക്കുന്നതുതന്നെ ഒരു ഡയറക്ടറേറ്റാണ്. കാസർഗോഡുമുതൽ തിരുവനന്തപുരം വരെയുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും ആ ഒരു ഡയറക്ടറേറ്റിനെ ആശ്രയിച്ചുകൊണ്ട് കാര്യങ്ങൾ നീക്കുമ്പോൾ അതിൽ ഉണ്ടാകുന്ന വിഷമതകൾ നമ്മൾ ഏവരും നേരിട്ട് മനസ്സിലാക്കിയവരാണ്. അതിന് പരിഹാരമാർഗ്ഗമെന്നുള്ള നിലയിൽ ഡയറക്ടറുടെ റീജിയണൽ ആഫീസ് കോഴിക്കോട്ടും തൃശ്ശൂരും സ്ഥാപിക്കാനുള്ള നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പ്രൈമറി തലത്തിലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, അവയുടെ പ്രസക്തി ഏറ്റവും പ്രാധാന്യമുള്ളവയാണ്. പ്രൊഫഷണൽ കോളേജുകൾ സ്ഥാപിച്ചാലും, എത്ര സ്വാശ്രയ സ്ഥാപനങ്ങൾ കൊണ്ടുവന്നാലും ഏറ്റവും പ്രാഥമികമായി ചെയ്യേണ്ടത് സാധാരണക്കാരായ ഗ്രാമീണ ജനതയുടെ വിദ്യാഭ്യാസത്തിന് അടിസ്ഥാനപരമായ ആവശ്യമായ ചെറിയ ചെറിയ എൽ.പി., യു. പി. സ്ക്കൂളുകളുടെ നിലനിൽപ്പാണ്. അത്തരം സ്ഥാപനങ്ങൾക്ക് മതില് കെട്ടാനും ടോയിലറ്റ് സൗകര്യം ഏർപ്പെടുത്താനും, ഡ്രിങ്കിംഗ് വാട്ടർ സൗകര്യം ഒക്കെ ഏർപ്പെടുത്താനും എസ്. എസ്. എ. യുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. മറ്റൊരു കാര്യത്തിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ അഞ്ച് ദിവസം മലയാള മനോരമ പത്രത്തിൽ നാലാളുകൾ ചേർന്നെഴുതിയ ചില ആരോപണങ്ങൾ കണ്ടു, അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും ആരോപണങ്ങളെക്കുറിച്ച് പഠിച്ച് ആവശ്യമായ നടപടികൾ എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തീരുമാനം എടുത്തു കാര്യങ്ങൾ നീക്കി എന്നു പറയുന്നതിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുന്നു. സാംസ്ക്കാരിക വകുപ്പിനെക്കുറിച്ച് ഒരു വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് കേരളത്തിന്റെ സാംസ്ക്കാരിക രംഗമെന്നു പറയുന്നത് നമ്മുടെ കലാലയവും സാഹിത്യവും—നമ്മുടെ ഇത്തരം പ്രവർത്തനങ്ങൾ എല്ലാംതന്നെ ഇന്ന് ഒരു വലിയ പ്രതിസന്ധിനേരിട്ടുകൊണ്ടിരിക്കുന്നസാഹചര്യമാണ്.ആഗോളവൽക്കരണത്തിന്റെഭാഗമായികടന്നുവരുന്ന പാശ്ചാത്യ സംസ്ക്കാരം—സംഗീതമാണെങ്കിൽ സ്പീഡ്മ്യൂസിക്കാണ്—ഡാൻസാണെങ്കിൽ സിനിമാറ്റിക് ഡാൻസാണ്. ഒച്ചപ്പാടും ബഹളവും സൃഷ്ടിച്ചുകൊണ്ട് കടന്നു



LIBRARY ARCHIVES Kerala Legislative Assembly

വരുന്ന ഒരു കാലഘട്ടത്തിലെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾക്കിടയിൽ തനതായ കലാ സംസ്ക്കാരം സൂക്ഷിച്ചുവയ്ക്കണമെങ്കിൽ തീർച്ചയായും വളരെ ശക്തമായ പ്രവർത്തനം ആവശ്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വകുപ്പിനെക്കുറിച്ച് പറയുമ്പോൾ നമ്മുടെ കണ്ണൂർ ആസ്ഥാനമായി കിടക്കുന്ന ഫോക്ക്‌ലോർ അക്കാദമി തീർച്ചയായും നമ്മുടെ നാടൻകലകളെ സംരക്ഷിക്കുന്നതിലും നാടൻ കലകളെ പ്രോൽസാഹിപ്പിക്കുന്നതിലും അതിന് പുനർജീവൻ നൽകുന്നതിലും സ്തുത്യർഹമായ പങ്കാണ് വഹിക്കുന്നത്. കായികരംഗത്ത് ബഹുമാന്യനായ സുധാകരൻ വ്യക്തിപരമായിത്തന്നെ വളരെയധികം താൽപര്യമെടുക്കുന്ന ഒരാളാണെന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കായിക രംഗത്ത് അത് പട്ടണങ്ങളിലായാലും ഗ്രാമങ്ങളിലായാലും സിന്തറ്റിക് ട്രാക്കായാലും സ്പോർട്സ് കോംപ്ലക്സായാലും ഗ്രാമീണമേഖലയുടെ രംഗത്തായാലും വ്യക്തിപരമായ താല്പര്യം എടുത്തുകൊണ്ട് അദ്ദേഹം കാര്യങ്ങൾ നീക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പക്ഷെ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, അദ്ദേഹത്തിന് നന്നായി അറിയാം. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ ഒന്നാംതരം പ്രകടനം കാഴ്ചവെച്ച ധാരാളം കായിക താരങ്ങളുണ്ട്. ഇന്ത്യൻ കായിക രംഗത്ത് ഒരിക്കലും മറക്കാൻ പറ്റാത്ത, ഇതിഹാസമായി മാറുന്ന ജിമ്മി ജോർജ്ജായാലും ആ ജിമ്മിജോർജ്ജിന്റെ അനുജന്റെ ഭാര്യയായ അഞ്ജു ആയാലും എല്ലാം തന്നെ കായിക രംഗത്ത് നിസ്തുലമായ കാഴ്ചകൾ സംഭാവന ചെയ്തവരാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായിട്ട് അറിയാം. ഗ്രീഷ്മ എന്നു പറയുന്ന ഒരു പെൺകുട്ടി ഇന്ത്യൻ യൂണിവേഴ്സിറ്റി അത്‌ലറ്റിക് മീറ്റിൽ 100 മീറ്ററിലും 200 മീറ്ററിലും രണ്ട് വർഷം ഒന്നാം സ്ഥാനം നേടിയതാണ്. ആ പ്രൊഫഷണൽ ഗെയിമിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഗ്രീഷ്മ അടക്കമുള്ള കായികതാരങ്ങൾ താമസിക്കുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ പേരാവൂരെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. അവിടെ മെന്റലി റിട്ടാർഡായ കുട്ടികൾക്കുവേണ്ടിയുള്ള വേൾഡ് സൈക്ലിംഗ് മീറ്റിൽ മൂന്നാം സ്ഥാനം കിട്ടിയ ഒരു പെൺകുട്ടിയുണ്ട്. ഡഫ് ആന്റ് ഡമ്പിനുവേണ്ടി ലോകാടിസ്ഥാനത്തിൽ നടത്തിയ കായിക മൽസരത്തിൽ സ്തുത്യർഹമായ വിജയം കയ്യടക്കിയ കുട്ടികൾ അടക്കമുള്ള ഒരു ഭൂപ്രദേശമാണ് എന്റെ പേരാവൂർ നിയോജകമണ്ഡലമെന്ന് എന്നെ പോലെ നന്നായി അറിയുന്ന ബഹുമാനപ്പെട്ട സ്പോർട്സ് മന്ത്രിയോട് അപേക്ഷിക്കാനുള്ളത് സ്പോർട്സിന്റെ ഒരു സംവിധാനമോ ഒരു മിനിസ്റ്റേഡിയമോ എങ്കിലും എന്റെ നിയോജകമണ്ഡലത്തിൽ കൊണ്ടുവരാനുള്ള നടപടികൾ അങ്ങ് നടത്തണം. എന്നുള്ളതാണ്. കാണുമ്പോഴൊക്കെ സ്പോർട്സിനെക്കുറിച്ച് അദ്ദേഹംതന്നെ ഇങ്ങോട്ട് പറയാറുണ്ട്. പക്ഷെ എം. എൽ. എ. ഫണ്ട് ഉപയോഗിക്കണമെന്നാണ് പറയാറ്. 50 ലക്ഷം രൂപ, ഞാൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ ഒരു വാർഡിന് 5 കോടി രൂപ കിട്ടിയാൽപോലും എങ്ങും എത്താത്ത ഒരു സാഹചര്യത്തിൽ ആ കാശ് ഉപയോഗിച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ നടത്തണമെന്നു പറയുന്നതിൽ അതിന്റെ പ്രായോഗികത അങ്ങേയ്ക്ക് തന്നെ അറിയാവുന്നതുകൊണ്ട് അങ്ങയുടെ ഒരു പ്രത്യേക കാരുണ്യം എന്റെ പ്രദേശത്ത് കായികരംഗത്ത് സ്തുത്യർഹമായ സേവനം ഉണ്ടാക്കിയവർക്ക് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പൂർണ്ണമായി പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. അമ്മയെ തല്ലാനും ന്യായം കണ്ടുപിടിക്കുന്നതുപോലെയാണ് വിദ്യാഭ്യാസ നയത്തെ യു. ഡി. എഫ്.-ലെ അംഗങ്ങൾ ന്യായീകരിക്കുന്നത്. വൈകുന്നേരം ഫാസ്റ്റ്ഫുഡ് കച്ചവടത്തിന് തട്ടുകടകൾ ആരംഭിക്കുന്നതുപോലെയാണ് വിദ്യാലയങ്ങൾ ആരംഭിക്കുന്നത്. ഇത് സാംസ്ക്കാരിക കേരളത്തിന് അപമാനമാണ്. വിദ്യാഭ്യാസ രംഗത്തിപ്പോൾ സ്വകാര്യ മുതലാളിമാർ ലേലം വിളി നടത്തുകയാണ്. അവിടെ പ്ലസ് വൺ, ഡിഗ്രി, പി. ജി. കോഴ്സുകളിൽ അഡ്മിഷനുവേണ്ടി കോഴവാങ്ങാൻ വേണ്ടിയുള്ള ലേലം വിളിയാണ്. ഇത് നിയന്ത്രിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിയുന്നില്ല. ഈ കണക്കിന് വിദ്യാഭ്യാസ വകുപ്പ് പിരിച്ചുവിട്ട് വ്യവസായ വകുപ്പിന്റെ കീഴിലാക്കുന്നതായിരിക്കും നല്ലത്. വിദ്യാഭ്യാസം ഇപ്പോൾ നല്ല ലാഭമുള്ള ഒരു വ്യവസായമാക്കി ഈ ഗവൺമെന്റ് മാറ്റിയിരിക്കുകയാണ്. അതിന് അനുകൂലമായിട്ടുള്ള നിലയിലാണ് ഈ സഭയിൽ ഒരു ബില്ല് പാസ്സാക്കിയിട്ടുള്ളത്. ആ ബില്ലിന്റെ മറവിൽ സ്വകാര്യ കുത്തകമുതലാളിമാർ യഥേഷ്ടം ലാഭമുണ്ടാക്കുന്ന മേഖലയാക്കി കയ്യടക്കിയിരിക്കുന്നു ഈ നാണംകെട്ട വിദ്യാഭ്യാസ നയത്തെ ഞാൻ എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ മേഖല ദിശാബോധം നഷ്ടപ്പെട്ട് ലക്ഷ്യബോധം ഇല്ലാതെ ഉഴലുന്നതാണ് നാം കാണുന്നത്. നൂല് പൊട്ടിയ പട്ടംപോലെ ഒരു ലക്ഷ്യവുമില്ലാതെ വിദ്യാഭ്യാസ വകുപ്പ് അലയുമ്പോൾ അഡ്ഹോക്കിസം അതിന്റെ മുഖമുദ്രയായി മാറുന്നു. ഓരോ സമയവും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ദീർഘവീക്ഷണം ഇല്ലാതെ അപ്പപ്പോൾ എടുക്കുന്ന വൈകാരികമായ തീരുമാനങ്ങൾ ഈ മേഖലയെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്ന ഏറ്റവും ദു:ഖകരമായ ഒരു സ്ഥിതിവിശേഷമാണ് നാം കാണുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി തലമുറയെ തകർക്കുന്ന വിധം നമ്മുടെ ഈ രംഗം പോകുന്നത് ഏറ്റവും നിർഭാഗ്യകരമെന്നു മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളു. വിദ്യാഭ്യാസ രംഗത്ത് പരിഷ്ക്കാരങ്ങൾ കൊണ്ടു വരുന്നതിനെ ഞാൻ എതിർക്കുകയല്ല. പരിഷ്ക്കാരങ്ങൾ കാലോചിതമായി നടപ്പിലാക്കേണ്ടിവരും. എന്നാൽ അത് അവധാനതയോടുകൂടി ഏറ്റെടുക്കുവാനും എല്ലാവരേയും ബോധ്യപ്പെടുത്താനും നടപ്പിലാക്കുവാനും കഴിയണം. ഇവിടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള പല നടപടികളും പരിശോധിച്ചാൽ ഈ നിലയിലുള്ള ഒരു നിശ്ചയദാർഢ്യം ഇല്ല എന്ന് നമുക്ക് കാണുവാൻ കഴിയും. പാഠ്യപദ്ധതി രംഗത്ത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന നടപടികൾ പുതിയ ഗവൺമെന്റ് വന്നതിനുശേഷം മരവിപ്പിച്ചു. വീണ്ടും അത് പഴയതിലേയ്ക്ക് തന്നെ പോകുന്ന ഒരു സ്ഥിതിയുണ്ടായി. അത് അവർക്ക് ഒരു ദിശാബോധം ഇല്ലാത്തതിന്റെ ഏറ്റവും പ്രകടമായ ലക്ഷണമായിരുന്നു. ഇപ്പോൾ ഇവിടെ ഗ്രേഡിംഗ് കൊണ്ടു വരുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ആ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനാവശ്യമായ മുഴുവൻ ഏർപ്പാടുകളും ചെയ്തുകൊണ്ടാണോ അതിലേയ്ക്ക് നീങ്ങുന്നത് എന്നുള്ളത് നാം വിലയിരുത്തേണ്ടതല്ലേ? ഇവിടെ പല കാര്യങ്ങളിലേയ്ക്കും പോകുമ്പോൾ അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് അദ്ധ്യാപക ലോകം ഭയക്കുന്നു. ഡി.പി.ഇ.പി. പ്രകാരമുള്ള പാഠ്യപദ്ധതി



LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിയ ഒരു കാലഘട്ടത്തിൽ ആ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന് ഡി. പി. ഇ. പി. ജില്ലയിലെ അദ്ധ്യാപകർക്ക് നല്ല ട്രെയിനിംഗ് ലഭിച്ചതുകൊണ്ട് മറ്റുള്ള ജില്ലകളിൽ ഉണ്ടായിരുന്നതിനേക്കാൾ മെച്ചമായി പാഠ്യപദ്ധതി പരിഷ്ക്കാരം അത്തരം ജില്ലകളിൽ നടപ്പിലാക്കാൻ കഴിഞ്ഞു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോണി നെല്ലൂർ]

ആ അദ്ധ്യാപകർക്ക് കൊടുത്ത ട്രെയിനിംഗ് ആയിരുന്നു അതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. മറ്റു ജില്ലകളിൽ ട്രെയിനിംഗ് ഇല്ലാത്തതിന്റെ അഭാവവും നാം കാണുകയുണ്ടായി. ഗ്രേഡിംഗ് സമ്പ്രദായത്തിലേയ്ക്ക് നാം പോകുമ്പോൾ നമ്മെ ഉറ്റുനോക്കുന്ന ഏറ്റവും പ്രധാനമായ പ്രശ്നം അദ്ധ്യാപകർക്ക് ഗ്രേഡിംഗ് ഫലപ്രദമായി നടപ്പാക്കാനും, രക്ഷകർത്താക്കൾക്കും കുട്ടികൾക്കുള്ള ആശങ്ക ഒഴിവാക്കിക്കൊണ്ട് നീതിപൂർവ്വമായി ഗ്രേഡിംഗ് നടത്തുന്നുവെന്ന് ഉറപ്പുവരുത്താനും ആവശ്യമായ ട്രെയിനിംഗ് അവർക്ക് നല്കിയിട്ടുണ്ടോ എന്നുള്ളതാണ്. അതിനാവശ്യമായ സൗകര്യങ്ങൾ ആയിട്ടുണ്ടോ, നാം ആ നിലയിലേയ്ക്ക് എത്തിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിക്കൊണ്ടു വേണം ആ പരിഷ്ക്കാരം നടപ്പിലാക്കുവാൻ എന്നു മാത്രമേ ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നുള്ളൂ. ഇവിടെ ബഹുമാനപ്പെട്ട പി. ടി. തോമസ് അടക്കമുള്ള ആൾക്കാർ വിദ്യാഭ്യാസ വകുപ്പിനെ അനുകൂലിച്ച് സംസാരിക്കുമ്പോഴും, അത് കോൺഗ്രസ്സിന്റെ നയമാണോ എന്നെനിക്ക് അറിഞ്ഞുകൂടാ, അവർ പറഞ്ഞത് വിദ്യാഭ്യാസ രംഗത്തു മുഴുവൻ അഴിമതിയാണെന്നാണ് ശ്രീ. പി. ടി. തോമസും അതിന് ഉപ ചോദ്യം ചോദിച്ച് ബഹുമാനപ്പെട്ട തിരുവനന്തപുരം ഈസ്റ്റ് മെമ്പറും, ആലപ്പുഴ മെമ്പറുമെല്ലാം പറഞ്ഞത്. വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന അഴിമതികൾ ഈ ഗവൺമെന്റ് അറിഞ്ഞാണ് എന്നാണ്. അപ്പോൾ അത് അംഗീകരിക്കുന്നുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഇങ്ങനെ ചോദിക്കുമ്പോൾ പോലും ചില പ്രത്യേക വിഭാഗങ്ങളെ തിരിച്ച് കാണിക്കുവാൻ, ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ചില മതമേലദ്ധ്യക്ഷന്മാർ നടത്തുന്ന പരാമർശങ്ങളെ അവഹേളിക്കുവാൻ ഉള്ള ശ്രമവും ഉണ്ടായി. ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ആർക്കും അവരുടെ അവകാശങ്ങളെക്കുറിച്ച് ഉന്നയിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. അവകാശങ്ങൾ പറയാനുള്ള സ്വാതന്ത്ര്യത്തെ അംഗീകരിക്കണം. ആ പറയുന്ന എല്ലാ കാര്യങ്ങളും അംഗീകരിക്കുക ഒരു ഗവൺമെന്റിന്റെ നയം ആകണമെന്നില്ല. പക്ഷേ അത്തരം ആവശ്യങ്ങൾ ഉന്നയിക്കുന്നതിനെ പുലഭ്യം പറയാനുള്ള വേദിയാക്കി നിയമസഭയെ മാറ്റുന്നതിൽ കോൺഗ്രസിന്റെ നയമെന്താണെന്ന് ആലോചിക്കുക. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ ഗവൺമെന്റ് സ്കൂളിൽ പ്ളസ് ടു..........

ശ്രീ. പി. ടി. തോമസ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ...... ഞാൻ റൂളൊക്കെ പറയാം. 303. ഞാനിവിടെ വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിച്ചപ്പോൾ സ്വകാര്യ മാനേജുമെന്റ് സ്കൂളുകളിലും ചില കോളേജുകളിലും പതിനായിരം രൂപ മുതൽ അമ്പതിനായിരം രൂപവരെ കോഴ വാങ്ങുന്നു എന്നു പറഞ്ഞത് വിദ്യാഭ്യാസ വകുപ്പിന്റെ കോഴയെപ്പറ്റിയല്ല. ഞാൻ അതിൽ ഉറച്ചു നില്ക്കുകയാണ്. അതും കോൺഗ്രസിന്റെ സമീപനവുമായിട്ട് എന്താണ് ബന്ധം? കോൺഗ്രസ് എന്നും കോഴയ്ക്ക് എതിരാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെ വളച്ചൊടിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറയുകയാണ്. ഇത് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ ഉള്ള ഓർമ്മവച്ചുകൊണ്ട് ബഹുമാന്യനായ മെമ്പർ പറയുകയാണെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്.

ഡോ. കെ. സി. ജോസഫ്: എന്റെ സംസാരം മുടക്കി എന്നുള്ളതല്ലാതെ ഒരു പോയിന്റും ഇല്ല. ഞാൻ പറഞ്ഞത് എന്താണ്? വിദ്യാഭ്യാസ വകുപ്പിന്റെ അഴിമതിയെക്കുറിച്ച് ശ്രീ. തോമസ് പറഞ്ഞു എന്നല്ല. വിദ്യാഭ്യാസ രംഗത്ത് അഴിമതി നടക്കുന്നു, അത് നിയന്ത്രിക്കുവാൻ ഗവൺമെന്റ് പരാജയപ്പെട്ടു. ആ വാക്കിൽ ഉറച്ചുനില്ക്കുന്നു എന്നാണ് അദ്ദേഹം ഇപ്പോഴും പറഞ്ഞിരിക്കുന്നത്. ഞാൻ കോൺഗ്രസിന്റെ നയമാണോ എന്നു ചോദിച്ചത് മത മേലദ്ധ്യക്ഷന്മാർ ന്യൂനപക്ഷ അവകാശത്തെ സംബന്ധിച്ചിടത്തോളം ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച്, കോൺഗ്രസിന്റെ നിലപാട് എന്താണെന്നുള്ളതാണ്. ഇവിടെ ഗവൺമെന്റ് സ്കൂളിൽ പ്ലസ് ടു അനുവദിച്ചു. വളരെ നല്ല കാര്യം. അതാണ് ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി കാണുന്നത്. ഞാൻ അതിനെ സർവ്വഥാ അംഗീകരിക്കുന്ന ഒരു ആളാണ്. പക്ഷേ വിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റിന് മൂലധന നിക്ഷേപം നിർത്താമോ? ഈ ഗവൺമെന്റ് വന്നതിനുശേഷം ഗവൺമെന്റ് കോളേജുകളിൽ, എയ്ഡഡ് കോളേജുകളിൽ ഒറ്റ കോഴ്സ് ആരംഭിച്ചിട്ടുണ്ടോ? ഒരു കോളേജിലും ആരംഭിച്ചിട്ടില്ല. എയ്ഡഡ് കോളേജുകളിൽ പോലും അൺ എയ്ഡഡ് കോഴ്സുകളാണ് അനുവദിക്കുന്നത്. പാവപ്പെട്ട ആൾക്കാർക്ക് പഠിക്കണ്ടേ? ആ നിലയിൽ വിദ്യാഭ്യാസ രംഗത്ത് നിന്ന്, ഹയർ എഡ്യൂക്കേഷൻ രംഗത്തുനിന്ന് ഗവൺമെന്റ് പതുക്കെ പതുക്കെ പിന്മാറുകയാണ്. ഇവിടെ നിരവധി എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു. പുതിയ ഒരു കാര്യമാണോ? സാങ്കേതിക വിദ്യാഭ്യാസരംഗത്ത് 1996 വരെ ഉണ്ടായിരുന്ന സീറ്റുകൾ എത്രയോ മടങ്ങ് വർദ്ധിപ്പിക്കുവാൻ 2001-നുമുമ്പ് കഴിഞ്ഞു. പുതിയ പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകളൊക്കെ ആരംഭിക്കുവാൻ അവിടെ ഗവൺമെന്റിന്റെ മൂലധനംകൂടി മുടക്കിക്കൊണ്ട് സഹകരണ മേഖലയിൽ, ഐ.എച്ച്.ആർ.ഡി, യൂണിവേഴ്സിറ്റികൾ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങി പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുവാൻ അവസരം ഒരുക്കിയപ്പോൾ ഇന്ന് അത്തരം സ്ഥാപനങ്ങൾ നിലനിർത്താൻ, അതിന് ആവശ്യമായ പാഠ്യപരമായ മികവു കൊടുക്കാൻ ഗവൺമെന്റ് മുതൽ മുടക്കുന്നുണ്ടോ? കേപ്-ന്റെ സ്ഥാപനങ്ങൾ, ഐ.എച്ച്.ആർ.ഡി.യുടെ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റിയുടെ സ്ഥാപനങ്ങൾ, ആ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കി കൊടുക്കാതെ അവയെ മുഴുവൻ ഇല്ലായ്മപ്പെടുത്തി അവിടുത്തെ കുട്ടികളെ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലേയ്ക്ക് തട്ടിക്കൊണ്ടുപോകുവാനുള്ള നടപടികളല്ലേ സ്വീകരിക്കുന്നത്?

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് ഇവിടെ പറഞ്ഞത് സർക്കാർ മേഖലയിലെ കോളേജുകൾക്കും എയ്ഡഡ് മേഖലയിലെ കോളേജുകൾക്കും സൗകര്യം ചെയ്തു കൊടുക്കാതെ ഈ ഗവൺമെന്റ് പോകുകയാണ് എന്നാണ്. അങ്ങയുടെ ഗവൺമെന്റ് ഇരുന്ന കാലത്ത് പ്ളസ് ടു അനുവദിച്ചോ? ഒമ്പതിനായിരം അദ്ധ്യാപകരുടെ നിയമനത്തിന് ആരാണ് അംഗീകാരം കൊടുത്തത്? അങ്ങ് കൊടുത്തിട്ടുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: പ്ലസ് ടു 1999 തൊട്ട് ആരംഭിച്ചതാണ്. നിയമനങ്ങൾ ഘട്ടംഘട്ടമായി അംഗീകരിച്ചുകൊണ്ടിരുന്നു. ശമ്പളം കുറെപേർക്ക് കൊടുത്തിട്ടുണ്ട്, കുറെ പേർക്ക് ഇപ്പോഴും കൊടുത്തു. എന്നാൽ 2001-2002, 2002-2003 വർഷങ്ങളിലേത് ഇപ്പോഴും കൊടുത്തിട്ടില്ല. പ്ലസ് ടു-വിലെ അദ്ധ്യാപകർക്ക് മുഴുവൻ അംഗീകാരം കൊടുത്തു. ശമ്പളം കൊടുക്കുന്നു എന്നുള്ള അവകാശവാദം ശരിയല്ല. ഞങ്ങളുടെ കാലത്ത് അംഗീകരിച്ച പകുതിയിലേറെ ആൾക്കാർക്ക് അന്ന് ശമ്പളം കൊടുത്തു. ഇപ്പോൾ പരിശോധന പൂർത്തിയാക്കിയ രണ്ടു കൊല്ലത്തെ ശമ്പളം കൊടുക്കുവാൻ കിടക്കുകയാണ്. ലാബ് അസിസ്റ്റന്റുമാർക്ക് ശമ്പളം കൊടുക്കാൻ നടപടികളെടുക്കണം. അത് ഘട്ടംഘട്ടമായി വേഗത്തിൽ കൊടുക്കണം. ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും പുതിയ കോഴ്സുകൾ അനുവദിച്ച് പാവപ്പെട്ട കുട്ടികൾക്ക് പഠനത്തിനു വേണ്ട സൗകര്യമുണ്ടാക്കണം. എഞ്ചിനീയറിംഗ് കോളേജുകൾ, ഐ.എച്ച്. ആർ.ഡി. കോളേജുകൾ അവിടെയൊക്കെ ഭൗതീക സൗകര്യങ്ങൾ, കെട്ടിട സൗകര്യങ്ങൾ, ലാബ് സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തണം. അതു നന്നായി പ്രവർത്തിച്ചാലല്ലേ സ്വകാര്യ മാനേജുമെന്റിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ കുട്ടികൾ പോകാതെ ഗവൺമെന്റ് സ്ഥാപനങ്ങളിലേക്ക് വരുവാൻ കഴിയൂ. അതിനു പകരം ഗവൺമെന്റ് സ്ഥാപനങ്ങളെ ഞെക്കിക്കൊന്ന് സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് വളക്കൂറ് ഉണ്ടാക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ നിലയിൽ ഗവൺമെന്റ് സാങ്കേതിക വിദ്യാഭ്യാസ രംഗത്തുനിന്നും ഉന്നത വിദ്യാഭ്യാസ രംഗത്തുനിന്നും മാറി സ്വകാര്യ മേഖലയ്ക്ക് മുഴുവൻ തീറെഴുതി കൊടുത്തതിനു ശേഷം, ആ രംഗം മുഴുവൻ അഴിമതിയാക്കിയതിനു ശേഷം ഇവിടെ വന്ന് വിലപിക്കുന്നതിൽ അർത്ഥമില്ല. ശ്രീ. രാജൻബാബു പറഞ്ഞു, ഇടതുപക്ഷ ജനാധിപത്യ മുന്നണി വർക്കല ശിവഗിരിയിൽ അനുവദിച്ച പ്ലസ് ടു-വിന്റെ അംഗീകാരം പോലും ഈ ഗവൺമെന്റ് എടുത്തുകളഞ്ഞു എന്ന്. ഇത്തരം നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ അയൽവാസിയായ സൂപ്പി സാഹിബ് മന്ത്രിയായ അന്നു തന്നെ അദ്ദേഹത്തിന്റെ വീട്ടിൽ കള്ളൻ കയറി. അവിടെ കാര്യമായൊന്നും കിട്ടാത്തതുകൊണ്ടാണെന്നു തോന്നുന്നു ആ കള്ളന്മാർ മുഴുവൻ വിദ്യാഭ്യാസ വകുപ്പിൽ നിരങ്ങിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫിലെ ഇപ്പോഴത്തെ ഏറ്റവും വലിയ തർക്കം, ഏറ്റവും മോശപ്പെട്ട ഡിപ്പാർട്ടുമെന്റ്, ഏറ്റവും മോശപ്പെട്ട വകുപ്പ് വിദ്യാഭ്യാസ വകുപ്പാണോ അതോ ആഭ്യന്തര വകുപ്പാണോ എന്നാണ്. രണ്ടു വകുപ്പായാലും രണ്ടു വകുപ്പിലും കണ്ടൻ പൂച്ചകൾ തന്നെയാണ് ഭരിക്കുന്നത്. ഈ ഗവൺമെന്റ് ഏറ്റവും വലിയ നേട്ടമായി പറയുന്നത് എല്ലാ മുറുക്കാൻ കച്ചവടക്കാർക്കും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ അനുമതി നല്കി എന്നാണ്. കേരളത്തെ ഇന്ത്യയുടെ വിദ്യാഭ്യാസ തലസ്ഥാനമാക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരുന്നത്. ഇവിടത്തെ വിദ്യാഭ്യാസത്തിനിപ്പോൾ തലയുമില്ല, വാലുമില്ല. ആകെയുള്ളത് തലവരി മാത്രമാണ്. ചോദിച്ചവർക്കെല്ലാം അൺ എയ്ഡഡ് സ്കൂളുകളും കോളേജുകളും കൊടുത്തു. പക്ഷേ സുന്നികൾക്കു മാത്രം കല്പിച്ചുകൂട്ടി ഒന്നും കൊടുത്തില്ല. അവർക്ക് എന്താ സ്കൂൾ വിദ്യാഭ്യാസം 'ഹറാം' ആണോ? അതോ പഴയകാലത്തെ പോലെ അവർ മദ്രസയിലും പള്ളി ദർസിലും മാത്രം പഠിച്ചാൽ മതിയെന്നാണോ? പാവപ്പെട്ട കുട്ടികളെ ഫ്രീയായിട്ട് പഠിപ്പിക്കുന്ന യത്തീം

കുട്ടികൾ, കണ്ണില്ലാത്തവർ, കാലില്ലാത്തവർ, കയ്യില്ലാത്തവർ ഇവർ പഠിക്കുന്ന സ്കൂളുകൾക്കൊന്നും രാഷ്ട്രീയ പ്രേരിതമായി യാതൊരുവിധമായ സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് സുന്നി വിഭാഗത്തിന്റെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അനുമതി നല്കുവാൻ ഏർപ്പാടുണ്ടാകണം. ഞാൻ പാവപ്പെട്ട, നിങ്ങളുടെ 'ദുൽമ്' സഹിക്കാൻ വയ്യാത്ത ആൾക്കാരെ സഹായിക്കുന്ന ഒരാളാണ്. എനിക്ക് ഇനി പറയുവാനുള്ളത് സിനിമയെപ്പറ്റിയാണ്. ലക്ഷക്കണക്കിന് ആളുകളുടെ ഉപജീവന മാർഗ്ഗമായ സിനിമാ വ്യവസായത്തെ സർക്കാർ വെറും കറവപ്പശുവായിട്ടാണ് കണക്കാക്കുന്നത്. കൊള്ള നികുതിയാണ് ഈടാക്കുന്നത്. സിനിമാ വ്യവസായത്തെ തകർക്കുന്നത് അമ്മയും അച്ഛനുമൊന്നുമല്ല. ഈ സർക്കാരാണ്. കോടികളുടെ ചൂതുകളിയായ സിനിമ തീയേറ്ററിൽ എത്തിക്കാൻ പലപ്പോഴും പ്രൊഡ്യൂസർമാർ അവരുടെ ഭാര്യമാരുടെ കെട്ടുതാലി വരെ വിൽക്കുന്നു. ഒരു പടം പൊട്ടിയാൽ അവർ ആത്മഹത്യ ചെയ്യാതിരിക്കുന്നത് മന്ത്രിപദം മോഹിച്ചിരിക്കുന്ന ഇവിടുത്തെ ചില എം.എൽ.എ. മാരെപ്പോലെ നാളെ നല്ല കാലം വരും, അല്ലെങ്കിൽ അവരുടെ പടം ഹിറ്റാകും എന്നുദ്ദേശിച്ചുകൊണ്ടാണ്. ഈ വ്യവസായം ഇവിടെ നിലനിൽക്കണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കുപറയാനുള്ളത് നികുതി ചാർജ്ജ് കുറക്കയ്ണം. അതുപോലെ പ്രൊഡ്യൂസർമാർക്കുള്ള സബ്സിഡി കൂട്ടണം. ഫിലിം ചേമ്പർ ഈ ഗവൺമെന്റിന് ഒരു നിവേദനം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ച് പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പാട്ടക്കുടിശ്ശികക്കാരേയും നികുതി വെട്ടിപ്പുകാരേയും വഴിവിട്ടു സഹായിക്കുന്ന ഈ സർക്കാർ സിനിമാ വ്യവസായത്തോട് ചിറ്റമ്മനയം പുലർത്തുന്നതുകൊണ്ടും, വിദ്യാഭ്യാസരംഗത്ത് സ്വജനപക്ഷപാതം നടക്കുന്നതുകൊണ്ടും ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ</u>: ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. അഞ്ചോ പത്തോ വർഷത്തേയ്ക്കാണ് പ്ലാനിംഗ് എങ്കിൽ നമുക്ക് വാഴയോ, നെല്ലോ ഒക്കെ കൃഷി ചെയ്യാൻ സാധിക്കും. പക്ഷെ ഒരു തലമുറയെ മുൻനിർത്തിയാണ് നമ്മുടെ പ്ലാനിംഗ് എങ്കിൽ നാം വിദ്യാഭ്യാസത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്. ദേശീയ താൽപ്പര്യങ്ങളെ നിർവ്വചിക്കുകയും ദേശീയ ആവശ്യങ്ങളെ നിറവേറ്റുകയും ചെയ്യേണ്ടത് നമ്മുടെ വിദ്യാഭ്യാസമാണ്. 1835-ൽ മെക്കാളെ സായിപ്പ് ഗുമസ്തൻമാരെ സൃഷ്ടിക്കുന്നതിനുവേണ്ടി മാത്രം ഇവിടെ ആവിഷ്ക്കരിച്ച വിദ്യാഭ്യാസ സമ്പ്രദായത്തിന് മാറ്റം വരുത്തുന്നതിനുവേണ്ടി സ്വതന്ത്ര ഭാരതം ഡോ. രാധാകൃഷ്ണൻ കമ്മീഷനേയും ഡോ. സക്കീർ ഹുസൈൻ കമ്മീഷനേയും ഗജേന്ദ്ര ഗാഡ്ക്കർ കമ്മീഷനേയും കോത്താരി കമ്മീഷനേയും നിയമിക്കുകയും 1986-ൽ രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരിക്കുമ്പോൾ, ശ്രീ. നരസിംഹറാവു വിദ്യാഭ്യാസ മന്ത്രി ആയിരിക്കുമ്പോൾ ഇവിടെ ന്യൂ എജ്യൂക്കേഷൻ പോളിസി ആരംഭിക്കുകയും ചെയ്തു. രാഷ്ട്ര സങ്കൽപ്പത്തിന്റെ മറ്റൊരു പേരാണ് വിദ്യാഭ്യാസ സങ്കൽപ്പം എന്നുള്ളത്. ഈ ന്യൂ എജ്യൂക്കേഷൻ പോളിസിയുടെ കാതലായ സമുന്നത മൂല്യങ്ങളും പൂത്തിടേണ്ട ഒരു വിശുദ്ധ ഭൂമിയായിരിക്കണം വിദ്യാഭ്യാസ മേഖലയെന്നുള്ള സങ്കൽപ്പത്തിൽ അധിഷ്ഠിതമായി നമ്മുടെ പുതിയ വിദ്യാഭ്യാസ നയം മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. ഇത്രമേൽ പ്രധാനവും

LIBRARY ARCHIVES Kerala Legislative Assembly

വിശാല വീക്ഷണവും ആവശ്യപ്പെടുന്നതും, രാഷ്ട്ര ചേതനകളെ സംതൃപ്തമാക്കേണ്ടതുമായ വിദ്യാഭ്യാസമേഖല അതർഹിക്കുന്ന ഗൗരവത്തോടെ മാറിമാറി വരുന്ന നമ്മുടെ സംസ്ഥാന സർക്കാരുകൾ പരിഗണിക്കുന്നുണ്ടോ എന്നുള്ളത് എനിക്ക് സംശയമുണ്ട്. Operation was success, but the patient died എന്നു പറഞ്ഞതുപോലെ ആയിത്തീരുന്നു കാര്യങ്ങൾ. ഡി.പി.ഇ.പി.-യുടേയും എസ്.എസ്.എ.-യുടേയും, ഓപ്പറേഷൻ ബ്ലാക്ക് ബോർഡിന്റേയുമൊക്കെ കാര്യങ്ങൾ ഓർക്കുമ്പോൾ എനിക്ക് തോന്നിപ്പോകുന്നതാണ്. മുന്നണി ഭേദമില്ലാതെ ഈ ദുരന്ത നാടകം ആവർത്തിക്കുകയാണോ എന്നുള്ളതാണ് എനിക്ക് സംശയം. ഇച്ഛാഭംഗം വന്ന മൈത്രീ കാമുകൻമാരെ കുടിയിരുത്തുവാനും, അവരെ അനുനയിപ്പിക്കുവാനുംവേണ്ടി ഉപഹാരങ്ങൾ വാരിക്കോരി നൽകുന്ന വകുപ്പായി, ഒരു അക്ഷയ ഖനിയായി ഈ വകുപ്പ് മാറരുത് എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന ഒരു വകുപ്പാണിത്. അതുകൊണ്ട് ഈ വകുപ്പിലെ കാര്യങ്ങൾ വളരെ പ്രസക്തമാണ്. പക്ഷെ ഇവിടെ ധനാഭ്യർത്ഥന ചർച്ചയിൽ ഒരു പരാമർശമുണ്ടായത് പരാമർശിക്കാതിരിക്കാൻ എനിക്ക് കഴിയില്ല. ബാഗ്ദാദിലെ ജയിലിൽ ഇറാഖി തടവുകാരെ അമേരിക്കൻ പട്ടാളം നഗ്നരാക്കി ശരീരം മുഴുവൻ പുരീഷം പുരട്ടിയും വേട്ടനായ്ക്കൾക്കെറിഞ്ഞു കൊടുത്തും ചെയ്ത പ്രവർത്തികൾ ഒരു തലോടൽ പോലെ എത്രയോ നിസാരമെന്നാണ് കേരളത്തിലെ ചില കാര്യങ്ങൾ കാണുമ്പോൾ ചില മാന്യൻമാർക്ക് തോന്നുന്നത്. യാങ്കിപ്പടയുടെ ഈ ക്രൂരതയെ വെള്ളപൂശാനുള്ള വർഗ്ഗവഞ്ചനയും, ആത്മവഞ്ചനയും, ഹിപ്പോക്രസിയും തിരിച്ചറിയപ്പെടുകതന്നെ ചെയ്യും എന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാൻ ഇതൊക്കെ പറയുമ്പോൾ ജനവിരുദ്ധ സി.പി.എം.കാരോട് എനിക്ക് സഹതാപമുണ്ട്. നമ്മുടെ ശങ്കരാചാര്യർ പറഞ്ഞിട്ടുണ്ട് ഉദരനിമിത്തം ബഹുകൃത വേഷം. ശങ്കരാചാര്യർ ഇത് പറഞ്ഞത് ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പാർട്ടിയെ ഓർത്തിട്ടാണോ എന്നാണ് സംശയം. രാജ്യത്തിന്റെ ഭാവിയെ സ്പർശിക്കുന്ന കാര്യങ്ങളിലല്ല പകരം ഉദരപൂരണ പരിപാടികളിൽ മാത്രമാണ് സി.പി.എം.കാരുടെ താൽപ്പര്യം. ആശയപരമായ ദാരിദ്ര്യവും ആമാശയപരമായ കുശാലതയുമാണ് ഇന്ന് സി.പി.എം.-കാരെ നയിക്കുന്നത്. ഇപ്പോൾ ഇവർ തന്നെ പറയുന്നതെന്താണ്. 1957-നെപ്പറ്റി പറയുമ്പോൾ പറഞ്ഞിരിക്കുന്നത് മുണ്ടശ്ശേരിയെ വച്ച് അബദ്ധം കാണിച്ചിരിക്കുന്നു എന്നാണ്. യുവ സി.പി.എം.കാർ, ഇപ്പോൾ നിങ്ങൾ എന്തൊക്കെയാണ് നടത്തിയത്? പ്രീ-ഡിഗ്രി ബോർഡിന്റെ പേരിൽ നിങ്ങൾ എന്തെല്ലാം കാട്ടിക്കൂട്ടി. പാവപ്പെട്ട എത്രയോ കുട്ടികളുടെ ഉത്തരക്കടലാസുകൾ യൂണിവേഴ്സിറ്റിയുടെ കക്കൂസിന്റെ ക്ലോസെറ്റുകളിൽ തിരുകി. റിസൾട്ട് അട്ടിമറിച്ചു. ഒടുവിൽ എന്തു സംഭവിച്ചു? പി. ജെ. ജോസഫ് പാട്ടുംപാടി പ്ലസ്-ടു-വിനെ കൊണ്ടുനടന്നു വിറ്റു. "പൂമാനം പൂത്തുലഞ്ഞേ". ഇവിടെയിരിക്കുന്ന രണ്ട് എം.എൽ.എ. മാരെ ഞാൻ വെറുതെ വിടുന്നു. തിരുവനന്തപുരത്തെ ഒരു മുൻ എം.എൽ.എ. ഏറ്റു വിളിച്ചു, പ്ലസ് ടു രണ്ടുതരം. 15 ലക്ഷം. പുനലൂരിലെ മറ്റൊരു മുൻ എം.എൽ.എ. വിളിച്ചു. പ്ലസ് ടു 25 ലക്ഷം മൂന്നു തരം. ലേലം വിളിയല്ലേ സഖാക്കളെ അന്നു നടന്നത്. എന്നിട്ട് ഇവിടെ വന്നു നിന്നുകൊണ്ട് മേനി ചമയുന്നു. 'എന്നെ കണ്ടാൽ കിണ്ണം കട്ടെന്നു തോന്നുമോ.' എന്ന മട്ടിലാണ് ഡോ. കെ.സി. ജോസഫ് പ്രസംഗിക്കുന്നത്. ഇതിന്റെ നല്ലൊരു വിഹിതം കൈരളി ചാനലിലേക്കല്ലേ ഒഴുകിയത്. അതല്ലേ നിങ്ങൾ ഇതിനെല്ലാം സമ്മതം മൂളിയത്. വിളനിലത്തിനെ വി.സി.

LIBRARY ARCHIVES Kerala Legislative Assembly

ആക്കിയപ്പോൾ യാതൊരു ജനാധിപത്യ ബോധവും, സാമാന്യ മര്യാദപോലും ഇല്ലാതെ നിങ്ങൾ അദ്ദേഹത്തെ വേട്ടയാടിയില്ലേ? എന്നിട്ടവസാനം എന്തായി? കിടക്ക പങ്കിടുന്നതിനേക്കാൾ പ്രധാനമാണ് വേദി പങ്കിടുന്നത് എന്നു വിശ്വസിക്കുന്ന നിങ്ങളുടെ പരമാചാര്യൻ എ.കെ.ജി. സെന്ററിൽ വിളനിലവുമായി വേദി പങ്കിട്ട് നിങ്ങൾ അദ്ദേഹത്തെ ആദരിച്ചു. കെ.എസ്.ആർ.ടി.സി. ബസുകൾ തകർത്തതും നാശനഷ്ടം വരുത്തിയതുമുൾപ്പെടെ. കേരളത്തിന്റെ ഖജനാവിന് ഉണ്ടായ നഷ്ടം രണ്ടു കോടി രൂപ "പട്ടിണി മാറ്റാൻ തൊഴിൽ തരൂ എന്നിട്ടാകാം കംപ്യൂട്ടർ". ഇതായിരുന്നു ഒരു മുദ്രാവാക്യം. കംപ്യൂട്ടറിനെതിരെ കളക്ടറേറ്റ് വളഞ്ഞ നിങ്ങളുടെ ഓഫീസിലും പത്ര സ്ഥാപനങ്ങളിലും, ചാനലുകളിലും മുഴുവൻ കംപ്യൂട്ടർവൽക്കരിച്ചു എന്നു മാത്രമല്ല അവിടുത്തെ മൂത്രപ്പുരയുടെ നിയന്ത്രണം പോലും കംപ്യൂട്ടറുകളെ ഏൽപ്പിച്ചിരിക്കുകയാണ്. അങ്ങനെയാണ് നിങ്ങൾ ഓരോ കാര്യങ്ങൾ നോക്കിക്കാണുന്നത്. എ.ഡി.ബി. ലോണിനുവേണ്ടി ഭഗീരഥ പ്രയത്നം ചെയ്ത് സായിപ്പൻമാരുടെ കാല് തടവി കൈനീട്ടി, കിട്ടാൻ സമയമായപ്പോൾ നിങ്ങൾ കസേരയിൽ നിന്ന് ആട്ടിയിറക്കപ്പെട്ടതിന്റെ പകയിൽ ഈ സർക്കാർ എ.ഡി.ബി. വായ്പ വാങ്ങിയത് വലിയ ചാരിത്ര്യഭംഗമാണെന്നാണ് ഇവിടെ പ്രസംഗിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സ്വാശ്രയ ബി.എഡ്. കോഴ്സുകൾ ആരംഭിച്ച നിങ്ങൾ ഇപ്പോൾ സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെ വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെ ഇവിടെ നിന്ന് പ്രസംഗിക്കുകയാണ്. ഇതിനെ എതിർക്കുന്ന സി.പി.എം. കാർ കർണാടകത്തിന്റേയും തമിഴ്നാട്ടിന്റേയും സ്വാശ്രയ ലോബികളുടെ ദല്ലാളൻമാരാണ്. അവർ അവിടെനിന്നും കോഴ വാങ്ങിയിരിക്കുകയാണ്. കഴിഞ്ഞവർഷം തമിഴ്നാട്ടിൽ ഇരുപതിനായിരത്തോളം സ്വാശ്രയ സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയായിരുന്നു. കർണാടകത്തിൽ പതിനാലായിരം സ്വാശ്രയ സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. കേരളത്തിൽ പതിനയ്യായിരം സ്വാശ്രയ സീറ്റുകൾ ആരംഭിച്ചിരിക്കുകയാണ്. എഞ്ചിനീയറിംഗിനു മാത്രം സർക്കാർ മേഖലയിൽ 28 കോളേജ് ആരംഭിച്ചതിനു തുല്യമായി 56 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചു. മൊത്തം പതിനയ്യായിരം കുട്ടികൾക്ക് അവസരം കിട്ടുമ്പോൾ ഇവിടെ 7500 ൽപ്പരം കുട്ടികൾക്ക് മെറിറ്റ് സീറ്റിൽ സർക്കാരിന്റെ ഫീസൊടുക്കി പഠിക്കുവാനുള്ള അവസരം നൽകിയതിനെക്കുറിച്ചാണ് ഇവർ പറയുന്നത്. അവസരവാദപരമായ സമീപനം ഒഴിവാക്കാൻ ഇവർക്കാവില്ല. ഏത് ഡെറ്റോൾ സോപ്പിട്ട് കുളിച്ചാലും പുള്ളിപ്പുലിയുടെ പുള്ളി മാറില്ലെന്നു പറയുന്നതുപോലെ സി.പി.എം.-ന്റെ അവസരവാദപരമായ നയവും മാറാൻ പോകുന്നില്ല. നിങ്ങളുടെ മൗലിക സ്വഭാവം തന്നെ ജനാധിപത്യബോധമില്ലായ്മയും അസഹിഷ്ണുതയും പണക്കൊതിയുമാണ്. വല്ല സംശയവും ഉണ്ടോ? അപ്പോൾ എന്താണ്, ഏത് വേണമെങ്കിലും ആകാം അത് നടത്തുന്നത് ഞങ്ങളായിരിക്കണം എന്നതാണ് അവരുടെ മുദ്രാവാക്യം. 'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം'...... ഇതാണ് സി.പി.എം. ന്റെ പ്രമാണം. അതുപോലെ തന്നെ കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടു ചോറ് വാരിക്കുന്ന നിലപാട് അവർ തുടരുകയാണ്. മുമ്പ് ചൈൽഡ് സ്പെഷ്യലിസ്റ്റ് എം.വി.ആർ. ആയിരുന്നു. എം.വി.ആറിന്റെ സ്ഥാനം ഇപ്പോൾ ഡോ. അച്ചുതാനന്ദൻ ഏറ്റെടുത്തിരിക്കുകയാണ്. പുള്ളിയാണ് അവരുടെ ചൈൽഡ് സ്പെഷ്യലിസ്റ്റ്. ഇറക്കി വിട്ടിരിക്കുകയാണ്. ആദ്യം പറഞ്ഞത് സ്വാശ്രയ മാനേജ്മെന്റിൽ 50 ശതമാനം മെറിറ്റ് സീറ്റ് എവിടെ എന്നായിരുന്നു. രണ്ടാമത് പറഞ്ഞത് രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നായിരുന്നു. അങ്ങനെ നിയമം പാസാക്കിയപ്പോൾ ഇപ്പോൾ പറയുന്നു അതല്ല മറ്റേതാണെന്ന്.



LIBRARY ARCHIVES Kerala Legislative Assembly

അത് കഴിയുമ്പോൾ പറയും അതല്ല അതിന്റെ മറ്റേതാണെന്ന്. ഇങ്ങനെ എന്നും വിദ്യാർത്ഥികളെ തെരുവിലിറക്കി ചുടുചോറ് വാരിക്കുന്ന നിലപാട് നിങ്ങൾ നിർത്തണം. സി.പി.എം.-കാരുടെ സ്വാർത്ഥചിന്തയുടേയും രാജ്യസ്നേഹം ഇല്ലായ്മയുടേയും പശ്ചാത്തലത്തിൽ വേണം നാം നമ്മുടെ വിദ്യാഭ്യാസ നയങ്ങൾ കരുപ്പിടിപ്പിക്കാൻ.

ശ്രീ. കെ.സി. ജോസഫ്: സ്വാശ്രയ മേഖലയിലെ കോളേജുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ ബില്ലിനെ അസംബ്ലിയിൽ എതിർക്കുകയും, മറുഭാഗത്ത് ബിഷപ്പുമാരെക്കണ്ട് ഞങ്ങൾ അനുകൂലിക്കുന്നുണ്ട്, ഞങ്ങൾ മടങ്ങിവന്നാൽ നിങ്ങൾക്ക് വേണ്ട അവകാശങ്ങൾ തരികയും ചെയ്യുമെന്ന് പറയുന്ന എൽ.ഡി.എഫ് ന്റേയും കേരള കോൺഗ്രസിന്റേയും, കേരള കോൺഗ്രസ് ജോസഫിന്റേയും നയം അങ്ങേയ്ക്ക് മനസ്സിലായില്ലേ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: മലയാള മനോരമ ഒരു സർവ്വേ നടത്തുകയുണ്ടായി. അതിൽ പറയുന്ന കാര്യങ്ങൾ വളരെ ഗൗരവമായിട്ടെടുക്കണം. ജനിക്കാത്ത കുട്ടികളുടെ പേരിൽ കോടികളുടെ കുംഭകോണം. പാർട്ട് ടൈം നിയമനം

1.00 p.m.] ഫുൾടൈം അഴിമതി. അതുപോലെ വിദ്യാഭ്യാസ വകുപ്പിൽ രാഷ്ട്രീയക്കാർ നേതാവ് കെണിയൊരുക്കുന്നു, ഉദ്യോഗസ്ഥന്മാർ പറപറക്കുന്നു.

അതുപോലെ ഡിപ്പാർട്ടുമെന്റിൽ സ്വന്തം അക്കച്ചി ഇങ്ങനെയൊക്കെയുള്ള പേരിൽ മനോരമ സീര്യലൈസ് ചെയ്തു. ഈ സർക്കാരിനെ നഖശിഖാന്തം എതിർക്കുന്ന പത്രമല്ലല്ലോ മലയാള മനോരമ. അവർ പറഞ്ഞ കാര്യങ്ങൾ ഗൗരവമായി കണക്കിലെടുക്കണം. മറ്റ് വകുപ്പുകളിൽ ഉള്ളതുപോലെ വിദ്യാഭ്യാസ വകുപ്പിലും ഡിപ്പാർട്ട്മെന്റൽ വിജിലൻസ് വിംഗ് ഉണ്ടാക്കണം. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ക്വാണ്ടിറ്റി വളരെ കൂടി. മുഖ്യമന്ത്രി പോലും പറഞ്ഞു നമുക്ക് ഏഴ് യൂണിവേഴ്സിറ്റികളുണ്ട്, 250-ൽ പരം കോളേജുകളുണ്ട്. സ്വാശ്രയ കോളേജുകളുണ്ട്. പക്ഷേ നമ്മുടെ ക്വാളിറ്റിയിൽ നമ്മൾ ഇന്ത്യയിലെ മറ്റ് സർവ്വകലാശാലകളുമായി നോക്കുമ്പോൾ വളരെ പുറകിൽ പോകുന്നു എന്നുള്ളത് മാറ്റുന്നതിനുവേണ്ടി ക്വാളിറ്റി ഇംപ്രൂവ്മെന്റിനെക്കുറിച്ച് പഠിക്കാൻ ഇനി ഒരു കമ്മീഷനെ വയ്ക്കണം. അതുപോലെ ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ ഒരു കാര്യത്തോട് ഞാൻ അനുകൂലിക്കുകയാണ്. കാന്തപുരം എ. പി. അബൂബക്കർ മുസലിയാരുടെ ജംഇയ്യത്തുൽ ഉലമയുടെ ആ സുന്നി വിഭാഗത്തെ അംഗീകരിക്കുന്ന കാര്യത്തോട് ഞാൻ യോജിക്കുകയാണ്. അതിൽ വിദ്യാഭ്യാസവകുപ്പ് പുറംതിരിഞ്ഞുകളയരുത്. അതുപോലെ ഇവിടെ ഗ്രേഡിംഗ് ഏർപ്പെടുത്താൻ പോവുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുമ്പോൾ നേരത്തെ ഗ്രേസ് മാർക്ക് നൽകിവരുന്ന ഒരു സംവിധാനമുണ്ടായിരുന്നു. 'ഡി+' ഉണ്ടെങ്കിൽ മാത്രമേ ഹയർ സ്റ്റഡീസിന്, കോളേജ് വിദ്യാഭ്യാസത്തിന് പറ്റൂ എന്നതാണ് ഗ്രേഡിംഗിന്റെ വ്യവസ്ഥ. പലപ്പോഴും കായിക മൽസരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന കുട്ടികൾക്ക് 'ഡി+' കിട്ടിയെന്നുവരില്ല. അതുകൊണ്ട് കായികമികവുള്ള വിദ്യാർത്ഥികളെ കോളേജ് വിദ്യാഭ്യാസത്തിന് 'ഡി+' വേണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കാനുള്ള നടപടിയുണ്ടാകണം. അതുപോലെ വിദ്യാർത്ഥി രാഷ്ട്രീയം. നമ്മുടെ രാജ്യം പാർലമെന്ററി ജനാധിപത്യം പുലർത്തുന്ന രാജ്യമല്ലേ? നമ്മുടെ രാജ്യത്ത് പാർലമെന്ററി ജനാധിപത്യത്തിന്റെ ഭാഗമല്ലേ കോടതികൾ. പാർലമെന്ററി ജനാധിപത്യത്തിന്റെ പരിശീലന കളരിയാണ്



LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കോളേജ് യൂണിയനുകൾ. യൂണിവേഴ്സിറ്റി യൂണിയൻ, സെനറ്റ് അങ്ങനെയുള്ള സംവിധാനങ്ങളെല്ലാം വിദ്യാർത്ഥികളുടെ പരിശീലനത്തിനു വേണ്ടിയുള്ള കളരിയാക്കി മാറ്റിയെടുക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം. ഗ്രേഡിംഗ് നടപ്പാക്കുമ്പോൾ അൺഎയ്ഡഡ് സ്കൂളുകളിൽ അവരുടെ കുട്ടികൾക്ക് പരിശോധനാവേളയിൽ കൂടുതലായി കൈവിട്ടു സഹായിക്കാൻ സാധ്യതയുള്ള സംവിധാനത്തെക്കുറിച്ച് സൂക്ഷ്മതയോടുകൂടി നിരീക്ഷിക്കണം. കാരണം അൺ എയ്ഡഡ് സ്കൂളുകൾ വളരെ കൂടുതലാണ്. കൊല്ലം ഡി.ഡി. ഒരു ഉത്തരവ് പുറപ്പെടുവിച്ചു. എന്റെ മണ്ഡലത്തിലെ ചാത്തന്നൂർ എ.ഇ.ഒ.-യുടെ കീഴിൽ വരുന്ന 13 സ്കൂളുകളിൽ സ്പെഷ്യൽ അധ്യാപകരുടെ (മ്യൂസിക്, നീഡിൽ വർക്ക്, അറബിക് തുടങ്ങിയവ) പോസ്റ്റ് അബോളിഷ് ചെയ്തുകൊണ്ട് ഡി.ഡി. ഓർഡർ നമ്പർ എ1/35600/ഡി.ഡി. തീയതി 13.4.2004 ആയി ഡി. ഡി. ഉത്തരവ് പുറപ്പെടുവിച്ചു. ഈ ഉത്തരവ് വളരെ കഷ്ടമാണ്. എന്നെ ആ അദ്ധ്യാപകർ വന്ന് കണ്ടു. ഒരാൾക്ക് പെൻഷൻ പറ്റാൻ ഇനി 9 മാസം. വേറൊരാൾക്ക് ഇനി ഒന്നര വർഷം. ഇങ്ങനെയുള്ളവരെയാണ് ഈ ഉത്തരവിലൂടെ വഴിയാധാരമാക്കിയിരിക്കുന്നത്. അത് പിൻവലിക്കാനുള്ള നടപടിയുണ്ടാകണം. സാംസ്കാരിക രംഗത്ത് എന്നെ വളരെ വേദനിപ്പിച്ച ഒരു സംഭവമുണ്ട്. പൊൻകുന്നം വർക്കിയെപ്പോലെ ധിഷണാശാലിയായ സാഹിത്യകാരൻ മരിച്ചിട്ട് തിരിഞ്ഞുനോക്കാൻ ഒരൊറ്റ സാഹിത്യകാരനുമില്ലായിരുന്നു. ആകെ പോയത് സുകുമാർ അഴീക്കോട്. കുഴി വെട്ടിമൂടാൻ നേരത്ത്. അവസാനമായി കടമ്മനിട്ട എത്തി. ഇത് കഷ്ടമാണ്. കാള പെറ്റാൽ കയറെടുക്കുന്ന സാഹിത്യകാരന്മാർ ധർണ്ണ നടത്താനും ഗവണ്മെന്റ് എന്തെങ്കിലും കൊണ്ടുവന്നാൽ പ്രസ്താവന യുദ്ധം നടത്താനും തയ്യാറാകുന്ന ഒറ്റ സാഹിത്യകാരനേയും അവിടെ കണ്ടില്ല. സാംസ്കാരിക വകുപ്പ് എസ്. എസ്. എൽ. സി.-ക്ക് മലയാളത്തിൽ 100 മാർക്ക് വാങ്ങിയ എന്റെ മണ്ഡലത്തിലെ ശ്യാമ എന്ന കുട്ടിക്ക് മെഡൽ കൊടുത്തു. നല്ലൊരു കാര്യമാണ്. അതിന് സാംസ്കാരിക വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. നമ്മുടെ സ്പോർട്സ് വകുപ്പ് 1987-ൽ സ്ഥാപിതമായ ആ വകുപ്പിന്റെ പ്രവർത്തനങ്ങൾ വളരെ ഊർജ്ജിതമാക്കി. യുദ്ധകാലാടിസ്ഥാനത്തിൽ നമ്മുടെ ഇളംതലമുറയ്ക്ക് ഇന്ന് സ്കൂളുകളിൽ പോകുന്നതിന് സ്കൂൾ ബസ്സുകൾ ഏർപ്പെടുത്തണം. അവർക്ക് ഒരിക്കലും നടക്കാൻ....നമ്മളൊക്കെനടന്നാണ് പഠിച്ചത്. അതുകൊണ്ട് നിർബന്ധമായും ഈ വകകാര്യങ്ങൾക്ക് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് ഈ വകുപ്പിനെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. മമ്മൂട്ടി: വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നീ വകുപ്പുകളിലേയ്ക്ക് അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. രാഷ്ട്രത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നത് ക്ലാസ് മുറികളിൽ വച്ചാണ്. സ്വാഭാവികമായും ആ ക്ലാസ് മുറികൾ ശക്തമാവണം, യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന സമീപനത്തോടുകൂടിതന്നെ അതിനെ കൈകാര്യം ചെയ്യണം. ഈയടുത്ത കാലത്തായി വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ പരിഷ്ക്കാരങ്ങൾ വരുത്തിക്കൊണ്ട് വമ്പിച്ച മുന്നേറ്റം നടത്താൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. നിഷ്ക്കളങ്കവും നിഷ്കാമ കർമ്മനുമായ ജനാബ് സൂപ്പി ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ വരുത്തണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും കേരള പ്പിറവിക്കുശേഷം ഇത്രയും കാലമുണ്ടായ വികസനത്തേക്കാൾ കൂടുതൽ ഈ രംഗത്ത് മുന്നേററമുണ്ടാക്കാൻ സാധിക്കുകയും ചെയ്തിട്ടുമുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകൾ മനസ്സുകൊണ്ട് അത് സമ്മതിക്കും, പ്രതിപക്ഷത്തായതുകൊണ്ടുള്ള ബുദ്ധിമുട്ടുകൊണ്ട് പറഞ്ഞില്ലാ എന്ന് മാത്രമേയുള്ളൂ. ഇവിടെ നേരത്തെ 37 ശതമാനം വിദ്യാഭ്യാസ ത്തിന് ബഡ്ജറ്റ് വിഹിതം നീക്കി വച്ചിരുന്നു. ഇപ്പോൾ അത് 19 ശതമാനമായിട്ട് കുറഞ്ഞിട്ടുണ്ട്. കാരണം ദേശീയതലത്തിൽ മൊത്തം വരുമാനത്തിന്റെ 6 ശതമാനം വിദ്യാഭ്യാസ മേഖലയ്ക്ക് വിനിയോഗിക്കുമ്പോൾ കേരളം പിന്നോട്ടുപോകരുത്. കൂടുതൽ വിനിയോഗിക്കാൻ തയ്യാറാകണം. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം ഇന്ന് ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയ കുതിച്ചുകയറ്റം നടക്കുകയാണ്. അവിടെ എത്തണമെങ്കിൽ, പ്രാഥമിക മേഖലയിൽ, പ്രീ പ്രൈമറി തലത്തിൽ വിദ്യാഭ്യാസം ശക്തമായ നിലവാരമുള്ളതാക്കി മാറ്റണം. കഴിഞ്ഞ ദിവസം യു.ജി.സി. ചെയർമാന്റെ ഒരു സ്റ്റേറ്റ്മെന്റ് കണ്ടു. രാജ്യത്തുതന്നെ മൊത്തം 7 ശതമാനം മാത്രമേ ഉന്നത വിദ്യാഭ്യാസരംഗത്ത് എത്തുന്നുള്ളൂ. 17 ശതമാനം മാത്രമേ തൊഴിൽ മേഖലയിലേയ്ക്ക് പോകുന്നുള്ളൂ. ബാക്കിയുള്ളത് മുഴുവൻ ആർട്സ്, സയൻസ്, കോമേഴ്സ് എന്നീ മേഖലകളിലേയ്ക്ക് പോവുകയാണ്. പ്രാഥമിക തലത്തിലുള്ള വിദ്യാഭ്യാസം എന്നു പറയുമ്പോൾ നമ്മൾ ഇലക്ട്രോണിക് ഐ. ടി. മേഖലയിൽ മുന്നേറുമ്പോഴും കേരളത്തിലെ തീരദേശ മലയോര മേഖല ഇന്നും കാളവണ്ടി യുഗത്തിലാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം തീരദേശമേഖലയിലും മലയോര മേഖലയിലും യു. പി. സ്കൂളുകൾ ഇല്ലാത്തതു കൊണ്ട് ഡ്രോപ്പൗട്ട്സ് ഉണ്ടാകാറുണ്ട്. എൽ. പി. സ്കൂളുകളും യു. പി. സ്കൂളുകളും ഇന്ന് ആവശ്യത്തിന് മലയോര മേഖലകളിലില്ല. 13 വയസ്സുവരെ വിദ്യാഭ്യാസം നേടണ മെന്നുള്ളത് മൗലികമായ അവകാശമാണ്. ആ നിലയിൽ ആവശ്യമായ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും അനുവദിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. എന്തുതന്നെ സാമ്പത്തിക ബാധ്യതയുണ്ടായാലും മൗലികാവകാശം എന്ന നിലയ്ക്ക് അവ അനുവദിക്കാൻ ഗവണ്മെന്റ് തയ്യാറാകണം. നഴ്സറി സ്കൂളുകൾ കൂണുപോലെ വ്യാപകമായിട്ടുണ്ട്. പക്ഷേ, പാവപ്പെട്ട കുട്ടികൾക്ക് നഴ്സറി സ്കൂളിൽ ചേരാൻ കഴിയുന്നില്ല. എല്ലാ എൽ. പി. സ്കൂളിനോടും അനുബന്ധിച്ച് പ്രീ പ്രൈമറി സ്കൂളുകൾ ഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം. ഇപ്പോൾ മലബാർ മേഖലയിലെ എല്ലാ ജില്ലകളിലും നിയോജക മണ്ഡലങ്ങൾ വർദ്ധിച്ചിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ജനസംഖ്യാവർദ്ധനവനുസരിച്ച് നിയോജകമണ്ഡലങ്ങളുടെ എണ്ണം വർദ്ധിച്ചു. ഏതാണ്ട് രണ്ടുമൂന്നു ഗവണ്മെന്റുകൾ മാറിമാറി വന്നിട്ടുണ്ട്. അതിനനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഗവണ്മെന്റ് മേഖലയിൽ അനുവദിക്കുന്നില്ല. ഇത് ഗൗരവമായ പ്രശ്നമുണ്ടാക്കുന്നുണ്ട്. ഗവണ്മെന്റ് മേഖലയിൽ അനുവദിക്കാതിരി ക്കുമ്പോൾ അൺ എയ്ഡഡ് മേഖലയിൽ മറ്റ് ഏജൻസികൾ തുടങ്ങും. പാവപ്പെട്ടവർക്ക് അവിടെപോയി പഠിക്കേണ്ട അവസ്ഥയുണ്ടാകും. അതുകൊണ്ട് ജനസംഖ്യ ആനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ ഗവണ്മെന്റ് മുന്നോട്ടു വരണം. മറ്റൊരു കാര്യം ആയിരം കുട്ടികൾ വരെയുള്ള ഹൈസ്കൂളുകളും എൽ.പി. സ്കൂളുകളുമുണ്ട്. അത് ബൈഫർക്കേറ്റ് ചെയ്യണം. എൽ. പി. സ്കൂളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ബൈഫർക്കേറ്റ് ചെയ്യുമ്പോൾ അഡീഷണൽ ഫിനാൻസ് കമ്മിറ്റ്മെന്റ് ഉണ്ടാവുകയില്ല. അങ്ങനെ വരാത്ത സാഹചര്യത്തിൽ എട്ട് കി. മീറ്റർവരെ സഞ്ചരിച്ച് സ്കൂളുകളിൽ പോകേണ്ട അവസ്ഥ ഇല്ലാതാക്കുന്നതിന് ഇവിടെ ബൈഫർക്കേറ്റ് ചെയ്തുകൊണ്ട് എൽ.പി. സ്കൂൾ, യു.പി. സ്കൂളാക്കുന്നതിന്, അതുപോലെ കൂടുതൽ എൽ.പി. സ്കൂളുകൾ അനുവദിക്കുന്നതിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗവണ്മെന്റ് സ്കൂളുകളിൽ പല സ്ഥലത്തും അദ്ധ്യാപകരില്ല. ഇപ്പോൾ എയ്ഡഡ് മേഖലയിൽ അനുവദിച്ചുകൊടുത്തതായി പത്രത്തിൽ കണ്ടു. ഗവണ്മെന്റ് സ്കൂളുകളിൽ അഡീഷണലായിട്ട് ഡിവിഷൻ അനുവദിക്കുന്നില്ല. ഗവണ്മെന്റ് അദ്ധ്യാപകരെ നിയമിക്കുന്നില്ല. അതുകൊണ്ട് സംഭവിക്കുന്നത് സ്വകാര്യ മേഖലയിലേയ്ക്ക് പോകാൻ നിർബന്ധിതമാവുകയാണ്. അതുകൊണ്ട് ഗവണ്മെന്റ് ആവശ്യമായ അദ്ധ്യാപകരെ എത്രയും പെട്ടെന്ന് നിയമിക്കാൻ അഡീഷണൽ ഡിവിഷൻ അനുവദിക്കാൻ ശക്തമായ നടപടിയുമായി മുന്നോട്ടുവരണം. ഇവിടെ വലിയൊരു മാറ്റം ഉണ്ടാകുവാൻ പോവുകയാണ്. വിദ്യാഭ്യാസം എന്നുപറയുന്നത് പരീക്ഷയ്ക്കുവേണ്ടി മാത്രമല്ല. വിദ്യ അഭ്യസിക്കുവാൻവേണ്ടിയാണെന്ന യാഥാർത്ഥ്യം ജനങ്ങളിലേയ്ക്ക് എത്തിച്ചുകൊണ്ട് പല പരിഷ്ക്കാരങ്ങളും ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഗ്രേഡിംഗ് സിസ്റ്റം വരുന്നതോടുകൂടി വലിയ മാറ്റം വരാൻ പോവുകയാണ്. നല്ല തുടക്കമാണ്. ഇത്രയും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ പ്രതിപക്ഷത്തുള്ളവർ അഭിനന്ദിക്കുന്നുവെന്ന് ഒരുവാക്ക് പറയാത്തത് പിശുക്കുകൊണ്ടാണ്. അതിനുവേണ്ടി മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ പുതിയ കോളേജുകൾ ആരംഭിക്കുമ്പോൾ അത് തൊഴിലധിഷ്ഠിത മേഖലയിലാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. യു.ജി.സി. ചെയർമാൻ ഏഴ് ശതമാനം മാത്രമേ ഉന്നത വിദ്യാഭ്യാസത്തിനുള്ളൂവെന്ന് പറഞ്ഞു. 17 ശതമാനം മാത്രമേ തൊഴിൽ മേഖലകളിൽ എത്തുന്നുള്ളൂ. ബാക്കിയുള്ള 83 ശതമാനവും ആർട്ട്സ്, സയൻസ് ആന്റ് കോമേഴ്സ് മേഖലകളിലായിട്ട് പോവുകയാണ്. തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രാമുഖ്യം നൽകുവാൻ മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയുവാനുള്ളത്. എസ്.എസ്.എൽ.സി. റിസൾട്ട് വർദ്ധിച്ചുവരുകയാണ്. ഇടതുപക്ഷം എപ്പോഴും സ്വകാര്യമേഖലയെ എതിർക്കുകയും ഗവൺമെന്റ് മേഖലയെ മാത്രമേ ഞങ്ങൾ അനുകൂലിക്കുകയുള്ളൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്യാറുണ്ട്. പക്ഷെ, അത് പ്രസംഗത്തിൽ മാത്രംപോര. പ്രവർത്തിയിലും വേണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് പ്ലസ് ടു ഏറ്റവും കൂടുതൽ എയ്ഡഡ് മേഖലയിലാണ് അനുവദിച്ചത്. എയ്ഡഡ് മേഖലയിൽ അനുവദിച്ചത് എത്രയാണ്? ഗവൺമെന്റ് ഹയർ സെക്കന്ററി മേഖലയിൽ 162 മാത്രമേ അനുവദിച്ചുള്ളൂ. 247 എണ്ണം എയ്ഡഡ് മേഖലയിൽ അനുവദിച്ചു. അതേ വകുപ്പിലെ മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട എം.എൽ.എ. ശ്രീ. പി.സി. ജോർജ് പത്രസമ്മേളനത്തിൽ അത് സംബന്ധിച്ച് പറഞ്ഞത്, 500 കോടിയോളം രൂപയുടെ അഴിമതി നടന്നുവെന്നാണ്. ആ പാർട്ടിയുടെതന്നെ ആള് അങ്ങനെ ഉന്നയിക്കുമ്പോൾ അതിൽ സംശയിക്കുവാൻ ഇടയില്ല. നിങ്ങൾ എയ്ഡഡ് മേഖലകളിൽ 247 സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ വർഷംതന്നെ 286 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചു. എയ്ഡഡ് മേഖലയിൽ 333 വേറെ അനുവദിച്ചിട്ടുണ്ട്. ഗവൺമെന്റ് എല്ലാ മേഖലകൾക്കും പ്രാമുഖ്യം കൊടുത്തു. പ്രതിപക്ഷ-ഭരണപക്ഷമെന്നുനോക്കാതെ യഥേഷ്ടം ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിൽ സ്കൂളുകൾ അനുവദിച്ചുകൊണ്ട് വിപ്ളവം സൃഷ്ടിച്ചിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ 525 മാർക്ക് കിട്ടിയവർപോലും പുറത്തുപോയപ്പോൾ ഇപ്പോൾ 210 മാർക്ക് കിട്ടിയവർക്കുപോലും ഉന്നത പഠനത്തിന് അവസരം ലഭിച്ചു. ആ പ്രശ്നം പരിഹരിച്ച ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. ധാരാളം കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞു, ബഹുമാനപ്പെട്ട സുപ്പിയുടെ വീട്ടിൽ കള്ളൻ കയറിയിട്ട് അവിടെനിന്നും ഒന്നും കിട്ടിയില്ലായെന്ന്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന മന്ത്രിയുടെ വീട്ടിൽ കയറിയിരുന്നുവെങ്കിൽ ലക്ഷങ്ങളും കോടികളും കിട്ടുമായിരുന്നു. ഈ മന്ത്രിയുടെ വീട്ടിൽനിന്നും കിട്ടാത്തത് അഴിമതി രഹിതമായി പ്ളസ് ടു അനുവദിച്ചതുകൊണ്ടാണ്. പ്ളസ് ടു അനുവദിച്ചപ്പോൾ 500 കോടിയോളം രൂപയുടെ അഴിമതിയുണ്ടായിയെന്ന് ആ പാർട്ടിയിലെ ശ്രീ. പി. സി. ജോർജാണ് പറഞ്ഞത്. ഇവിടെ ഇത്രയും സ്ഥാപനങ്ങൾ കൊടുത്തു. ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് നിയമനം കൊടുത്തിട്ട് ഇവർ പോയി. 9000 തസ്തികകൾ അംഗീകരിച്ചത് ഈ ഗവൺമെന്റാണ്. 500 കോടി രൂപയുടെ ബാധ്യതയാണ് വന്നത്. ആ സമയം കഴിഞ്ഞ പ്രാവശ്യത്തെ ബാക്ക്ലോഗ് നികത്താൻ നിങ്ങൾ ശ്രമിക്കേണ്ടിയിരുന്നു. അതുപോലും നോക്കിയില്ല. 500 കോടി രൂപയുടെ ബാധ്യത ഏറ്റെടുത്തുകൊണ്ട് നടപ്പാക്കി. എല്ലാ മേഖലകളിലും റീജിയണൽ ഡയറക്ടറേറ്റ് ഓഫീസ് സ്ഥാപിക്കണം. എങ്കിൽ മാത്രമേ ഉന്നത വിദ്യാഭ്യാസരംഗം കൂടുതൽ നന്നാക്കി മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയൂ. ഉന്നത വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മുന്നേറ്റം നടത്തിയെന്ന് മാത്രമല്ല, ഈ മൂന്നുവർഷംകൊണ്ട് 58-ാളം എഞ്ചിനീയറിംഗ് കോളേജുകൾ കൊടുക്കുവാൻ കഴിഞ്ഞു. 28 ഗവൺമെന്റ് കോളേജുകൾക്ക് തുല്യമാണ്. എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകൾക്കൊക്കെ ധാരാളം സീറ്റുകൾ അനുവദിക്കുവാൻ ഇതുവഴി അവസരം ലഭിച്ചു. അങ്ങനെ വരുമ്പോൾ ഒരുകാര്യം ഉറപ്പുവരുത്തണം. ഇതിന്റെ നിലവാരം, കഴിഞ്ഞ ദിവസം അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ ലാസ്റ്റ് സെമസ്റ്റർ പരീക്ഷയുടെ റിസൾട്ട് വന്നു. അവിടെ അഞ്ച് കോളേജുകളിൽ ആരും പാസ്സായില്ല. 28 കോളേജുകളിൽ അഞ്ച് ശതമാനത്തിന് താഴെയാണ് റിസൾട്ട്. 108 കോളേജുകളിൽ 15 ശതമാനത്തിന് താഴെയാണ്. 40 ശതമാനത്തിന് മുകളിൽ പാസ്സായ 17 എണ്ണമേയുള്ളൂ. 50 ശതമാനത്തിന് മുകളിൽ എട്ടെണ്ണം. അതുപോലെ കേരളത്തിൽ ആകരുത്. അന്യ സ്റ്റേറ്റിൽ നിലവാരമില്ലാത്ത കോളേജുകൾ തുടങ്ങിയതുകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നത് കേരളത്തിലുള്ളവരാണ്. പണ്ട് വിലകുറഞ്ഞ ഇറച്ചിക്കോഴിയും ആടുകളുമൊക്കെയാണ് കേരളത്തിൽ സുലഭമായി ഒഴുകിയിരുന്നത്. ഇന്ന് ശമ്പളമില്ലാത്ത ഡോക്ടറും എഞ്ചിനീയറുമാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കുവാൻ അതിന്റെ ഫാക്കൽറ്റി നിലവാരമുള്ളതാക്കിത്തീർക്കണം. ശക്തമായ നിലപാട് ആ കാര്യത്തിലുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. മൊത്തത്തിൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. ഇവിടത്തെ ജനങ്ങൾക്കുവേണ്ടി, വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഈ മാറ്റമുണ്ടാക്കുന്നതെന്ന് മനസ്സിലാക്കി സഹകരിക്കണമെന്ന് മാത്രമാണ് അപ്പുറത്തുള്ളവരോട് പറയുവാൻ ആഗ്രഹിക്കുന്നത്. സ്പോർട്സ് രംഗത്ത് കരുത്തനായ മന്ത്രി പലതും നടപ്പാക്കി മുന്നോട്ടുപോകുന്നതിൽ സന്തോഷമുണ്ട്. പല പഞ്ചായത്തുകളിലും പ്രത്യേക ഗ്രൗണ്ടുകളുണ്ടാക്കി. എല്ലാ ഗ്രാമീണർക്കും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും കായിക പരിശീലനത്തിനുള്ള അവസരം ഉണ്ടാക്കണമെന്ന് പറയുകയാണ്. സാംസ്കാരിക ജീർണ്ണതയ്ക്കെതിരെ ശക്തിയായി പൊരുതുന്ന സാംസ്കാരിക വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സാംസ്കാരിക നായകന്മാരാരാണോ അല്ലയോ എന്ന് തെളിയിച്ച് തെറ്റും ശരിയും മനസ്സിലാക്കി അവരെ തിരിച്ചുപറയുവാൻ ധൈര്യം കാണിക്കുന്ന അദ്ദേഹം സാംസ്കാരിക രംഗത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിനെ അഭിനന്ദിക്കുക യാണ്. ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് ഒരുകാര്യംകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തും ഈ രംഗത്തുമൊക്കെ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗമുണ്ട്. അവരുടെ ബാക്ക് ലോഗ് നികത്തുന്നതിനുവേണ്ടിയുള്ള വസ്തുതകൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ഒരു കുടുംബത്തിലെ ഒരംഗത്തിന് അംഗവൈകല്യം സംഭവിച്ചാൽ ചികിൽസിക്കുവാനുള്ള സന്മനസ്സ് കാണി ക്കണം. മറ്റ് സഹോദരങ്ങൾ അത് അനുഭാവപൂർവ്വം കാണണം. (മൈക്ക് ഓഫ്) നരേന്ദ്രൻ കമ്മീഷൻ ശുപാർശ ചെയ്തതുപോലെ ബാക്ക് ലോഗ് നികത്തുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുവാൻ എല്ലാ സഹോദരങ്ങളും സഹകരിക്കണ മെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. വിശ്വനാഥൻ</u>: സർ, ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ച നടക്കുമ്പോൾ ഈ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന പരിഷ്ക്കാരങ്ങളേയും നയവ്യതിയാനങ്ങളേയും അനുകൂലിച്ചും പ്രതികൂലിച്ചും ജനങ്ങളുടെ പ്രതികരണം സാരമായി നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട വകുപ്പായ വിദ്യാഭ്യാസവകുപ്പ് ഇന്ന് നേരിടുന്ന പ്രശ്നങ്ങളാണ് വാസ്തവത്തിൽ ഇന്ന് ചർച്ചചെയ്യപ്പെടുന്നത്. ഈ വകുപ്പിൽ പ്രത്യേകിച്ച് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ രണ്ട് കൊല്ലത്തിനിടയിലുണ്ടായിട്ടുള്ള വലിയ കുതിച്ചുചാട്ടം കാണണ്ടായെന്ന് നടിക്കുന്നത് ശരിയല്ല. വളരെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഉന്നത വിദ്യാഭ്യാസ രംഗത്തും മറ്റ് രംഗത്തും ധാരാളം സ്ഥാപനങ്ങളുണ്ടായിട്ടുണ്ട്. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങളാണ് ഇന്ന് ഏറ്റവും ചർച്ചചെയ്യപ്പെടുന്നതും വിമർശിക്കപ്പെടുന്നതും. അതിന് ശാശ്വതമായ പരിഹാര മുണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഗവൺമെന്റ് ഒരു ബില്ല് അവതരിപ്പിച്ചത്. ഒരു ബില്ല് കൊണ്ടുമാത്രം പരിഹരിക്കുവാൻ സാധിക്കുമോയെന്ന് ആലോചിക്കേ ണ്ടതായിട്ടുണ്ടെന്ന് എനിക്ക് തോന്നുകയാണ്. ആ ബില്ല് അവതരിപ്പിച്ച് കഴിഞ്ഞപ്പോഴും സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന അതിന് നേതൃത്വം കൊടുക്കുന്ന മാനേജു മെന്റുകൾ ഒരു വെല്ലുവിളിയോടുകൂടിത്തന്നെയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ആയിരക്കണക്കിനുവരുന്ന വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഇന്ന് വളരെ ആശങ്കയിലാണ്. ഇത് കാര്യമായി ആലോചിക്കേണ്ട ഒരു പ്രശ്നമാണെന്നാണ് എനിക്കു തോന്നുന്നത്. ഒരു വലിയ ജനവിഭാഗത്തെ പ്രത്യേകിച്ച് ഭാവി തലമുറയെ ബാധിക്കുന്ന പ്രശ്നമാണ്. വിദ്യാഭ്യാസത്തിനുവേണ്ടി അവസരം കാത്തുകിടക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരെല്ലാം വളരെയധികം ആശങ്കാകുലരാണ്. രണ്ടു കൊല്ലം

പിന്നിടുമ്പോൾ വാസ്തവത്തിൽ ഇത് ആദ്യം ചിന്തിക്കേണ്ടിയിരുന്നു എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ രംഗത്ത് ഒരു വലിയ വ്യതിയാനം നടത്തുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുമ്പോൾ ആ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എങ്ങനെ നടത്തിക്കൊണ്ടുപോകണം എന്നതിനെക്കുറിച്ച് ആലോചിക്കണം. എൻ.ഒ.സി. കൊടുത്തുകഴിഞ്ഞാൽ തങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു എന്നുള്ള നിലപാട് ഒരു നല്ല കാര്യമല്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടുതന്നെയാണ് ഈ അപകടം ഉണ്ടായത്. എൻ.ഒ.സി. കൊടുക്കുമ്പോൾ തന്നെ സ്വാശ്രയ മേഖലയിൽ ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതു വിധേന നടത്തണം, എന്തൊക്കെ നിയന്ത്രണങ്ങൾ വേണം, അതിന്റെ ഫീസിന്റെ രീതി എന്താണ്, അത് ഏതു തരത്തിലായിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിലുള്ള ഒരു നയരൂപരേഖ തയ്യാറാക്കി അത് മാനേജുമെന്റുകളുടെ പക്കൽ അവതരിപ്പിച്ച് അവർക്കും സ്വീകാര്യമായ രീതിയിൽ ചെയ്തിരുന്നുവെങ്കിൽ ഇന്ന് ഈ ദുരന്തം ഉണ്ടാകുകയില്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. എൻ .ഒ.സി. കൊടുക്കുന്ന അവസരത്തിൽ, എൻ.ഒ.സി. കൊടുത്തിട്ട് തങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു എന്നുള്ള ധാരണ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഈ മേഖലയിൽ ധാരാളം സംഭാവനകൾ ചെയ്തിട്ടുള്ള മാനേജുമെന്റുകളുമുണ്ട്. വെറും ലാഭേച്ഛ മാത്രമല്ല, സേവനം ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന ധാരാളം മാനേജുമെന്റുകൾ ഉണ്ട്. ഡോ. കെ. സി. ജോസഫ് പറഞ്ഞതുപോലെ, അവരെക്കൂടി അംഗീകരിച്ചുകൊണ്ടു ഇത് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണം. ഗവൺമെന്റ് എൻ.ഒ.സി. കൊടുക്കുമ്പോൾ ഈ കോളേജുകളുടെ നടത്തിപ്പിന് ഇന്നയിന്ന രീതിയിലുള്ള നിബന്ധനകൾ, ഫീസിന്റെ ഘടന, മാനേജ്മെന്റ് സീറ്റിന്റെ ഘടന, ഗവൺമെന്റ് സീറ്റുകൾ എന്നിവ നോക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ യാതൊരു തെറ്റുമില്ല. രണ്ട് അൺ എയ്ഡഡ് കോളേജുകൾക്ക് തുല്യം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. പാവപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ആ സമീപനം ആവശ്യമാണ് എന്നുള്ളതിൽ സംശയമില്ല. പക്ഷേ അൺ എയ്ഡഡ് മേഖലയിൽ കോളേജുകൾ നടത്തിക്കൊണ്ടുപോകാൻ ഭാരിച്ച സാമ്പത്തികഭാരമുണ്ടെന്നുള്ള ഒരു സത്യം അംഗീകരിച്ചേ മതിയാകൂ. ആരും സൗജന്യമായിട്ട്, കയ്യിൽ നിന്ന് പണം മുടക്കി പരിപൂർണ്ണമായി സേവനം നടത്താൻ തയ്യാറല്ല. ഇത് നടത്തി കൊണ്ടുപോകാനുള്ള സാമ്പത്തികസംവിധാനം ഉണ്ടാകണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതൊരു വീഴ്ചയായിട്ടു തന്നെയാണ് ഇപ്പോൾ നിലനിൽക്കുന്നത്. രണ്ടു കൊല്ലം കഴിഞ്ഞശേഷം, കഴിഞ്ഞ കാലങ്ങളിൽ എടുത്ത തീരുമാനങ്ങൾ മാറ്റണമെന്നു പറയുമ്പോൾ സ്വാഭാവികമായി ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. കഴിഞ്ഞ കൊല്ലം പിരിച്ച ഫീസ് തിരിച്ചുകൊടുക്കണമെന്നു പറയുമ്പോൾ മാനേജുമെന്റുകൾക്കും ബുദ്ധിമുട്ടുണ്ട്. ഇപ്പോൾ കേരളത്തിൽ ഒരു രംഗത്തും യാതൊരു സമരവുമില്ല. തോട്ടം മേഖലയിലുമില്ല. ബഹുമാനപ്പെട്ട രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ സമരത്തിന്റെ യാതൊരു കാഹളവും മുഴക്കിയില്ല. വ്യവസായമേഖലയിൽ ഇല്ല, ഒരു രംഗത്തും ഒരു സമരവുമില്ല. ഇന്ന് കേരളത്തിൽ രാഷ്ട്രീയപരമായിട്ടുള്ള ഒരു സമരത്തിന് വേദിയൊരുക്കിയിരിക്കുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. അത് തീർച്ചയായിട്ടും പ്രതിപക്ഷത്തിന് ഒരവസരമുണ്ടാക്കി എന്നുള്ളതാണ്...........

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പ്രതിപക്ഷത്തിന്റെ സമീപനം ഈ കോൺസെപ്റ്റ് പൊളിക്കുക എന്നുള്ളതാണ്. കേരളത്തിൽ ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നമ്മളുണ്ടാക്കിയിട്ടുള്ള നൂതനമായ ഒരു പരീക്ഷണമാണിത്. ഈ പരീക്ഷണത്തെ എങ്ങനെയും പൊളിക്കണമെന്നുള്ളതാണ്. പക്ഷേ അതിന്റെ ഫലം കിട്ടുന്നത് തമിഴ്നാട്ടിലും കർണ്ണാടകത്തിലുമുള്ള വിദ്യാഭ്യാസ മുതലാളിമാർക്കാണെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. കെ. പി. വിശ്വനാഥൻ:</u> ബഹുമാനപ്പെട്ട തിരവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് 100 ശതമാനവും സത്യമാണ്. അതിലൊന്നും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ഇതിലൊരു പ്രശ്നമുള്ളത്, പ്രതിപക്ഷം ഇതൊരു സമരവേദിയാക്കി മാറ്റിയിട്ടില്ല. ഡി. വൈ. എഫ്. ഐ-യും എസ്.എഫ്.ഐ-യും ഇതൊരു സമര വേദിയാക്കി മാറ്റിയിരിക്കുകയാണ്. പോലീസിന് പണിയുണ്ടാക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നയം, ഈ ഗവൺമെന്റ് ആദ്യം തന്നെ ഈ പ്രശ്നത്തിൽ വ്യക്തമായിട്ടുള്ള ഒരു തീരുമാനം എടുത്തിരുന്നുവെങ്കിൽ, ഒരുപക്ഷേ പകുതി കോളേജുകൾപോലും തുടങ്ങാൻ ആളുകൾ ഉണ്ടാകുമായിരുന്നില്ല. ഇന്നത്തെ രീതിയിലാണെങ്കിൽ പകുതി മാനേജുമെന്റുകൾ പോലും തുടങ്ങാൻ മുന്നോട്ടു വരുമായിരുന്നില്ല എന്നാണ് എനിക്കു തോന്നുന്നത്. പക്ഷേ തുടങ്ങിക്കഴിഞ്ഞു. ഗവൺമെന്റ് ഇതിൽ വ്യക്തമായിട്ടുള്ള ഒരു നിലപാട് സ്വീകരിക്കണം. തക്ക സമയത്ത് പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായിട്ടുള്ള പരിഹാരനിർദ്ദേശങ്ങൾ മുന്നോട്ടുവച്ച് അതു പാലിക്കാനുള്ള ബാധ്യത ഗവൺമെന്റിനും മാനേജ്മെന്റിനുമുണ്ടെന്നുള്ള രീതിയിൽ പ്രശ്നങ്ങൾ പരിഹരിച്ചിരുന്നുവെങ്കിൽ ഇന്ന് നമ്മുടെ വിദ്യാഭ്യാസ രംഗവും സാമൂഹ്യരംഗവും ശാന്തമാകുമായിരുന്നു. കേരളത്തിൽ ഇന്ന് എല്ലാ രംഗത്തും മുന്നേറ്റമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ മുന്നേറ്റമാണ്. എത്ര കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടായി? പത്തിരുപതിനായിരം വിദ്യാർത്ഥികൾക്ക് കേരളത്തിൽ എൻജിനീയറിംഗ് കോളേജുകളിൽ, നഴ്സിംഗ് കോളേജുകളിൽ, ബി.എഡ്ഡിന്, എം.ബി.എ.-യ്ക്ക്, എം.സി.എ.-യ്ക്ക് ഒക്കെ പ്രവേശനം ലഭിക്കുന്ന സാഹചര്യമുണ്ടായി. ഇതൊക്കെ നമ്മുടെ കുട്ടികളെ സംബന്ധിച്ചിടത്തോളം ആദ്യത്തെ അനുഭവമാണ്. എല്ലാവരും ബാംഗ്ളൂരിലും മദ്രാസിലും പോകുമായിരുന്നു. അവിടത്തെ സ്റ്റാൻഡേർഡ് ഇവിടെ ആയിട്ടില്ല. ഇപ്പോഴും സെന്റർ ഓഫ് എക്സലൻസ് എന്ന ആശയം നമ്മളിൽ പലരും പറയുന്നുണ്ടെങ്കിലും അതുപോലെ നിലവാരമുള്ള കോളേജുകൾ സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. സാധാരണ രീതിയിലുള്ള ഒരു വിദ്യാഭ്യാസം മാത്രം നടക്കുന്ന കോളേജുകളാണ് ഒരു നിയമനിർമ്മാണം കൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കാമെന്ന വിശ്വാസക്കാരനല്ല ഞാൻ. ആവേശത്തിന്റെ പേരിൽ പലരും പലതും പറയുന്നുണ്ടെങ്കിലും ഇവിടത്തെ പ്രശ്നം ശാശ്വതമായി പരിഹരിച്ച് ഇലയ്ക്കും മുള്ളിനും കേടുവരാത്ത രീതിയിൽ, ഇന്ന് ആരും തൃപ്തരല്ല. വിദ്യാർത്ഥികൾ വളരെ ആശങ്കയിലാണ്, മാനേജുമെന്റുകളും രക്ഷകർത്താക്കളും ആശങ്കയിലാണ്. അനാവശ്യമായിട്ടുള്ള സമരം ഇവിടെ നടക്കുകയാണ്. മാനേജുമെന്റുകൾ 15-ാം തീയതി മുതൽ കോളേജുകൾ മുഴുവൻ അടച്ചിടുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് പരിഹരിക്കണ്ടേ? തീർച്ചയായിട്ടും ഗവൺമെന്റും വിദ്യാഭ്യാസവകുപ്പുമന്ത്രിയും ഈ പ്രശ്നം ഏതെങ്കിലും തരത്തിൽ പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള മാർഗ്ഗം നിർദ്ദേശിച്ചുകൊണ്ട് മുന്നോട്ടുപോകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ വച്ചതുകൊണ്ട് ചോദിക്കുകയാണ്. ഇതിനേക്കാൾ കുറഞ്ഞ ഫീസ് നിരക്കും വിദ്യാർത്ഥി പ്രവേശനത്തിൽ മെറിറ്റ് മാനേജ്മെന്റ് ക്വാട്ട എന്ന അനുപാതം, 75 ശതമാനം/ 25 ശതമാനം എന്ന അനുപാതമാക്കിയിട്ടുപോലും കർണ്ണാടകത്തിൽ നല്ല നിലയിൽ ഈ കോളേജുകൾ നടത്താൻ അവർക്കുകഴിയുന്നു. ഒരു സ്ഥാപനവും പൂട്ടിയിട്ടില്ല എന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് അങ്ങു മുൻകൈ എടുത്ത്, ഭരണ-പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാർ കർണ്ണാടകത്തിൽ പോയി കാര്യങ്ങൾ മനസ്സിലാക്കിയിട്ട് അതു നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുമോ?

ശ്രീ. കെ. പി. വിശ്വനാഥൻ: ഞാൻ വെസ്റ്റ് ബംഗാളിലേയ്ക്കും വരാം. അവിടെ 48,000 രൂപയാണ് ഫീസ് വാങ്ങിക്കുന്നത്. ഗവൺമെന്റ് നടത്തുന്ന ഐ.എച്ച്.ആർ.ഡി. കോളേജിൽ പിരിക്കുന്ന ഫീസ്, നിങ്ങൾ നിശ്ചയിച്ച ഫീസ് വാങ്ങിക്കാൻ ഇവിടെ നിങ്ങൾ അനുവദിക്കുമോ? 48,000 രൂപയാണ്. ഒരു ലക്ഷം രൂപയാണ് ഡെപ്പോസിറ്റ്. 48,000 രൂപ ഫീസ് എല്ലാവരും കൊടുക്കണം. കർണ്ണാടകയിലും ഈ രീതിയിലുള്ള നിലവാരം വന്നു. അവർ ബാർഗെയ്നിംഗ് നടത്തുകയാണ്. അവിടെ ഇപ്പോൾ ലേലം വിളിയാണ്. അവർക്ക് ചില കമ്പനികളുമായി...........എങ്ങനെയാണ് മാവൂർ റയോൺസ് അടച്ചത്? അവർ മുഴുവൻ പൈസയും സമ്പാദിച്ചുകഴിഞ്ഞു. ആയിരമിരട്ടി രൂപയാണ് അവർക്ക് കിട്ടിയത്. അവർക്ക് ഇനി ഇതടച്ചാലും ലാഭമാണ്. അതാണ് കർണ്ണാടകത്തിൽ എടുത്ത നിലപാട്. ഇതിൽ പ്രായോഗികമായ ഒരു നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എല്ലാവരുമായി ആലോചിച്ചുണ്ടാക്കി, നിയമ നിർമ്മാണം കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കുമെന്നുള്ള ധാരണയിൽ നിൽക്കാതെ ഈ ക്രൈസിസിൽ നിന്നും നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ രക്ഷിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇടതുപക്ഷവിദ്യാർത്ഥി പ്രസ്ഥാനങ്ങളും ഇടതുപക്ഷവും ഇതിനെ എതിർക്കുന്നത് പണ്ട് യു.ഡി.എഫ്. ഗവൺമെന്റ് പ്രീഡിഗ്രി ബോർഡ് കൊണ്ടുവന്നപ്പോൾ രാജ്യമാസകലം സമരം നടത്തിയശേഷം പിന്നീട് അവർ തന്നെ അത് നടപ്പാക്കുകയും ചെയ്തു. അതുപോലെ ഇനി അധികാരത്തിൽ വന്ന് അവർ തന്നെ ഇത് നടപ്പാക്കുമെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. പി. വിശ്വനാഥൻ: സ്വകാര്യ സംഭാഷണത്തിൽ മുഴുവൻ നമ്മുടെ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ ഇത് പ്രായോഗികമല്ല, ശരിയല്ലെന്നു പറയുന്നവരാണ്. അതവരുടെ അരമനയിലും പോയി പറയുന്നുണ്ട്, അതിൽ യാതൊരു സംശയവുമില്ല. അതൊക്കെ എനിക്കറിയാവുന്നതുകൊണ്ട് ഞാൻ പറഞ്ഞുവെന്നേ യുള്ളു. എനിക്ക് കോഴിക്കോട് സർവ്വകലാശാലയെക്കുറിച്ച് ഒരു വാക്ക് പറയാനുണ്ട്, അവിടെ വൈസ്ചാൻസലർ ഉണ്ടെന്നാണ് പറയുന്നത്. അദ്ദേഹം എന്നും ടൂറിലാണ്, അദ്ദേഹത്തെ ആ യൂണിവേഴ്സിറ്റിയിൽ കാണാൻ സാധിക്കുന്ന ഒരു സ്ഥലത്തിരു ത്തണം. അതുമാത്രമല്ല, അവിടെ നടത്തുന്ന പരീക്ഷയുടെ റിസൾട്ട് ഒരിക്കലും സമയത്ത് പ്രസിദ്ധീകരിക്കാറില്ല. അതുപോലെതന്നെ കഴിഞ്ഞ പ്രാവശ്യം അവിടത്തെ ഒരു പ്രൊഫസർ 10-20 ആളുകളെ പരീക്ഷാപേപ്പർ നോക്കാനായി Hire ചെയ്തിരി ക്കുകയാണ്. ഒരു പേപ്പർ നോക്കിയാൽ രണ്ടുരൂപ കൊടുക്കും മൂന്നുരൂപ അദ്ദേഹമെടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ബോർഡിൽ എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തെ ലൈൻമാൻമാരുടെ ജോലിയായിരുന്നു അത്. ലൈൻമാന്മാർ വേറെ ആളെ നിർത്തിയിട്ട് കുറച്ചു രൂപ കൊടുക്കും ബാക്കി അവരെടുക്കും. ഞാൻ മനസ്സിലാക്കിയ ഒരു കാര്യം, കുട്ടികളുടെ ഹാൾടിക്കറ്റിനുപുറത്ത് instructions എഴുതിയിട്ടുണ്ട്, ആ instructions ഭംഗിയായി എഴുതിയ കുട്ടി പാസ്സായി, എന്നാൽ നല്ലവണ്ണം പരീക്ഷ എഴുതിയ കുട്ടി പാസ്സായിട്ടില്ല. അതാണ് ആ യൂണിവേഴ്സിറ്റിയിൽ നടക്കുന്നത്. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ഒന്നുകിൽ മൊത്തത്തിൽ ഒരു ശുദ്ധീകരണം നടത്തണം അല്ലെങ്കിൽ പെട്രോൾ ഒഴിച്ച് തീവയ്ക്കണം. അതുപോലെ തന്നെ സമയത്ത് ഹാൾടിക്കറ്റ് കിട്ടാനുള്ള ഒരു സംവിധാനമുണ്ടാക്കണം, മിക്കവാറും പരീക്ഷാ ദിവസമാണ് കിട്ടുന്നത്. പരീക്ഷാ ദിവസം ഹാൾ ടിക്കറ്റ് കിട്ടുക, കുട്ടികളെ കണ്ടീഷണലായി പരീക്ഷാ ഹാളിൽ കടത്തിയിരുത്തുക, അതുപോലെ വന്നാൽ ഹാൾ ടിക്കറ്റ് കൊടുക്കും വന്നില്ലെങ്കിൽ കൊടുക്കില്ല ഇങ്ങനെയുള്ള രീതികളൊക്കെ മാറ്റണം. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയോട് എനിക്ക് ഒരു കാര്യം പറയാനുള്ളത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെയധികം പണംചെലവാക്കി, മിക്ക സംസ്ഥാനങ്ങളിലും പോയി തെളിവെടുപ്പു നടത്തി സെലക്ട് കമ്മിറ്റിക്കുവിട്ട് പാസ്സാക്കിയിരുന്ന ആ ബില്ലിന്റെ സ്ഥിതി ഇപ്പോൾ എന്തായി? വളരെയധികം നല്ല കാര്യങ്ങൾ അദ്ദേഹം ചെയ്യുന്നുണ്ട്, ആ ബില്ലിന്റെ ഗതിയെന്താണ്, ആ ബിൽ ക്യാൻസൽ ചെയ്യുന്നുണ്ടോ അതിന്റെ റൂൾസ് കൊണ്ടുവന്ന് നടപ്പിലാക്കുന്നുണ്ടോ എന്താണെന്നുള്ളത് വെളിപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ വളരെ സന്തോഷപൂർവ്വം ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. മത്തായി ചാക്കോ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇപ്പോൾ മൂന്നുവർഷവും രണ്ട് മാസവും പൂർത്തിയാകുകയാണ്. ഈ കാലയളവിൽ വിദ്യാഭ്യാസമേഖല സമ്പൂർണ്ണമായ തകർച്ചയിലായി. മലയാളത്തിൽ സാധാരണയായി നമ്മളെല്ലാം പറയാറുള്ള ഒരു പഴഞ്ചൊല്ലുണ്ട്, 'കരിമ്പിൻ തോട്ടത്തിൽ ആന കയറിയപോലെ' എന്ന് ആ ചൊല്ല് വിദ്യാഭ്യാസ മേഖലയിൽ സൂപ്പി കയറിയപോലെ എന്നാക്കുകയായിരിക്കും നല്ലത് എന്നാണ് എന്റെ അഭിപ്രായം. കേരളീയ വിദ്യാഭ്യാസ മേഖല സർവ്വത്ര അഴിമതിയും സ്വജന പക്ഷപാതവും അരാജകത്വം നിറഞ്ഞതുമായി മാറിയെന്നുള്ളത് ഭരണകക്ഷി അംഗങ്ങളുടെതന്നെ പ്രസംഗത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയും. ചില കാര്യങ്ങൾ അവർതന്നെ പറഞ്ഞുകഴിഞ്ഞു. വിദ്യാർത്ഥികളും രക്ഷകർത്താക്കളും ബഹുജനങ്ങളുമെല്ലാം തീർത്തും ആശങ്കയിലാണ്. സ്കൂൾ തുറന്നിട്ട് ഒന്നരമാസമായി, നാലാംക്ലാസ് ഉൾപ്പെടെയുള്ള പല ക്ലാസ്സുകളിലും ഇനിയും പാഠപുസ്തകങ്ങൾ എത്തിയിട്ടില്ല. ജൂലായ് മാസം പകുതിയായിട്ടും കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം ഇതുവരെ നടന്നുകഴിഞ്ഞിട്ടില്ല, അത് എന്നു നടക്കുമെന്ന് ആർക്കും പറയാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. വിജ്ഞാന വിതരണ കേന്ദ്രങ്ങളായിട്ടുള്ള സർവ്വകലാശാലകളെ ഈ ഗവൺമെന്റ് സമ്പൂർണ്ണമായി തകർത്തു. ഒരു ഭരണകക്ഷി അംഗത്തിനുതന്നെ യു.ഡി.എഫ്.-ന്റെ മൂന്നു വർഷക്കാലത്തെ ഭരണത്തിനിടയ്ക്ക് ഒരു സർവ്വകലാശാലയ്ക്ക് തീ വയ്ക്കണമെന്നു പറയേണ്ടിവന്ന രൂപത്തിലേയ്ക്ക് സർവ്വകലാശാലകളെ മുഴുവൻ തകർക്കുന്ന നിലയിലേയ്ക്ക് ഭരണം



LIBRARY ARCHIVES Kerala Legislative Assembly

എത്തി. വിദ്യാഭ്യാസത്തെ ഒരു കമ്പോളമാക്കി മാറ്റി ആ കമ്പോളത്തിലെ കച്ചവടക്കാരായിട്ടുള്ള ആളുകളുടെ ലേലംവിളികളും കമ്പോളത്തിലെ ബഹളവും അവിടെയുള്ള വില്പന ഏർപ്പാടുകളുമെല്ലാം ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. വളരെ സമ്പുഷ്ടമായിട്ടുള്ള ഒരു പൊതുവിദ്യാഭ്യാസ സമ്പ്രദായമാണ് ഈ കേരളത്തിലുള്ളത്. സ്ക്കൂൾ, കോളേജ്, പ്ലസ് ടു, അതുപോലെ പ്രൊഫഷണൽ വിദ്യാഭ്യാസം എന്നീ മേഖലകളിൽ എല്ലാംകൂടി ഏതാണ്ട് 55 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളും രണ്ട് ലക്ഷത്തോളം വരുന്ന അധ്യാപകരുമുണ്ട്. ഈ വിദ്യാഭ്യാസ മേഖല സമ്പൂർണ്ണമായി തകർന്നു എന്നുള്ളതിന്റെ ദൃഷ്ടാന്തമാണ് കെ.പി.സി.സി.-യുടെ എക്സിക്യൂട്ടീവ് കസേരയിൽ ബെൽറ്റിട്ട് യോഗം ചേർന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പ് ലീഗിൽ നിന്നും തിരിച്ചെടുക്കണമെന്നു തീരുമാനിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, I am on a point of order. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയെ അനാവശ്യമായി ഇവിടെ ക്വോട്ട് ചെയ്തുകൊണ്ട് കെ.പി.സി.സി. ചില തീരുമാനങ്ങളെടുത്തുവെന്ന് ശ്രീ. മത്തായി ചാക്കോയും മറ്റുചില സ്നേഹിതന്മാരും രാവിലെ മുതൽ പറയുന്നുണ്ട്. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ യോഗത്തിൽ അതുപോലുള്ള ഒരു ചർച്ചയോ ഒരു തീരുമാനമോ വന്നിട്ടില്ല. അങ്ങനെയൊരു തീരുമാനം വന്നുവെന്നു പറയുന്നത് അവിടെ ഭിന്നിപ്പുണ്ടെന്ന് വരുത്തിത്തീർത്ത് ഈ ചർച്ചയെ വഴിതെറ്റിക്കുന്നതിനുവേണ്ടി നടത്തുന്ന ശ്രമമാണ്. അതുകൊണ്ട് റൂൾ 307 അനുസരിച്ച് അത് expunge ചെയ്യണം, റിക്കോർഡിൽ കാണരുത്.

ശ്രീ. മത്തായി ചാക്കോ: കേരളത്തിലെ വിദ്യാഭ്യാസ മേഖല സമ്പൂർണ്ണമായി തകർന്നു. ഞങ്ങളുടെ വടക്കൻ കേരളത്തിൽ ഒരു ചൊല്ലുണ്ട്, 'കുരിക്കൾ നിന്നുപാത്തിയാൽ കുട്ടികൾ നടന്നുപാത്തുമെന്നാണ്' ആ ചൊല്ല്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് മലയാളമനോരമ ഒരു സർവ്വേ പ്രസിദ്ധീകരിക്കുകയുണ്ടായി. എ.ഇ.ഒ., ഡി. ഇ. ഒ., ഡി.പി.ഐ. ഓഫീസുകൾ മുതൽ മന്ത്രിയുടെ ഓഫീസ് വരെയെത്തുന്ന അഴിമതികളുടെ പരമ്പര അവർ പ്രസിദ്ധീകരിച്ചു. ഇവിടെ ഒരു ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മലയാള മനോരമ ഏതായാലും ഇടതുപക്ഷത്തെ അനുകൂലിക്കുന്ന ഒരു പത്രമൊന്നുമല്ലല്ലോ; അവർ എഡിറ്റോറിയൽ എഴുതി, അത് കാണിക്കുന്നത് ഈ മൂന്നുവർഷത്തിനിടയ്ക്ക് ഏതു തരത്തിൽ വൃത്തികേടാക്കി എന്നുള്ളതിന്റെ സ്പഷ്ടമായിട്ടുള്ള ഉദാഹരണമാണ്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകളുമായി സർക്കാർ ഒത്തുകളിക്കുകയാണ്. ഇതുവരെ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ നടന്നിട്ടില്ല, നഷ്ടമാണെന്നാണ് മാനേജുമെന്റ് പറയുന്നത്. കഴിഞ്ഞ ദിവസം അസംബ്ലി കഴിഞ്ഞ് ഞാൻ കോഴിക്കോട്ടേയ്ക്ക് പോകുന്ന വഴിക്ക് ഒരു കുട്ടിയുടെ രക്ഷകർത്താവുമായി നേരിട്ട് സംസാരിക്കാനിടയായി. ആ രക്ഷകർത്താവ് അമലാ മെഡിക്കൽ കോളേജിൽ അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള സീറ്റ് ബുക്കുചെയ്തിട്ട് വരികയാണ്. 15 ലക്ഷം രൂപയടച്ചാണ് ബുക്കുചെയ്തിട്ടുള്ളത്. അങ്ങനെ 200 കുട്ടികളുണ്ടെന്നാണ് പറയുന്നത്. അപ്പോൾ 15 ലക്ഷം രൂപവച്ച് ഏതാണ്ട് ഏഴരക്കോടിയോളം രൂപയാണ് ഒരു വർഷം

LIBRARY ARCHIVES Kerala Legislative Assembly

'മെഡിക്കൽകോളേജ് മാനേജുമെന്റിന് ലഭിക്കുന്നത്. പിന്നെന്താണ് ബുദ്ധിമുട്ട്? ഇവിടെ ഭരണകക്ഷി പറഞ്ഞിരുന്ന വാഗ്ദാനങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് സ്വകാര്യ മാനേജുമെന്റുകൾക്ക് കീഴടങ്ങുന്ന നിലപാടുകൾ സ്വീകരിച്ചു. ബി.എഡ്. കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ആക്ഷേപങ്ങൾ നിലനിൽക്കെതന്നെ 75 കോളേജുകളിൽ കൂടി ബി.എഡ് . കോഴ്സ് അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനം വന്നു. ഞാൻ ഇവിടെ എക്സ്പെർട്ട് കമ്മിറ്റിയുടെ സ്കോർ ഷീറ്റ് ഹാജരാക്കുകയാണ്. ആ സ്കോർ ഷീറ്റിൽതന്നെ ഈ 75 എണ്ണം കൊടുത്തിട്ടുള്ളതിൽ മൂന്നു കോളേജുകളിൽ രണ്ടാഴ്ചയ്ക്കിടയിൽ നടന്നിട്ടുള്ള പരിശോധനയിൽ മാർക്ക് വാണംപോലെ ഉയർന്നു. ബുദ്ധകോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന് ഫസ്റ്റ് സ്കോർ ഷീറ്റിൽ മാർക്ക് 50 ഉണ്ട്. ഒരാഴ്ച കഴിഞ്ഞ് പരിശോധന നടത്തിയപ്പോൾ അത് നൂറായി ഉയർന്നു. അതുപോലെ നാദാപുരത്തുള്ള ടി.ഡി.എം. ട്രെയിനിംഗ് കോളേജിന് 45 മാർക്ക് ആദ്യത്തെ ആഴ്ചയിൽ, രണ്ടാമത്തെ ആഴ്ചയിൽ അത് 80 മാർക്കായി മാറി. കണ്ണൂരിലെ ക്രസന്റ് കോളേജ്, കോൺഗ്രസിന്റെ നേതാവായിട്ടുള്ള കെ.പി. നുറുദ്ദീന്റെ നേതൃത്വത്തിലുള്ള ക്രസന്റ് കോളേജിന് ആദ്യത്തെ മാർക്ക് 45, രണ്ടാമത്തെ ആഴ്ചയിൽ അത് 75 മാർക്കായി ഉയർന്നു. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് നിങ്ങൾ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള ബി.എഡ്. കോളേജുകളുടെ ലിസ്റ്റിൽ കൃത്രിമം നടന്നിരിക്കുന്നു. നിങ്ങൾ യോഗ്യതയില്ലെന്നു പറഞ്ഞ മീനങ്ങാടിയിലെ ബിഷപ്പിന് ഇപ്പോൾ എന്ത് യോഗ്യതയാണുണ്ടായത്? ബിഷപ്പ് അവിടെ എന്ത് മാറ്റമാണ് വരുത്തിയത്? അപ്പോൾ അവിടെ കൃതിമം നടന്നിട്ടുണ്ട്. സ്വജനപക്ഷപാതത്തിന്റെയും അഴിമതിയുടേയും ഒരു കേന്ദ്രമായി കേരളത്തിലെ വിദ്യാഭ്യാസ മേഖല മാറിക്കഴിഞ്ഞിരിക്കുന്നു. സാധാരണ നാണ്യവിള ചെയ്യുന്ന സമയത്ത് ഇടക്കൃഷി നടത്തുന്ന ഒരേർപ്പാടുണ്ട്. വളരെ ലാഭകരമാണ്. ഇവിടെ വിദ്യാഭ്യാസത്തിന്റെ ഇടക്കൃഷിത്താവളങ്ങളെന്നു പറയുന്നത് എസ്.സി.ഇ.ആർ.ടി., എസ്.എസ്.എ., സാക്ഷരതാ മിഷൻ, കം ● ടരവീഹ തുടങ്ങിയ സംവിധാനങ്ങളാണ്. ആ സംവിധാനങ്ങളിലൂടെ വലിയ തോതിലുള്ള അഴിമതി ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. എസ്.എസ്.എ. ഒരു കേന്ദ്രസഹായ പദ്ധതി യാണ്. ആദ്യം 10 കോടി രൂപ കിട്ടി, കഴിഞ്ഞ വർഷം 50 കോടി രൂപ കിട്ടി. ഈ അദ്ധ്യയനവർഷത്തിൽ 170 കോടി രൂപയാണ് കിട്ടിയത്. എസ്.എസ്.എ.-യിൽ നടക്കുന്ന ഏറ്റവും ഗുരുതരമായ അഴിമതികളുടെ കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. ഇത് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പത്തനംതിട്ട ജില്ലാ കമ്മിറ്റി പ്രസിഡന്റായിട്ടുള്ള കെ. ഒ. അബ്ദുൾ റഹ്മാൻ എഴുതിയിട്ടുള്ള കത്താണ്; വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കാണ് എഴുതിയിരിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവർകൾക്ക്, താഴെ പേരും വിലാസവും എഴുതിയിരിക്കുന്നു. പത്തനംതിട്ട ജില്ലയിലെ എസ്.എസ്.എ.-യുടെ ബ്ളോക്ക് റിസോഴ്സ് സെന്റർ–(ബി.ആർ.സി.)–കളിൽ ക്ളാർക്ക്, പ്യൂൺ തസ്തികകളിൽ നിയമനം ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് താൽപ്പര്യപ്പെടുന്നു. രണ്ട് മൂന്നു പേരുകൾ ഞാൻ വായിക്കാം. ഷാജഹാൻ, മൈമൂനത്തുബീവി, അലിമാ ബീവി, മുഷറ, സീനത്തുബീവി, അഹമ്മദ് സാലി, സീമ, വി.എസ്. പി. എം. ഹിദായത്തുള്ള എന്നിങ്ങനെയാണ്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ലെറ്റർ ഹെഡ്ഡിൽ പേരെഴുതിയ ആളുകളുടെ പേരിനു മുകളിൽ ബഹുമാനപ്പെട്ട മന്ത്രി നാലകത്ത് സൂപ്പി എഴുതിയിരിക്കുകയാണ്. Accommodate them and report ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്, ഏത് ബിസിനസ്സ് റൂളിന്റെ



LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് ഒരു പെറ്റീഷന്റെ മുകളിൽ accommodate them and report എന്ന് ഓർഡർ കൊടുത്തത്? ആ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ആ സ്ഥാനത്ത് തുടരാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹം രാജിവെച്ച് പുറത്തുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ കേസ് ഞാൻ പറയാം. ഇത് മലപ്പുറം ജില്ലയിൽ നിന്ന് അപേക്ഷ അയച്ചിരിക്കുകയാണ്. അപേക്ഷ സലിം അലാസ്, സൺഓഫ് അഹമ്മദ് അലി മദനി, ഷറഫി നഗർ, ചെമ്മാട്. ഈ അപേക്ഷയിൽ പറയുന്നത് അദ്ദേഹത്തിന് ബി.ആർ.സി.-യിൽ ഒരു ക്ളറിക്കൽ പോസ്റ്റ് ലഭ്യമാക്കണമെന്നതു സംബന്ധിച്ചാണ്. അൽഭുതകരമായിട്ടുള്ള കാര്യമെന്നുപറയുന്നത് ഈ അപേക്ഷയിലെ ഡേറ്റ് 6-6-2004 ആണ്. ആ അപേക്ഷ കൊടുത്ത ദിവസം തന്നെ സലിം അലാസിനെ Post him in Malappuram District, നാലകത്ത് സൂപ്പി, എഡ്യൂക്കേഷൻ മിനിസ്റ്റർ എന്നെഴുതി അങ്ങയുടെ ഒപ്പും സീലുമാണുള്ളത്. ഇത് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്? മലപ്പുറം ജില്ലയിലെ ഏതോ ഒരു മുസ്ലീം ഒരു പെറ്റീഷൻ കൊടുത്തപ്പോൾ ആ ഡേറ്റിൽതന്നെ Post him in Malappuram District, എന്നു പറഞ്ഞുകൊണ്ട് ഒപ്പിട്ട് സീലും വച്ച് ഓർഡർ കൊടുത്തിരിക്കുകയാണ്. മൂന്നാമത്തെ കാര്യം ഇത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ടി. കെ. ഉമ്മറിന്റെ ലെറ്റർ ഹെഡ്ഡാണ്. അതിൽ അദ്ദേഹം സാക്ഷരതാ മിഷന്റെ ഡയറക്ടർക്ക് എഴുതിക്കൊടുത്തിരിക്കുന്ന ഒരു ഉത്തരവ്, Placed below, please find an application from Shri Salim, Kaiparambathu, സലിം കൈപ്പറമ്പത്ത് ഇടുക്കി ജില്ലയിലെ മുസ്ലീം യൂത്ത്ലീഗിന്റെ സെക്രട്ടറിയാണ്. കൈപ്പാടം ഹൗസ്, മലപ്പുറം പി. ഒ. For Kerala State Literacy Mission, Malappuram District, I am directed to send this to you for favourable action. അദ്ദേഹം ഒരപേക്ഷ കൊടുക്കുന്നു. ആ അപേക്ഷ കൊടുത്തതിനുശേഷം അവിടെ നടന്നത്, സലിം കൈപ്പറമ്പത്തിന്റെ അപേക്ഷ 19-7-2000-ലുള്ളതാണ്. ആ അപേക്ഷയുടെമേൽ സാക്ഷരതാ മിഷൻ തീരുമാനമെടുക്കുന്നു......(ബഹളം) വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള സാക്ഷരതാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിറ്റ്സാണ്. ഇതിലുള്ള അൽഭുതകരമായ കാര്യമെന്നു പറയുന്നത് പ്രൈവറ്റ് സെക്രട്ടറിയുടെ അഭ്യർത്ഥന മന്ത്രിയുടെ ഓഫീസിൽ നിന്ന് പോകുന്നു, അയാൾക്ക് അവിടെ നിയമനം കൊടുക്കുന്നു. ഒരു വർഷം കഴിഞ്ഞിട്ടുള്ള എക്സിക്യൂട്ടീവ് യോഗത്തിൽ അതിന്റെ തീരുമാനം പറയുന്നു. ഇടുക്കി ജില്ലാ സാക്ഷരതാ മിഷനിൽ 2001-ആഗസ്റ്റ് 14 മുതൽ 2001 ഡിസംബർ വരെ മാസ്റ്റർ ട്രെയിനറായി ജോലി നോക്കിയ സലിം കൈപ്പറമ്പത്തിന്റെ നിയമനം സംബന്ധിച്ചുള്ള രേഖകൾ ഓഫീസിൽ ലഭ്യമല്ലാതിരുന്നതിനാൽ ഓണറേറിയം അനുവദിച്ചിരിക്കുന്നത് സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് മൂവായിരം രൂപ പ്രതിമാസ വേതനവും യാത്രാബത്തയായി പ്രതിമാസം രണ്ടായിരം രൂപ വീതവും നിശ്ചയിച്ച് ജോലിചെയ്ത കാലയളവിൽ ആകെ ഇരുപത്തിരണ്ടായിരത്തി അറുപത്തിനാല് രൂപ സലിം കൈപ്പറമ്പത്തിന് നൽകിയിട്ടുണ്ടെന്ന് എഴുതിയിരിക്കുന്നതിന്റെ താഴെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അപ്രൂവൽ കൊടുക്കുകയും ചെയ്തു. "അന്തിപ്പിച്ചയ്ക്ക് വീട്ടിൽ കയറി വന്നവൻ അമ്മച്ചിയുടെ നായരായി" എന്നു പറയുന്നതുപോലെ അദ്ദേഹം മാസ്റ്റർ ട്രെയിനിയായി മാറി. വിദ്യാഭ്യാസ വകുപ്പിൽ നടക്കുന്ന അഴിമതിയുടെ മറ്റൊരു കാര്യം മുഖ്യമന്ത്രിയുടെകൂടി ശ്രദ്ധയ്ക്കുവേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതുവരെ പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ല. പാഠപുസ്തകങ്ങൾ സാധാരണഗതിയിൽ തയ്യാറാക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എസ്.സി.ഇ.ആർ.ടി.-യാണ്. അത് ഒരു അദ്ധ്യയന വർഷത്തിന്റെ രണ്ടോ മൂന്നോ മാസങ്ങൾക്കുമുൻപ് തയ്യാറാക്കി കൊടുക്കണമെന്നാണ് കീഴ്വഴക്കം. പൊതുമേഖലാ സ്ഥാപനമായ കൊച്ചിയിലെ ബുക്ക്സ് ആന്റ് പബ്ളിക്കേഷൻ സൊസൈറ്റിക്ക് ഒരു വർഷം അഞ്ചു കോടി പുസ്തകം അച്ചടിക്കാനുള്ള കപ്പാസിറ്റിയുണ്ടെന്നിരിക്കെ സ്വകാര്യ പ്രസ്സുകാർക്ക് ഇതുകൊടുക്കാൻ വേണ്ടിയുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് കൊടുത്തത്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ നമുക്ക് ആകെ വേണ്ടിയിരുന്നത്. മൂന്നു കോടി നാൽപത്തിയഞ്ച് ലക്ഷം പാഠപുസ്തകങ്ങളായിരുന്നു. അതിൽ ഒരുകോടി 26 ലക്ഷം പാഠപുസ്തകങ്ങൾ ശിവകാശിയിലുള്ള Co-ordinated Arts and Crafts, Royal Star Packing Ltd., KCID Chithambaram Nadar, Rawal Offset Printers, Liberty Offset Printers. എന്നിവർക്ക് കൊടുത്തു. കോഴിക്കോട്ടെ Liberty Offset Printers—അത് ഞങ്ങൾ അറിയുന്നത് മാങ്കാവിൽ ഒരു ഷെഡ്ഡിൽ 19,000 പാഠപുസ്തകങ്ങൾ മാത്രം അച്ചടിക്കാൻ ശേഷിയുള്ള ഒന്നാണെന്നാണ് ഈ പ്രസ്സുകാരുമായി ഗൂഢാലോചന നടത്തി ഗവൺമെന്റ് പ്രസ്സും റിപ്രോഗ്രാഫിക് സെന്ററും കെ.ബി.പി.-യുമൊക്കെയുള്ള സ്ഥാനത്ത് ഇതിനെയെല്ലാം മറികടന്നുകൊണ്ട് 25 ലക്ഷം രൂപ വിദ്യാഭ്യാസ വകുപ്പുമന്ത്രി കോഴവാങ്ങിയിട്ടാണ് ഈ പ്രസ്സുകാർക്ക് പുസ്തകമടിക്കാൻ കൊടുത്തിട്ടുള്ളത്. അതുസംബന്ധിച്ച് അന്വേഷണം നടത്തിയാൽ രേഖഹാജരാക്കാൻ ഞങ്ങൾ സന്നദ്ധരാണ്. സാഹിത്യദർപ്പണം പ്ലസ് ടു-വിന് പാഠപുസ്തകമായി അംഗീകരിച്ചിട്ടുള്ളതാണ്. ആ പുസ്തകം പ്രസിദ്ധീകരിച്ചത് കോട്ടയത്തുള്ള ആൾസെയിന്റ്സ് ഇന്റർനാഷണൽ എന്നുപറയുന്ന കേന്ദ്രത്തിലാണ്. യഥാർത്ഥത്തിൽ ഇതിന്റെ ഉടമകൾ മൂസക്കുട്ടി എന്നയാൾ പ്രൊപ്രൈറ്ററായിട്ടുള്ള വി. പബ്ളിഷേഴ്സ് ആണ്. വി. പബ്ളിഷേഴ്സ് എന്നുള്ള പേരുമാറ്റി ആൾസെയിന്റ്സ് ഇന്റർനാഷണൽ എന്നാക്കി. "അൾസെയ്ന്റ്സ്" എന്നുപറഞ്ഞാൽ മലയാള പരിഭാഷ 'സകലപുണ്യവാളൻമാർ' എന്നാണ്. ആൾസെയിന്റ്സ് ഇന്റർനാഷണൽ എന്നാക്കി. അവിടെയാണ് കൊടുത്തത്. മലയാള മനോരമ ദിനപത്രത്തിലെ ഒരു വാചകം ഞാൻ വായിക്കാം. 'പാഠപുസ്തകങ്ങൾ' തയ്യാറാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പിലെ അത്യുന്നതന് നൽകിയത് ഒരു കോടി രൂപ. ഇവിടെ എല്ലാ പത്രങ്ങളും പറഞ്ഞു. "ശിവകാശിയിലെ പ്രസ്സുകൾക്കു പിന്നിൽ ഒരേ ആളുകൾ", "പാഠപുസ്തക കരാർ നൽകിയത് അച്ചടി സംവിധാനം ഇല്ലാത്തവർക്ക്" മലയാള മനോരമയിൽ വന്നത്. മാത്രമോ? "അച്ചടിക്കുന്ന അഴിമതി" ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? സമ്പൂർണ്ണമായ അഴിമതിയാണ് വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്.

**Mr. Deputy Speaker:** Please resume your seat.

ശ്രീ. മത്തായി ചാക്കോ: സാഹിത്യദർപ്പണത്തിൽ ഒരു അദ്ധ്യായം എന്നു പറയുന്നത് പൊൻകുന്നം വർക്കിയുടെ ഒരു ചെറുകഥയാണ്........................

**Mr. Deputy Speaker:** Please resume your seat.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: യഥാർത്ഥത്തിൽ ഇതിന് സംരക്ഷണം കൊടുക്കുന്നത് ആരാണ്? കള്ളന് കഞ്ഞിവച്ചുകൊടുക്കുന്ന ആളെന്ന് കേട്ടിട്ടുണ്ട്. ഇവിടെ മുഖ്യമന്ത്രി കള്ളന് കഞ്ഞിവയ്ക്കുന്നുവെന്നു മാത്രമല്ല, സൂപ്പിക്ക് ചെറുപയർകൂടി ഉണ്ടാക്കി കൊടുക്കുന്നു. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്, മുമ്പും ഉണ്ടായിട്ടുണ്ട്. എന്നാൽ ഐക്യജനാധിപത്യ മുന്നണി കഴിഞ്ഞ മൂന്നു വർഷം നടപ്പിലാക്കിയ കാര്യങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചാൽ കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കപ്പെട്ടുവെന്നാണ് എന്റെ അഭിപ്രായം. ഈ മേഖലയിൽ എന്ത് പ്രശ്നമുണ്ടായാലും അതിനെ സംബന്ധിച്ചിടത്തോളം ഓരോ കുടുംബവും ഓരോ വീടും ഉത്കണ്ഠ രേഖപ്പെടുത്തും. അത്രയ്ക്കും ബൃഹത്തായ ഒരു വകുപ്പാണ് ഇത് എന്ന് ഞാൻ പറയുകയാണ്. (. . . .ബഹളം . . .) ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ഇവിടെ പരാമർശിച്ച കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ആദ്യമായി മറുപടി പറയാം. സ്വാശ്രയ മേഖലയിൽ നമ്മൾ നിയമം പാസ്സാക്കി. ആ നിയമം അംഗീകരിക്കുകയില്ലായെന്ന് മാനേജുമെന്റുകൾ പറഞ്ഞു. ഈ മാനേജുമെന്റുകളെ തത്വത്തിൽ നിയന്ത്രിക്കാൻ പറ്റുന്ന ഒരു ഉപാധി കൊണ്ടുവരേണ്ടതായിരുന്നുവെന്ന് പലരും പറഞ്ഞു. ഏതായാലും ഗവൺമെന്റിന്റെ ഡിക്ലയേർഡ് പോളിസിയെന്നു പറയുന്നത്, ഇന്നുള്ള വിദ്യാഭ്യാസ സമ്പ്രദായം ഓപ്പൺ-അപ് ചെയ്യാൻ സ്വാശ്രയ മേഖലയെ ഈ രംഗത്തേയ്ക്ക് കടന്നുവരാൻ അനുവദിച്ചു എന്നുള്ളതാണ്. 50 ശതമാനം ഗവൺമെന്റ് ക്വാട്ടയും 50 ശതമാനം മാനേജ്മെന്റ് ക്വാട്ടയും എന്നുള്ള രീതിയിൽ അഡ്മിഷനെ സംബന്ധിച്ചിടത്തോളം നമ്മൾ ലിമിറ്റേഷൻസ് കൊണ്ടുവന്നു. സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടേയും ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ അത് ഇപ്പോൾ ഈ ബില്ലിൽ കലാശിച്ചിരിക്കുകയാണ്. ഏതായാലും സ്വാശ്രയ മാനേജുമെന്റുകളെ സംബന്ധിച്ചിടത്തോളം അവരുമായി സംസാരിക്കാം. കേരളത്തിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് ചർച്ച ചെയ്യാം. അക്കാര്യത്തിൽ ഗവൺമെന്റിന് തുറന്ന സമീപനമാണ്. ഇപ്പോൾ മെഡിക്കൽ, അഗ്രികൾച്ചറൽ കോഴ്സുകളിലേയ്ക്കുള്ള കൗൺസിലിംഗ് 19-7-2004-നും എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കുള്ള കൗൺസിലിംഗ് 2-8-2004-നും ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഗവൺമെന്റ് മേഖലയിലുള്ള ഈ സീറ്റുകളിലേയ്ക്ക് ഉദ്ദേശിച്ച പ്രകാരംതന്നെ കൗൺസിലിംഗ് നടത്തും. അതുപോലെ ഞാൻ കഴിഞ്ഞ തവണ ഇവിടെ പ്രസംഗിച്ച കൂട്ടത്തിൽ ഗവൺമെന്റ് സീറ്റുകളിൽ ഫീസ് വർദ്ധിപ്പിക്കാൻ ആലോചിക്കേണ്ടിവരുമെന്ന് പറഞ്ഞതായിട്ട് ഒരു ആരോപണം വന്നു. അത് പല പത്രങ്ങളിലും പെരുപ്പിച്ച് കാണിച്ച് ഫീസ് വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി താല്പര്യമെടുക്കുന്നുവെന്ന ധ്വനി വരുത്തി ഇതിന്റെ പേരിൽ സംസ്ഥാനത്ത് കോലാഹലം ഉണ്ടായി. ഞാൻ പറഞ്ഞത്, സഭയുടെ എല്ലാ ഭാഗത്തു നിന്നും നിർദ്ദേശമുണ്ടായാൽ ഗവൺമെന്റ് സീറ്റിൽ ഫീസ് വർദ്ധിപ്പിക്കുന്നകാര്യം പരിശോധിക്കാമെന്നാണ്. അതിൽ വ്യക്തമായി ഒരു തീരുമാനം ഉണ്ടായാലല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഫീസ് വർദ്ധിപ്പിക്കുന്ന പ്രശ്നമേയില്ല. ഈ നില തുടരും. പശ്ചിമ ബംഗാളിൽ 27,000 രൂപയും കർണ്ണാടകയിൽ 11,000 രൂപയും തമിഴ്നാട്ടിൽ 11,000 രൂപയും കേരളത്തിൽ 4,000 രൂപയുമാണ് ഗവൺമെന്റ് ഫീസ്. ഇതു മാത്രമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റ് ഫീസ് നിലനിർത്തും. അത് വർദ്ധിപ്പിക്കുന്ന പ്രശ്നമില്ല. ഇൻഡ്യയിൽ ഏറ്റവും ചുരുങ്ങിയ ഫീസ് കേരളത്തിലാണ്. ഏതായാലും ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് വേവലാതിയും ആശങ്കയും ഉളവാക്കിയിരിക്കുകയാണ്. പക്ഷേ എല്ലാം വഴിയാധാരമായിയെന്ന് പറയുന്നില്ല. എല്ലാം നേരെയാകും. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ആവശ്യമില്ലാതെ ഒരു സമരം അഴിച്ചുവിടുമോയെന്ന് സംശയിക്കാൻ ന്യായമായ അവകാശമുണ്ട്. മാനേജുമെന്റിന്റെ കാര്യത്തിലായാലും ഈ ബിൽ നിയമസഭ ചർച്ച ചെയ്യുന്ന അവസരത്തിലായാലും നിങ്ങളെടുത്ത നിലപാടുകൾ വ്യത്യസ്തമാണെന്ന് ഞാൻ പറയുന്നില്ല. ഏതായാലും ഉന്നത വിദ്യാഭ്യാസ രംഗത്ത് സമൂലമായി മാറ്റം വരുത്തണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഈ കാര്യത്തിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വിദ്യാഭ്യാസ രംഗത്ത് ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന് ഇപ്പോൾ രൂപം നൽകും. അതുപോലെ തന്നെ കേരള എഡ്യൂക്കേഷൻ ഗ്രിഡ് വിപുലപ്പെടുത്തുന്നതിനുവേണ്ടി ഹൈ സ്പീഡ് ഇന്റർനെറ്റ് കോറിഡോർ ആക്കും. മനുഷ്യവിഭവശേഷി അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി രാഷ്ട്രാന്തര പുരസ്കാര വിചക്ഷണരെകൂടി ഉൾപ്പെടുത്തി വിഷൻ ഇൻ വർക്ക് ഷോപ്പ് നടത്തും. ക്വാളിറ്റി അഷ്വറൻസ് ശക്തമാക്കും. ഇപ്പോൾ 38 കോളേജുകൾ ഉള്ളതിൽ മൂന്നെണ്ണത്തിനാണ് അക്രഡിറ്റേഷൻ കിട്ടിയത്. അതുപോലെ ഗവൺമെന്റ് കോളേജ് (ചിറ്റൂർ), ബ്രണ്ണൻ കോളേജ് (തലശ്ശേരി), വിമൻസ് കോളേജ് (തിരുവനന്തപുരം) എന്നിവയ്ക്ക് അക്രഡിറ്റേഷൻ ഇക്കൊല്ലം തന്നെ ലഭ്യമാകും. സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങാൻ നടപടി ആരംഭിച്ചു. സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പഠന സംവിധാനം അതേപടി നിലനിർത്തും. ഏകീകൃത സർവ്വകലാശാലാ നിയമം നടപ്പാകുന്നതോടെ ഉന്നത വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന ഏതാനും കോളേജുകൾ ആട്ടോണമസ് ആകും. ഡിഗ്രി തലത്തിൽ യൂണിവേഴ്സിറ്റികളൊക്കെ സെമസ്റ്ററൈസ് ചെയ്തു. അതുപോലെ പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഡിഗ്രി തലത്തിലും സെമസ്റ്ററൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ഗവൺമെന്റ് ഈ കാര്യത്തിൽ സഹായിക്കും. 25 ശതമാനം കോഴ്സുകൾ റീസ്ട്രക്ച്ചർ ചെയ്യും. ഏതാനും കോളേജുകളിൽ എമർജൻസി ഏരിയായിൽ കോഴ്സുകൾ അനുവദിക്കാൻ നടപടിയെടുക്കും. പ്രീഡിഗ്രി വേർപെടുത്തിയതനുസരിച്ച് 416 അദ്ധ്യാപകരെ ഡിപ്ലോയ് ചെയ്ത് വി.എച്ച്.എസ്.എസ്.-ൽ നിയമിക്കാനായി അടുത്തു തന്നെ ഓർഡറാകും. ഇപ്പോൾ പോളിടെക്നിക്കുകൾക്ക് എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരത്തിന് നടപടി സ്വീകരിച്ചു വരുന്നു. 10 പോളിടെക്നിക്കുകളിൽ 4 എണ്ണത്തിന് അംഗീകാരം കിട്ടി. 6 എണ്ണത്തിന്റെ കാര്യത്തിൽ ധൃതഗതിയിൽ നടപടികൾ നടക്കുന്നു. ആറ്റിങ്ങൽ, ചേർത്തല, കൊട്ടാരക്കര എന്നിവിടങ്ങളിൽ ഐ.എച്ച്.ആർ.ഡി.-യുടെ പുതിയ എഞ്ചിനിയറിംഗ് കോളേജുകൾ തുടങ്ങുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ ഡെസ്റ്റിനേഷൻ കേന്ദ്രമായി കേരളത്തെ മാറ്റുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. ഈ

2/945/2012—20

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശത്തോടെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്തം അനുവദിച്ചത്. അതുപോലെ അടുത്ത അദ്ധ്യയന വർഷം പുതിയ പാഠപുസ്തകങ്ങൾ നിലവിൽവരും. ഇതോടെ എല്ലാ ക്ലാസുകൾക്കും പാഠ്യപദ്ധതികൾ അനുസരിച്ചുള്ള പുസ്തകങ്ങൾ ആയിരിക്കും. ഈ വർഷം മൂന്നാം ക്ലാസ് മുതൽ ഇംഗ്ലീഷ് പഠനം ആരംഭിക്കും. തെരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിൽ എൻവയോൺമെന്റൽ സ്റ്റഡീസ് ഏർപ്പെടുത്തും. ഇതിനായി 82.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 57 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് സഹായമാണ്. ഇവിടെ കംപ്യൂട്ടറില്ലാത്ത പ്രശ്നം പറഞ്ഞു. കംപ്യൂട്ടറിന്റെ കാര്യം പറഞ്ഞാൽ ഗവൺമെന്റ് സ്കൂളുകൾ 97, എയ്ഡഡ് സ്കൂളുകൾ 126, അൺ എയ്ഡഡ് സ്കൂളുകൾ 16 എന്നിവിടങ്ങളിൽ കംപ്യൂട്ടർ ഉണ്ട്. 249 സ്കൂളുകളിൽ കംപ്യൂട്ടർ ഇല്ല. അവിടെ കംപ്യൂട്ടർ ഈ വർഷംതന്നെ ലഭ്യമാക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. ഇലക്ട്രിസിറ്റി ഇല്ലാത്ത സ്കൂളുകൾ 11-ഉം എയ്ഡഡിൽ 1-ഉം ഉണ്ട്. അത് സോളാർ പാനൽ വച്ച് പരിഹരിക്കാൻ മാർഗ്ഗം ഉണ്ടാക്കും. 8-ാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കംപ്യൂട്ടർ പഠനം സൗജന്യമാണ്. ആരെങ്കിലും 8-ാം ക്ലാസിൽ കംപ്യൂട്ടറിന് ഫീസ് വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ചു കൊടുക്കും. അടുത്ത വർഷം മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും ഐ.ടി. ഉറപ്പു വരുത്താൻ നടപടിയെടുക്കും. എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി., കുടുംബശ്രീ, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ ആവശ്യമായ ട്രെയിനിംഗ് കൊടുക്കും. പിന്നെ ഇപ്രാവശ്യം സെൻസസ് ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശപ്രകാരം ഒരു കുട്ടിക്ക് സ്കൂളിൽ ചേരണമെങ്കിൽ ബർത്ത് സർട്ടിഫിക്കറ്റ് വേണം എന്ന് നിർബന്ധമായും ഉണ്ട്. ആ ഉത്തരവ് മരവിപ്പിച്ചിരിക്കുകയാണ്. അടുത്ത വർഷം മുതൽ നിർബന്ധമായിട്ടും ആ ഉത്തരവ് നടപ്പാക്കും. എസ്.എസ്.എൽ.സി പാസായ 4 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറിയിൽ പഠിക്കാൻ അവസരം ഉണ്ടായി. ചരിത്രത്തിൽ ആദ്യമായി 286 ഗവൺമെന്റ് സ്കൂളുകളിൽ ഈ വർഷം പ്ലസ് ടു തുടങ്ങി. ചരിത്രപരമായ മാറ്റമാണ്. ആ മാറ്റം ഉൾക്കൊള്ളാൻ എല്ലാപേരും തയ്യാറായി. ആളുകൾ ഇപ്പോൾ സന്തോഷിക്കുകയാണ്. അതുപോലെ 10-ാം തരത്തിൽ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഒരുപാട് വിഷയങ്ങൾ ഉണ്ട്. എല്ലാ ആശങ്കകളും ദൂരീകരിക്കാൻ നടപടിയെടുക്കും. പ്രവൃത്തി പരിചയം, കലാപഠനം, ആരോഗ്യ-കായിക-വിദ്യാഭ്യാസം എന്നീ വിഷയങ്ങൾക്ക് സോഴ്സ് ബുക്കുകൾ ഉണ്ടാക്കി. മൂല്യനിർണ്ണയത്തിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു. ഇവിടെ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് ടീം നിലവിലുണ്ട്. അതുപോലെ വിദ്യാഭ്യാസ ജില്ലാ തലത്തിലും ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കാൻ ആലോചിക്കുന്നു. പി.ടി.എ. നേതൃത്വമായാലും ജില്ലാ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കും. എല്ലാ മീഡിയാ വഴിയും സി.ഡി.-യിൽ അടക്കം ഗ്രേഡിംഗിനെ സംബന്ധിച്ച് അവയർനസ് കൊടുക്കും. എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫിന് ഈ വർഷം പി.എഫ്. ഏർപ്പെടുത്തും. ജൂലായ് മാസത്തെ ശമ്പളത്തിൽ നിന്നും പിടിക്കും. ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫിനുവേണ്ടി രൂപീകരിച്ചിട്ടുള്ള വെൽഫെയർ കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ഹൗസിംഗ് ലോൺ വാങ്ങാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം ഉണ്ടാക്കും. ഇപ്പോൾ പ്ലസ് വൺ-ൽ പരീക്ഷയില്ല. ഏതായാലും അടുത്ത വർഷം മുതൽ പ്ലസ് വൺ ആനുവൽ പരീക്ഷയ്ക്ക് ചോദ്യപേപ്പർ കോമൺ ആയിരിക്കും. നോൺ വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾക്ക് ഇനി മുതൽ ഹയർ സെക്കൻഡറി കോഴ്സുകളിൽ പഠിപ്പിക്കുന്ന അതേ ചോദ്യപേപ്പറും പരീക്ഷയും ആയിരിക്കും. 2002 ജനുവരി 7 -ന് പുറത്തിറക്കിയ ഉത്തരവ് പ്രകാരം ഹൈസ്കൂളിൽ പഠിപ്പിക്കാൻ പറഞ്ഞിരുന്നു. എസ്.എസ്.എൽ.സി. ഫലത്തിലും ഇംഗ്ലീഷ് മീഡിയം അദ്ധ്യാപനത്തിലും ഗുണപരമായ മാറ്റം ഉണ്ടായി. ഏതായാലും 30 കുട്ടികളുള്ള സ്കൂളുകളിൽ ഇംഗ്ളീഷ് പഠനം പാരലലായി തുടങ്ങാൻ അനുമതി നൽകി. ഇവിടെ എല്ലാപേരും പറഞ്ഞു, അൺ-എയിഡഡ് സ്കൂളുകൾ കണ്ടമാനം വർദ്ധിക്കുന്നു എന്ന്. ഇംഗ്ളീഷ് മീഡിയം അൺ-എയിഡഡ് സ്കൂളുകളുമായി മൽസരിക്കാൻ പൊതു വിദ്യാഭ്യാസ രംഗത്തെ ഈ തീരുമാനം സഹായകമായി. കായിക പ്രതിഭകളെ വളർത്തിക്കൊണ്ടുവരാൻ ബഹുമാനപ്പെട്ട സുധാകരൻ ആ രംഗത്ത് പ്രഗത്ഭമായ നേതൃത്വം കൊടുക്കുന്നുണ്ട്. അതുപോലെ എറണാകുളം, കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സ്പോർട്സ് സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരുത്ത് മൈലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള കെട്ടിടനിർമ്മാണം ആരംഭിച്ചു. അടുത്ത അദ്ധ്യയന വർഷം ഈ സ്കൂൾ പ്രവർത്തനം പൂർത്തിയാകും. അഡോപ്റ്റഡ് സ്കൂളിന്റെ കാര്യത്തിൽ ഓരോ കൊല്ലത്തേയും എസ്.എസ്.എൽ.സി. റിസൾട്ട് പരിശോധിച്ചാൽ കാണാൻ സാധിക്കും 25 ശതമാനത്തിൽ കുറഞ്ഞ വിദ്യാർത്ഥികൾ ഉള്ള സ്കൂളുകളുടെ എണ്ണവും കുറഞ്ഞു, കഴിഞ്ഞ കൊല്ലം 67 ആയിരുന്നത് ഇക്കൊല്ലം 31 ആയി. പുനലൂരിൽ കഴിഞ്ഞ കൊല്ലം വിജയശതമാനം 22 ആയിരുന്നത്. ഇക്കൊല്ലം 80 ശതമാനമായി, അറുപത് ശതമാനം വർദ്ധിച്ചു. ഈ എസ്. എസ്.എൽ.സി. പാസാകുന്ന സമർത്ഥരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർക്ക് ഏറ്റവും മെച്ചപ്പെട്ട അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹയർ സെക്കൻഡറി സ്കൂൾ ഓഫ് എക്സലൻസ് മൂന്നാറിൽ തുടങ്ങും. എസ്.എസ്.എ.-യുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ഡി. പി. ഐ. ഓഫീസും, ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുത്തുന്ന ഓൺ ലൈൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മനോരമ പത്രത്തിൽ വന്ന വാർത്ത 100 ശതമാനവും ഞാൻ അംഗീകരിക്കുന്നില്ല. വസ്തുതകളുടെ വെളിച്ചത്തിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. എയിഡഡ് സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ, അതാണല്ലോ അഴിമതിയുടെ രംഗമായി പറഞ്ഞിരിക്കുന്നത്, എ. ഇ. ഒ., ഡി. ഇ. ഒ. എന്നിവരുടെ മേൽനോട്ടത്തിൽ നിശ്ചിത സമയത്ത് പൂർത്തിയാക്കി എന്ന് ഉറപ്പുവരുത്തും. നിയമപ്രകാരമുള്ള പരിശോധനകൾ നടത്തിയശേഷം ഡി. ഡി. സെപ്റ്റംബർ 30-ന് മുൻപായി പ്രൊപ്പോസൽ ഡി.പി.ഐ. ഓഫീസിലേയ്ക്ക് അയച്ചുതരണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അതുപോലെ സൂപ്പർചെക്ക് സെല്ലുകൾ വിപുലീകരിക്കും എയിഡഡ് സർക്കാർ സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷൻ, അദ്ധ്യാപക നിയമനം, കുട്ടികളുടെ എണ്ണം എന്നിവ പരിശോധിക്കുന്നതിന് കോഴിക്കോടും, തിരുവനന്തപുരവും ആസ്ഥാനമായി പ്രവർത്തിക്കുന്ന സൂപ്പർ ചെക്ക് സെല്ലുകൾക്ക് പുറമേ എറണാകുളം

LIBRARY ARCHIVES Kerala Legislative Assembly

ആസ്ഥാനമായി ഒരു സൂപ്പർ ചെക്ക് സെൽകൂടി ആരംഭിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഹയർ സെക്കൻഡറി മേഖലയിൽ ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. 1552 ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ട്. ആ മേഖലയിൽ നമ്മൾ കൈവരിച്ച നേട്ടം എന്നുപറയുന്നത് പതിനായിരത്തോളം അദ്ധ്യാപക നിയമനങ്ങൾ അംഗീകരിച്ചു കൊടുത്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒറ്റ പ്രശ്നമേയുള്ളൂ, ലാബ് അസിസ്റ്റന്റുമാരുടെ പ്രശ്നമാണ്. ആ പ്രശ്നം ഒട്ടും താമസിയാതെ പരിഹരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഓപ്പൺ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. വിദ്യാർത്ഥി സമ്മേളനത്തിൽ പറഞ്ഞു, ഓപ്പൺ സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിച്ചത് പിൻവലിക്കുമെന്ന്, അഞ്ഞൂറ് രൂപയായിത്തന്നെ തുടരും. എസ്. എസ്. എ. സ്കീമിന്റെ ഇംപ്ലിമെന്റേഷനുവേണ്ടി 169 കോടി രൂപ ഇപ്പോൾ കിട്ടി. കിട്ടിയ സംഖ്യ വിദ്യാഭ്യാസപരമായ കാര്യങ്ങൾക്കു വേണ്ടിത്തന്നെ ചെലവഴിക്കും. എസ്.എസ്.എ. പ്രോജക്ടാണ്, ആ പ്രോജക്ടിന് തനതായ മനുഷ്യവിഭവശേഷിയില്ല. ആവശ്യാർത്ഥം മറ്റ് വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വഴിയാണ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത്. ആ ഡെപ്യൂട്ടേഷനെപ്പറ്റിയാണ് പറഞ്ഞത്. എല്ലാ മേഖലയിലുമായി 158 ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാരും 1520 ട്രെയിനികളുമാണ് വേണ്ടത്. അതിൽ 124 ബ്ളോക്ക് പ്രോഗ്രാം ഓഫീസർമാരേയും 793 ട്രെയിനികളേയും നിശ്ചയിച്ചിട്ടുണ്ട്. ബാക്കിയുള്ള ആളുകളെ ഡി.ഡി.ഇ. ഓഫീസ് മുഖേന ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സർക്കാർ സ്കൂളുകളിലേയും പ്രൈമറി സ്കൂളുകളിലെ ഓല ഷെഡുകൾ പൂർണ്ണമായും ആർ. സി. സി. ഷീറ്റുകളാക്കും, വികലാംഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകും. ഇത്രയും കാര്യങ്ങളാണ് പ്രധാനമായും എനിക്ക് പറയാനുള്ളത് ശ്രീ. മത്തായി ചാക്കോ ഉന്നയിച്ച ആരോപണത്തിന് മറുപടി പറയാം. കഴിഞ്ഞ സർക്കാരിന്റെ കാലത്തും സ്വകാര്യ പ്രസ്സിൽ പാഠപുസ്തകങ്ങൾ അച്ചടിച്ചിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് സ്വകാര്യപ്രസ്സുകളെ തെരഞ്ഞെടുത്തത്. എല്ലാ നടപടികളും വളരെ സുതാര്യതയോടുകൂടിയാണ് നടത്തിയിട്ടുള്ളത്. ടെക്സ്റ്റ് ബുക്ക് അച്ചടിച്ചതിനെപ്പറ്റിയുള്ള വാർത്ത ഒരുപാട് പത്രങ്ങളിൽ വന്നു. പത്രങ്ങളിൽ വന്നപ്പോൾ ഞാൻ അപ്പോൾത്തന്നെ ക്ലാരിഫിക്കേഷൻ കൊടുത്തിരുന്നു. എന്തായാലും 2003-2004-ലേക്ക് 3.32 കോടി പുസ്തകങ്ങളാണ് അച്ചടിച്ചിട്ടുള്ളത്. കെ.ബി.പി.എസ്., സർക്കാർ പ്രസ്സ്, ആഡിയോ വിഷ്വൽ ആൻഡ് റിപ്പ്രോഗ്രാഫിക് സെന്റർ എന്നീ സ്ഥാപനങ്ങളുടെ പ്രിന്റിംഗ് കപ്പാസിറ്റിയനുസരിച്ചുള്ള അലോക്കേഷൻ നടത്തിയ ശേഷം ബാക്കിയുള്ള ക്വാണ്ടിറ്റിയായ 1.02 കോടി പുസ്തകങ്ങളാണ് ക്യാബിനറ്റ് അംഗീകാരത്തോടുകൂടി പ്രൈവറ്റ് പ്രസ്സുകാർക്ക് കൊടുത്തത്. സുതാര്യമായിട്ടാണ് എല്ലാ നടപടിക്രമവും പൂർത്തീകരിച്ചിട്ടുള്ളത്. പിന്നെ ഓപ്പൺ ടെൻഡർ സ്വീകരിക്കാൻ....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ക്യാബിനറ്റ് അംഗീകരിച്ചുകൊണ്ടാണ് ഇത് സ്വകാര്യ പ്രസ്സിന് കൊടുക്കാൻ തീരുമാനിച്ചത് എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് ഈ സ്വകാര്യപ്രസ്സിന് കൊടുക്കാൻ എടുത്ത തീരുമാനം റദ്ദാക്കിയെന്ന് ഇന്ന് പത്രത്തിൽ ഒരു വാർത്ത വന്നു. പ്രഥമദൃഷ്ട്യാതന്നെ ഇക്കാര്യത്തിൽ അഴിമതിയുണ്ടായി എന്ന് മുഖ്യമന്ത്രി ഇടപെട്ടതോടുകൂടി വ്യക്തമായിക്കഴിഞ്ഞില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി: ബഹുമാനപ്പെട്ട മുഖ്യമന്ത്രി യാതൊരു ഇടപെടലും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട കുട്ടപ്പൻ മുഖ്യമന്ത്രിക്ക് കത്തു കൊടുത്തു, ആ കത്ത് for perusal-ന് അയച്ചു, എനിക്ക് അയച്ചു, അതിനെ സംബന്ധിച്ച് മറുപടി കൊടുത്തിട്ടുണ്ട്. മുഖ്യമന്ത്രി യാതൊരു കാര്യത്തിലും ഇടപെട്ടില്ല. മുഖ്യമന്ത്രി ഇടപെട്ടു, പാഠപുസ്തക അച്ചടി ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് മാറ്റാൻ, അതു സംബന്ധിച്ച് മനോരമയിൽ വന്ന വാർത്ത അടിസ്ഥാനരഹിതമാണ്. മുഖ്യമന്ത്രി ഇങ്ങനെ ഇടപെട്ടിട്ടില്ലെന്ന് ഞാൻ പറയുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇപ്പോൾ പാഠപുസ്തകങ്ങൾ പ്രൈവറ്റ് പ്രസ്സിന് കൊടുത്തതിനെപ്പറ്റിയാണല്ലോ പ്രതിപക്ഷാംഗങ്ങൾ ആരോപണം ഉന്നയിച്ചിരിക്കുന്നത്. പതിനഞ്ചു കൊല്ലം, ഇരുപത് കൊല്ലത്തെ ചരിത്രമെടുത്തു പരിശോധിച്ചാൽ കെ.ബി.പി.എസ്. അടക്കമുള്ള സ്ഥാപനങ്ങളിൽ നിന്നും ഒരു കാലഘട്ടത്തിലും പൂർണ്ണമായി അച്ചടിച്ചിട്ടില്ല. ശ്രീ. ചന്ദ്രശേഖരൻ മന്ത്രിയായിരുന്ന സമയത്തും, ശ്രീ. ജോസഫ് മന്ത്രിയായിരുന്നപ്പോഴും ലക്ഷക്കണക്കിന് കോപ്പികളുടെ പ്രിന്റിംഗ് പ്രൈവറ്റ് പ്രസ്സിന് കൊടുത്തിട്ടുണ്ട്. അതിന് രേഖയുണ്ട്, ആ രേഖ അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. നാലകത്ത് സൂപ്പി: ഞാൻ അതാണ് പറഞ്ഞത്, കഴിഞ്ഞ കാലങ്ങളിലൊക്കെ പ്രൈവറ്റ് പ്രസ്സിന് കൊടുത്തിട്ടുണ്ട്, ഇവിടെ ഇപ്പോൾ ലിമിറ്റഡ് ആയിട്ടേ കൊടുത്തിട്ടുള്ളൂ. അന്നൊക്കെ 25 ലക്ഷവും, 50 ലക്ഷവും വാങ്ങിയായിരുന്നല്ലോ കൊടുത്തത്. അതിനൊക്കെ മന്ത്രിമാർ മറുപടി പറയണമോ? ഇത്തരം തരംതാഴ്ന്ന ഒരു ആരോപണം ബഹുമാനപ്പെട്ട മത്തായി ചാക്കോയിൽ നിന്ന് പ്രതീക്ഷിച്ചില്ല. അത് നിഷേധിക്കുന്നു. എസ്.എസ്.എ. സ്കീമിലേക്കും, ആഡിയോ വിഷ്വൽ ആന്റ് റിപ്പോഗ്രാഫിക് സെന്ററിലും അതുപോലെ സാക്ഷരതാ മിഷനിലുമൊക്കെ അനധികൃതമായ നിയമനം നടത്തിയെന്ന് മനോരമയിൽ വന്ന വാർത്തയിൽ കഴമ്പില്ല. accommodate them ഞാൻ പറഞ്ഞു, അത് ടെമ്പററി പോസ്റ്റാണ്, ടെമ്പററി പോസ്റ്റിന് ഒരുപാട് കാലത്തെ ചരിത്രമുണ്ട്. കേരളത്തിൽ ശ്രീ. പി. ജെ. ജോസഫിന്റെ കാലത്ത് നടത്തിയ അഴിമതിയെക്കുറിച്ചും ഞാൻ പറയുന്നു, എന്റെ പക്കൽ രേഖയുണ്ട്, ഞാൻ പറയണമോ? ..........(ബഹളം)........... മലയാള മനോരമ ദിനപ്പത്രം റിപ്പോർട്ട് ചെയ്തത് ഞാൻ പരിശോധിച്ചു. താത്ക്കാലിക ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. അതാതു തലത്തിൽ ടെമ്പററിയായിട്ടുള്ള നിയമനമാണ്. അല്ലാത്ത നിയമനം നടത്തിയിട്ടില്ല. ഞാൻ അവിഹിതമായി ഇടപെട്ടിട്ടില്ല. ഈ വകുപ്പ് സുതാര്യമായി സത്യസന്ധമായി നടത്തണമെന്ന ആഗ്രഹമാണ് ഗവൺമെന്റിനുള്ളത്. ഈ ആരോപണം പറഞ്ഞതിൽ പ്രയാസമുണ്ട്. ആരോപണം ഞാൻ നിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർമാരായ പിരപ്പൻകോട് മുരളി, കെ. പി. രാജേന്ദ്രൻ, മത്തായി ചാക്കോ അടക്കമുള്ള എല്ലാ ആളുകളും പറഞ്ഞ ക്രിയാത്മകമായ നിർദ്ദേശം ഞാൻ ഉൾക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: മലയാള മനോരമ ദിനപ്പത്രത്തിൽ തുടർച്ചയായി വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച് വന്ന ആക്ഷേപങ്ങൾ, എ.ഇ.ഒ. ഓഫീസ് മുതൽ മന്ത്രിയുടെ ഓഫീസ് വരെയുള്ള സംഭവ പരമ്പരകൾ വ്യക്തതയോടുകൂടി പേര് സഹിതമാണ് പ്രസിദ്ധീകരിച്ചത്. അതിനെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെ ഒരു അന്വേഷണ കമ്മീഷനെ ചുമതലപ്പെടുത്തി എന്ന് പറയുന്നത് ശരിയാണോ?

ശ്രീ. നാലകത്ത് സൂപ്പി: മലയാള മനോരമ ദിനപത്രത്തിൽ മാത്രമല്ല, മാതൃഭൂമി ദിനപ്പത്രത്തിലും വന്നു. പല ലോക്കൽ പത്രങ്ങളിലും വന്നു. അതിലൊക്കെ വന്ന റിപ്പോർട്ടുകൾ ഞാൻ പരിശോധിച്ച് ആവശ്യമായ നടപടികൾ എടുക്കാമെന്ന് ഇവിടെ ഉന്നയിച്ച അന്നുതന്നെ പറഞ്ഞിരുന്നു. അതിനാവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തു. ഇനിയും ആവശ്യമായ നടപടികൾ എടുക്കും. എന്നെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. ശക്തമായ തെളിവ് കിട്ടിയാൽ നടപടി എടുക്കും. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു,

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് വളരെയധികം ചർച്ച ഉണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ അധികം സമയമെടുക്കുന്നില്ല. എങ്കിലും കേരളത്തിന്റെ പശ്ചാത്തലമനുസരിച്ച്, കേരളത്തിന്റെ പാരമ്പര്യമനുസരിച്ച് സാംസ്കാരിക കാര്യങ്ങളിൽ നിരീക്ഷണഭാവത്തിൽ നമ്മുടെ സഭ ഉയർന്നിട്ടില്ല എന്ന ഒരു പരാതിയും പരിഭവവുമുണ്ട്. ഒരുപക്ഷേ വിദ്യാഭ്യാസത്തിന്റെ ചർച്ചയിൽ വന്നതുകൊണ്ടാകാം. സാംസ്ക്കാരിക രംഗത്തെക്കുറിച്ച് കുറേക്കൂടി വിമർശന ബുദ്ധിയോടുകൂടിയുള്ള കുറേക്കൂടി തുറന്ന ഒരു സമീപനം നമ്മുടെ സഭ അനുവർത്തിക്കേണ്ടതാണ്. ഇവിടെ ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളിയിൽ ആരംഭിച്ച് ശ്രീ. മത്തായി ചാക്കോ വരെയെത്തിയ ചർച്ചയിൽ പല അംഗങ്ങളും ചില നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു. പ്രധാനമായിട്ടും സാംസ്കാരിക നയത്തിന്റെ അഭാവത്തെക്കുറിച്ച് ശ്രീ. പിരപ്പൻകോട് മുരളി പറഞ്ഞു. സാംസ്കാരിക നയമെന്ന് പറയുമ്പോൾ ഓരോ ഗവൺമെന്റും വരുമ്പോൾ ഉണ്ടാക്കേണ്ടതല്ല. അത് തുടർച്ചയായ ഒരു സംവിധാനമാണ്. മുമ്പുണ്ടായിരുന്ന സാംസ്കാരിക നയത്തിൽ സ്വീകരിക്കേണ്ടതായ കാര്യങ്ങളുണ്ടെങ്കിൽ അത് ഈ ഗവൺമെന്റ് സ്വീകരിക്കും. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന 'മാർഗ്ഗി'യുടെ കാര്യം പറഞ്ഞു. ശ്രീ. തോമസ് ഉണ്ണിയാടൻ, ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന ഉണ്ണായി വാര്യർ സ്മാരകത്തിന്റെ കാര്യം പറഞ്ഞു. ഇതിനെല്ലാം ഗ്രാന്റാണ് സർക്കാർ കൊടുക്കുന്നത്. അവിടെ ഇതുകൊണ്ട് ജീവിക്കുന്ന ധാരാളം ഉയർന്ന കലാകാരൻമാരുണ്ട്. അതിന് പ്രത്യേകമായ ബഡ്ജറ്ററി സപ്പോർട്ട് അത്യാവശ്യമാണ്. തീർച്ചയായും ഇക്കാര്യം ഒന്നുകൂടി ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. 'മാർഗ്ഗി'ക്ക് ഈ വർഷംതന്നെ അടിയന്തിരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സിനിമയുടെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഞാനും ശ്രീ. ഹസ്സനും, ശ്രീ. ചെർക്കളം അബ്ദുള്ളയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അക്കാര്യം പരിശോധിക്കുന്നുണ്ട്. സിനിമാ രംഗത്തെ ആഭ്യന്തര കലാപത്തിൽ ഗവൺമെന്റിന് പങ്കില്ല. അത് 'അമ്മ' യാണെങ്കിലും 'മാക്ട' യാണെങ്കിലും അവരുടേതായ ആഭ്യന്തര കാര്യങ്ങളിൽ ചേരി പിടിക്കുന്നതിനില്ല. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമം മാത്രമേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളൂ. ഒരു കല എന്ന നിലയിലും വ്യവസായമെന്ന നിലയിലും ധാരാളം ആളുകൾക്ക് ജീവിതം കൊടുക്കുന്നു എന്ന നിലയിലും നിലവിലുള്ള സാംസ്കാരിക ജീവിതത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മേഖല എന്ന നിലയിലും അദ്ദേഹം ഉന്നയിച്ച ചില കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി എടുക്കുന്നതാണ്. അവർക്ക് ചില ആനുകൂല്യം നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. അതു സംബന്ധിച്ച ബന്ധപ്പെട്ട എല്ലാ ആളുകളുമായിട്ടും കൂടിയാലോചിക്കും. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ആദ്യം നടക്കുന്ന ചർച്ച ആയതുകൊണ്ട് സാംസ്കാരിക മേഖലയിൽ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം ചുരുക്കം ചില മിനിട്ടുകൊണ്ട് പറഞ്ഞുകൊണ്ട് എന്റെ ഹ്രസ്വമായ പ്രസംഗം അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി സൂചിപ്പിച്ചതു പോലെ നമുക്കൊരു സാംസ്കാരിക ഡയറക്ടറേറ്റില്ല. വ്യത്യസ്തങ്ങളായി കിടക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും പരിപാടികൾ സംഘടിപ്പിക്കുന്നതിനും, അതോടൊപ്പംതന്നെ ഇതിന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി അർത്ഥപൂർണ്ണമാക്കുന്നതിനും ഒരു സാംസ്കാരിക ഡയറക്ടറേറ്റ് ആവശ്യമാണ്. അതിന്റെ രൂപീകരണം അന്തിമഘട്ടത്തിൽ നിൽക്കുകയാണ്. അതിന് കൂടുതൽ സാമ്പത്തിക ഭാരം വരികയില്ല. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചേർന്നുകൊണ്ട് ഒരു സാംസ്കാരിക ഡയറക്ടറേറ്റ് ഈ വർഷംതന്നെ തീർച്ചയായും രൂപീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുകയല്ല; ആത്മവിശ്വാസം പ്രകടിപ്പിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതിന് തയ്യാറാകണം. സാംസ്കാരിക ഡയറക്ടറേറ്റ് ഈ വർഷംതന്നെ ഉണ്ടാകും. ഇവിടെ ബഹുമാനപ്പെട്ട രാജൻ ബാബു ചെമ്പഴന്തിയിലെ അന്താരാഷ്ട്ര ശ്രീനാരായണ പഠന-തീർത്ഥാടന കേന്ദ്രത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം അനുസരിച്ച്, ഗവൺമെന്റിന്റെ സമീപനം അനുസരിച്ചു തന്നെയാണ് ആ തീരുമാനങ്ങളുമായി മുന്നോട്ട് നീങ്ങുന്നത്. വെളിയിലുള്ള ആക്ഷേപങ്ങൾക്കൊന്നും അർത്ഥമില്ല. അതിൽ ഒരു കഴമ്പുമില്ല. കഴിഞ്ഞ ഗവണ്മെന്റ് പ്രഖ്യാപിച്ചു, മുന്നോട്ടു പോയില്ല. ഈ ഗവൺമെന്റ് പ്രഖ്യാപിക്കുക മാത്രമല്ല 50 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുമുണ്ട്. നമ്മുടെ കീഴ്വഴക്കമനുസരിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ വന്നു കഴിഞ്ഞാൽ പിന്നെ സപ്ലിമെന്ററി ഗ്രാന്റിലൂടെ മാത്രമേ ആ പണം ചെലവഴിക്കാൻ കഴിയുകയുള്ളൂ. ഇതിന്റെ പ്രവർത്തനം എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നതിനെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി റിട്ടയേർഡ് ജോയിന്റ് സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ചെമ്പഴന്തിയിൽ താത്കാലികമായി ഒരു ഓഫീസ് തുടങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പഠന കേന്ദ്രം ഏതു തരത്തിൽ വേണമെന്നുള്ളതു സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. അതുകൊണ്ട് ഇനിയൊരു കാലയളവ് പറയുന്നില്ല. പൂർണ്ണമായും അതിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു. അവശത അനുഭവിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കലാകാരൻമാരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി ഈ വർഷം മുതൽ ആരംഭിക്കും. ബഡ്ജറ്റിൽ 25 ലക്ഷം രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് ആദ്യമായി ഭാരതോത്സവം സംഘടിപ്പിക്കും. സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ കലാകാരൻമാർ പങ്കെടുക്കുന്ന ഭാരതോത്സവം സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ നടത്താനാണ് ആലോചിക്കുന്നത്. കൂടിയാട്ടത്തിന്റെ വികസനത്തിന് യുണെസ്കോ ഒരുപാട് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവരുടെ സഹകരണത്തോടെ കേരള കലാമണ്ഡലത്തിൽ ഇതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ ആദ്യ ഗഡുവായി ആറു ലക്ഷം രൂപ യുണെസ്കോ അനുവദിച്ചിട്ടുണ്ട്. കലാമണ്ഡലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സൗകര്യം വർദ്ധിപ്പിക്കുന്ന തിനുവേണ്ടി, അവർക്ക് ഹോസ്റ്റൽ പോലെയുള്ള സൗകര്യങ്ങൾക്ക്, അതിനുവേണ്ടി ഒരു കോടി രൂപയാണ് ഈ വർഷം നീക്കിവച്ചിട്ടുള്ളത്. വളരെ നാളുകൾക്ക് മുമ്പ് അവിടെ ഡിഗ്രി കോഴ്സുകൾ ആരംഭിക്കുക മാത്രമേ ചെയ്തുള്ളൂ. അതിന് അംഗീകാരം നേടിയിട്ടില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കലാമണ്ഡലത്തിൽ ആരംഭിച്ച ഡിഗ്രി കോഴ്സുകൾ അംഗീകരിച്ചു. അവിടെ നിന്നും കുട്ടികൾ ഡിഗ്രി എടുത്ത് പുറത്ത് പോകുന്നു. ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലത്തെ വാസ്തുവിദ്യാ പഠന ഗവേഷണത്തിനുള്ള ദേശീയ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കാൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. യു.എൻ.ഡി.പി. പദ്ധതി നടപ്പിലാക്കുന്നതിന് ഇന്ത്യയിൽ തെരഞ്ഞെടുത്ത 12 കേന്ദ്രങ്ങളിൽ ആറൻമുള വാസ്തുവിദ്യാ ഗുരുകുലവുമുണ്ട്. തിരുവനന്തപുരത്തെ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ കൾച്ചറൽ ഡിജിറ്റൽ ആർക്കൈവ്സ് ഓഡിറ്റോറിയം, ഡാൻസ് മ്യൂസിയം എന്നിവ സ്ഥാപിക്കും. കേരളത്തിന്റെ സാംസ്കാരിക ചരിത്രവും ചലനങ്ങളും രൂപരേഖയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുകയും വിവരങ്ങൾ അന്വേഷിച്ചെത്തുന്നവർക്ക് അത് ലഭ്യമാക്കുകയും ചെയ്യുക എന്നുള്ളതാണ് ലക്ഷ്യം. അതിന് ജപ്പാൻ ഗവണ്മെന്റിന്റെ സഹായം ലഭിക്കും. കേന്ദ്ര ഗവണ്മെന്റ് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആ പണം കിട്ടിയിട്ടുണ്ട്. സാഹിത്യ അക്കാദമിയുടെ കീഴിൽ ആദ്യകാലം മുതലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും നഷ്ടപ്പെട്ട് പോകാതിരിക്കുന്നതിനും ലൈബ്രറി ആധുനികവൽക്കരിക്കുന്നതിനും വേണ്ടി ഒരുകോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചലച്ചിത്ര അക്കാദമിക്കുവേണ്ടി സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കും. നല്ല ചിത്രങ്ങൾ മാത്രം നിർമ്മിക്കുന്ന ഒരു മിനി തീയേറ്റർ ഇതോടൊപ്പം നിർമ്മിക്കും. സിനിമാ ലൈബ്രറി വികസിപ്പിക്കും ........ബഹളം......... ബഡ്ജറ്റ് ചർച്ചാ വേളയിൽ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നിയമസഭയിലല്ലേ പറയേണ്ടത്. അങ്ങനെയാണെങ്കിൽ ഒരു കാര്യം ചെയ്യാം. മന്ത്രിമാർ മറുപടി പറയേണ്ട, അവർ പറഞ്ഞിട്ട് പൊയ്ക്കൊള്ളട്ടേ. കണ്ണൂരിൽ പ്രവർത്തിക്കുന്ന ഫോക്‌ലോർ അക്കാദമിയോടനുബന്ധിച്ച് ഒരു ഫോക്‌ലോർ ഓപ്പൺ എയർ തീയേറ്റർ ആരംഭിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം കണ്ണൂരിൽ ഫോക്‌ലോർ അക്കാദമിക്ക് സ്വന്തമായി

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടമായിട്ടുണ്ട്. തിരുവനന്തപുരത്ത് ഗുരുഗോപിനാഥ് നടനഗ്രാമത്തിലെ നൃത്തമ്യൂസിയം, ബാലസാഹിത്യ പുസ്തകോൽസവം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനമടക്കം, .........(ബഹളം).......... പലതും പറയാനുണ്ട്. ഞാൻ സമയം എടുക്കുന്നില്ല. ഇവിടെ ഇരിക്കുന്ന നിയമസഭാംഗങ്ങളോട് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. നാലകത്ത് സൂപ്പി അവതരിപ്പിച്ച ധനാഭ്യർത്ഥനയോടനുബന്ധിച്ച് കലാസാംസ്കാരത്തിനുള്ള തുക കൂടി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കോവളം കൊട്ടാരത്തെ സംബന്ധിച്ച് പറയുകയുണ്ടായി. അതിനെ സംബന്ധിച്ച് ഒന്നുരണ്ട് റിക്വസ്റ്റുകൾ ഗവൺമെന്റിന് കിട്ടി. അത് പുരാവസ്തു സംരക്ഷിത സ്മാരകമായി ഡിക്ലെയർ ചെയ്യണമെന്നുള്ള റിക്വസ്റ്റാണ് കിട്ടിയത്. അത് ആർക്കിയോളജി ഡയറക്ടർക്ക് അടിയന്തിരമായി റിപ്പോർട്ടിന് കൈമാറിയിരിക്കുകയാണ്. ആ റിപ്പോർട്ട്......

ഡോ. എ. നീലലോഹിതദാസൻ നാടാർ: ആർക്കിയോളജി മോണ്യുമെന്റിന്റെ ഇപ്പോഴത്തെ സ്ഥിതിയെ അപകടപ്പെടുത്തുന്ന രീതിയിലുള്ള ചില ഡിസ്ട്രക്ഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. മതിൽ പൊളിക്കുക തുടങ്ങി അത് നിർത്തിവയ്ക്കാൻ അടിയന്തിരമായി മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അത് മുഖ്യമന്ത്രിയുമായിട്ട് ആലോചിക്കാം. ഇവിടെ എന്നോട് അദ്ദേഹം പ്രസംഗമദ്ധ്യേ സൂചിപ്പിച്ചത്, ഇതൊരു പുരാവസ്തു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കണമെന്നാണ്. അതിന് നടപടിക്രമങ്ങളുണ്ട്. റിക്വസ്റ്റ് കിട്ടിക്കഴിഞ്ഞാൽ അതിന്റെ റിപ്പോർട്ട് വാങ്ങേണ്ടതായിട്ടുണ്ട്. ആ റിപ്പോർട്ടിന് വേണ്ടി കൊടുത്തിരിക്കുകയാണ്. ആർക്കിയോളജി ഡയറക്ടറുടെ റിപ്പോർട്ട് കിട്ടണം. ഇതൊരു castle type കൊട്ടാരമാണ്. തെക്കേ ഇൻഡ്യയിൽ അത്തരത്തിലുള്ളത് ഈ ഒരെണ്ണം മാത്രമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റിപ്പോർട്ട് കിട്ടിയതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായിട്ട് കൂടി ആലോചിച്ച് ഇക്കാര്യത്തിൽ അന്തിമമായ ഒരു തീരുമാനമെടുക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ ചേർത്തലയ്ക്ക് അടുത്ത് കടക്കരപ്പള്ളിയിൽ ആയിരം വർഷത്തിലേറെ പഴക്കമുള്ള ഒരു പായ്ക്കപ്പൽ ഉത്ഖനനം ചെയ്തപ്പോൾ നമുക്ക് കിട്ടി. കടക്കരപ്പള്ളിയിൽ ഒരു മാരിടൈം മ്യൂസിയം സ്ഥാപിക്കാൻ തുടങ്ങുകയാണ്. ആ സൈറ്റിൽ തന്നെ ഈ പായ്ക്കപ്പലും സംരക്ഷിക്കാനായിട്ട് ഉദ്ദേശിക്കുന്നുണ്ട്. അരൂർ നിയോജകമണ്ഡലത്തിലാണ് ഇതുവരുന്നത്. അതുപോലെതന്നെ ചരിത്രപ്രസിദ്ധമായ മുസിരീസ് പട്ടണത്തെ സംബന്ധിച്ചുള്ള പുതിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂരിനടുത്തുള്ള പട്ടണത്തിൽ ഈ വർഷം വിപുലമായ ആർക്കിയോളജിക്കൽ സർവ്വേ നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. തൃപ്പൂണിത്തുറ ഹിൽപാലസിൽ ഈ വർഷം ഒരു ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മാനന്തവാടിയിൽ പഴശ്ശി രാജാവിന് സ്മാരകമണ്ഡപവും പഴശ്ശി മ്യൂസിയവും ഈ വർഷം തന്നെ സ്ഥാപിക്കും. അതുപോലെതന്നെ തിരുവനന്തപുരത്ത് ശ്രീപാദം കൊട്ടാരത്തിൽ ഒരു നാണയ

LIBRARY ARCHIVES Kerala Legislative Assembly

മ്യൂസിയം ആരംഭിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. തൃശ്ശൂരിലെ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ പുരാവസ്തു മ്യൂസിയം സ്ഥാപിക്കും. കേരള ആർക്കൈവ്സ് താളിയോല ശേഖരം ഈ വർഷം ഡിജിറ്റലൈസ് ചെയ്യാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പോർട്ടുഗീസുകാരുമായി ബന്ധപ്പെട്ട കേരള രേഖകൾ ശേഖരിച്ച് ചരിത്ര ഗവേഷകർക്ക് ഉപയോഗപ്പെടത്തക്കവിധത്തിൽ ലഭ്യമാക്കും. തിരുവനന്തപുരം മൃഗശാലയുടെ നവീകരണം ഈ വർഷം പൂർത്തിയാക്കും. തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കും.

ഡോ. കെ. സി. ജോസഫ്: തകഴിയുടെ ജൻമഗൃഹം ഗവൺമെന്റ് ഏറ്റെടുത്തിട്ട് ഇതുവരെ ഒരു നടപടിയും എടുത്തിട്ടില്ല. അവർക്ക് കൊടുത്ത വാഗ്ദാനം പാലിച്ചിട്ടില്ല. തകഴിയുടെ ഭാര്യ തന്നെ ഇതുസംബന്ധിച്ച് പരസ്യപ്രസ്താവന നടത്തിയിരുന്നു.

ശ്രീ. ടി. എം. ജേക്കബ്: ഒന്നും ചെയ്തില്ല എന്ന് പറഞ്ഞത് ശരിയല്ല.

ശ്രീ. ഡി. സുഗതൻ: അത് എന്റെ നിയോജകമണ്ഡലത്തിലാണ്. ഈ സഭയിൽ തന്നെ നേരത്തെ ഇക്കാര്യം പരിശോധിക്കാമെന്നും അങ്ങ് അവിടെ വരാമെന്നും പറഞ്ഞിരുന്നതാണ്. മൂന്ന് വർഷമായിട്ട് അവിടെ ആരും തിരിഞ്ഞുനോക്കിയിട്ടില്ല. അങ്ങ് അവിടെ വരണം.

ശ്രീ. ടി. എം. ജേക്കബ്: വരുന്നതിനുള്ള ബുദ്ധിമുട്ട് കൊണ്ടല്ല. നമ്മൾ തയ്യാറാക്കിയിരിക്കുന്ന പ്രോജക്ട് റിപ്പോർട്ടനുസരിച്ച് ചെയ്ത് പൂർത്തിയാക്കണമെങ്കിൽ സാമ്പത്തികമായ ചില പ്രശ്നങ്ങളുണ്ട്. ഈ ഡിപ്പാർട്ടുമെന്റിന് ബഡ്ജറ്ററി സപ്പോർട്ടല്ലാതെ പുറമെനിന്ന് ഒരു സപ്പോർട്ട് എടുക്കാൻ സാദ്ധ്യമല്ല. ആ ഒരു സാഹചര്യം കൂടി ഉണ്ട്. തകഴി ശിവശങ്കരപിള്ളയുടെ പത്നിയെ ഞങ്ങൾ അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മഗൃഹം ഭംഗിയായി തകഴി സ്മാരകമായി സംരക്ഷിക്കാനുള്ള നടപടി തീർച്ചയായിട്ടും സ്വീകരിക്കും. ഞാൻ അവിടെ വരികയും ചെയ്യാം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കാർ തടഞ്ഞ് നിർത്തി കാത്ത ചേച്ചി പറഞ്ഞ കാര്യമാണ്. നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കാമെന്ന് പറഞ്ഞിരുന്നതാണ്. അത് സംരക്ഷിക്കുന്നതിനുള്ള നടപടി ഉടനെ ഉണ്ടായേ പറ്റൂ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഈ വരുന്ന ശനിയാഴ്ച അവിടെപ്പോയി അവരുമായിട്ട് സംസാരിക്കാം. ബന്ധപ്പെട്ട എം.എൽ.എ.-മാരും വരണം. ഡിസ്കസ് ചെയ്തിട്ട് തീരുമാനമെടുക്കാം.

ശ്രീ. എ. കെ. മണി: ടൂറിസ്റ്റ് മേഖലയായ എന്റെ മണ്ഡലത്തിൽപ്പെട്ട മറയൂർ കാന്തല്ലൂർ മേഖലയിൽ പണ്ടത്തെ മുനിയറകളുണ്ട്. 200 വർഷം മുൻപുള്ളതാണ്. അത് സംരക്ഷിക്കാനാവശ്യമായ നടപടിയെടുക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: കൊട്ടാരങ്ങളൊക്കെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. അതുപോലെ 20 വർഷം മുമ്പ് വരെ എന്റെ നിയോജകമണ്ഡലത്തിൽ ചോലനായ്ക്കൻമാർ താമസിച്ചിരുന്ന ഗുഹകളുണ്ട്. അതുകൂടി പുരാവസ്തു

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ സഭയിൽ ഞാൻ പറഞ്ഞു, എന്നിട്ട് നടന്നില്ല. അതുകൊണ്ടാണ് ഈ സഭയിൽ പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ്: ഇക്കാര്യങ്ങളൊക്കെ ആലോചിക്കാം. ശ്രീചിത്രാ ആർട്ട് ഗ്യാലറിയിൽ രവിവർമ്മ പെയിന്റിംഗുകൾക്ക് വേണ്ടി ആർട്ട് ഗ്യാലറി കെട്ടിടം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതാണ്ട് 113.83 ലക്ഷംരൂപ ഹെറിറ്റേജ് കൺസർവേഷനുവേണ്ടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീചിത്രാ ആർട്ട് ഗ്യാലറിയും അനുയോജ്യമായ ഒരു പുതിയ കെട്ടിടം പണിയുന്നതിന് 10 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കെ.സി.എസ്. പണിക്കർ ഗ്യാലറി ആധുനിക സജ്ജീകരണങ്ങളോടുകൂടി പുതുക്കി പണിയാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിധത്തിൽ ആർക്കിയോളജി മ്യൂസിയം വകുപ്പുകൾ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്, ചെയ്യുന്നുണ്ട്. അതൊക്കെ വിശദമായി പറയാനുള്ള സമയമില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ച, കായികതാരങ്ങൾക്ക് ജോലി ഉറപ്പാക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ളതാണ്. കഴിഞ്ഞ കാലങ്ങളിൽ 20 സീറ്റ് മാത്രമാണ് ഒരു വർഷത്തിൽ കായികതാരങ്ങൾക്കു വേണ്ടി നീക്കിവച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അത് 40 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അത് പി.എസ്.സി.-യുടെ അംഗീകാരത്തിന് കൊടുത്തിരിക്കുകയാണ്. അംഗീകാരം തരുന്ന മുറയ്ക്ക് അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകും. ശ്രീ. റോഷി അഗസ്റ്റിൻ ചൂണ്ടിക്കാണിച്ച ഗ്രേസ് മാർക്കിന്റെ പ്രശ്നം, അതൊരു നയപരമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ഞങ്ങൾ സംസാരിച്ചിട്ടുണ്ട്, മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ഗ്രേസ് മാർക്ക് പുന:സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമെന്ന് മാത്രമേ ഈ സന്ദർഭത്തിൽ പറയുന്നുളളു. മലപ്പുറത്തെ സ്റ്റേഡിയത്തെ സംബന്ധിച്ച ശ്രീ. അനിൽകുമാറിന്റെ പരാമർശം..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഗ്രേഡിംഗ് സിസ്റ്റം എസ്.എസ്.എൽ. സി.-ക്ക് വരുന്നു. ഗ്രേസ് മാർക്കിന്റെ കാര്യം അങ്ങും പറയുന്നുണ്ട്. അപ്പോൾ ഈ പറയുന്ന സിസ്റ്റം ഇന്റാക്റ്റ് ആക്കുന്നതിന് വേണ്ടിയുളള സംവിധാനത്തെക്കുറിച്ചുകൂടി ആലോചിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, അതുതന്നെയാണ് ആലോചിക്കാമെന്നു പറഞ്ഞത്. മലബാറിനെ സംബന്ധിച്ചിടത്തോളം അവിടെ ഇതുവരെ പ്രഖ്യാപനങ്ങൾ ഒന്നും ഇല്ലെങ്കിൽപോലും ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രിയും ബഹുമാനപ്പെട്ട പി. ഡബ്ല്യു. ഡി. മന്ത്രിയും അവിടുത്തെ എം.എൽ.എ.-മാരും മുൻകൈ എടുത്തുകൊണ്ട് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം കോംപ്ലക്സ് അന്താരാഷ്ട്ര സ്റ്റേഡിയ സമുച്ചയം ഉണ്ടാക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതിന്റെ ചർച്ച 15-ാം തീയതി ഔപചാരികമായിട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മലഗിരി കോളേജിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കണമെന്ന ശ്രീ. ജോണിനെല്ലൂരിന്റെ അഭ്യർത്ഥന ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചതാണ്. കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

അവയ്‌ലബിലിറ്റി അനുസരിച്ച് ഹോസ്റ്റൽ ഫെസിലിറ്റി അവിടെ ആരംഭിക്കുമെന്ന് അദ്ദേഹത്തെ അറിയിക്കുകയാണ്. പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽ കുളത്തെ സംബന്ധിച്ച് ശ്രീ. പിരപ്പൻകോട് മുരളി എം.എൽ.എ. സൂചിപ്പിച്ചത് വളരെ വാസ്തവമാണ്. അതിന്റെ പ്രവർത്തനം നിർത്തിയിട്ടില്ല. പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. ഇന്നലെവരെ അതിന്റെ കരാർ വച്ചിരുന്ന കമ്പനി പ്രവർത്തനം പൂർത്തീകരിക്കാത്തതുകൊണ്ട് അവരെ ഡിസ്ക്വാളിഫൈ ചെയ്തു, അവരെ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്. പുതിയ ടെൻഡർ വിളിച്ചു കഴിഞ്ഞു. അതിന്റെ പ്രിലിമിനറി ക്വാളിഫൈഡ് ലിസ്റ്റ് പ്രിപ്പയർ ചെയ്തു കഴിഞ്ഞു. നിലവിലുണ്ടായിരുന്ന കരാറുകാരന്റെ സാധനങ്ങൾ അവിടെ കിടക്കുകയാണ്. അത് നീക്കിക്കൊണ്ടുപോകുവാൻ അവർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. ആ നോട്ടീസുമായി അവർ കോടതിയിൽ പോയി തൽക്കാലം സ്റ്റേ വാങ്ങിച്ചിരിക്കുന്നു. സാങ്കേതികമായ ചെറിയൊരു തടസ്സം അതിന്റെ മുമ്പിലുണ്ട്. അത് വരുന്ന ഏതാനും ദിവസത്തിനുള്ളിൽ നീക്കി പ്രവർത്തനം പുനരാരംഭിക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. സ്പോർട്സിനെ സംബന്ധിച്ച് ശ്രീ. കെ. പി. വിശ്വനാഥൻ ഇവിടെ സൂചിപ്പിച്ചു, അദ്ദേഹം പഴയൊരു കളിക്കാരനാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലയളവിൽ പാസ്സാക്കിയ സ്പോർട്സ് ബില്ല് വച്ചാണ് ഇപ്പോഴുള്ള സ്പോർട്സ് കൗൺസിൽ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ആ സ്പോർട്സ് ബില്ലിൽ ചില അമന്റ്മെന്റുകൾ വരുത്തിക്കൊണ്ട് കൂടുതൽ സുതാര്യവും കാര്യക്ഷമതയുമുള്ള മറ്റൊരു ബില്ലിന് ഈ ഗവൺമെന്റ് രൂപം കൊടുത്തിരിക്കുന്നു. അത് മിക്കവാറും ഈ നിയമസഭയിൽ തന്നെ പാസ്സാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. നിലവിൽ കഴിഞ്ഞ ഗവൺമെന്റ് പാസ്സാക്കിയ സ്പോർട്സ് ബില്ല് വച്ചാണ് സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കുന്നത് എന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ഞാൻ ഈ സമയം ഉപയോഗിക്കുകയാണ്. കേരളത്തിന്റെ കായികരംഗത്ത് വളരെ ശോഭനമായ ഒരു ഭാവി നമുക്കുണ്ട്. ഈ വർഷം ജൂനിയർ അത്‌ലറ്റിക് മീറ്റ്, സ്ക്കൂൾ അത്‌ലറ്റിക് മീറ്റ്, സ്ക്കൂൾ ഗെയിംസ് ഇവയിൽ കേരള സംസ്ഥാനമാണ് ചാമ്പ്യന്മാർ. അപ്പോൾ പുതിയ തലമുറയിൽ ഇന്ത്യയുടെ കായികരംഗത്ത് കേരളം ചോദ്യം ചെയ്യപ്പെടാത്ത ശക്തിയായി ഈ വർഷം കടന്നുവന്നിരിക്കുന്നു. അതുകൊണ്ടുതന്നെ ശോഭനമായ ഒരു ഭാവി കേരളത്തിന്റെ കായിക രംഗത്തുണ്ട്. നമുക്ക് രണ്ടുമൂന്ന് പ്രശ്നങ്ങളുണ്ട്. ഒന്ന്, ഭൗതികമായ സാഹചര്യത്തിന്റെ അപര്യാപ്തത കേരളത്തിന്റെ കായിക രംഗത്തെ പുറകോട്ട് വലിക്കുന്നു. രണ്ട്, വിദഗ്ദ്ധ പരിശീലനത്തിന്റെ അപര്യാപ്തത കായിക രംഗത്തെ പുറകോട്ട് വലിക്കുന്നു. മൂന്ന്, കായിക താരങ്ങളുടെ സാമ്പത്തിക പരാധീനത, സോപ്പ് വാങ്ങാനും കിറ്റ് വാങ്ങാനും സാമ്പത്തിക ശേഷി ഇല്ലാത്ത പാവപ്പെട്ട കുടുംബത്തിലെ കുട്ടികളാണ് ഏറെയും കായിക രംഗത്ത് കടന്നുവരുന്നത്. ഈ മൂന്ന് ഘടകങ്ങളെ അതിജീവിക്കാനുള്ള നടപടികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. സ്റ്റേഡിയങ്ങൾ, കളിക്കളങ്ങൾ, നീന്തൽ കുളങ്ങൾ, ട്രാക്കുകൾ, സിന്തറ്റിക് ട്രാക്ക് എന്നിവ നിർമ്മിക്കുക.........

ശ്രീ. ഡി. സുഗതൻ: ഇപ്പോൾ നമ്മുടെ വള്ളംകളി ഭൂരിപക്ഷം ജില്ലകളിലും നടക്കാൻ തുടങ്ങിയിട്ടുണ്ട്. ഇത് പരിഗണിച്ചുകൊണ്ട് ദീർഘവീക്ഷണമായിട്ട് ഞങ്ങളുടെയൊക്കെ ഒരു ആവശ്യമാണ്—വള്ളംകളിയെ സ്പോർട്സായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. സുധാകരൻ</u>: വള്ളം കളിയെപ്പറ്റി പറയാം. അപ്പോൾ പരമാവധി കളിസ്ഥലങ്ങൾ നിർമ്മിക്കുക എന്ന ഒരു പരിപാടിയുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. അതിന് ഫണ്ട് സർക്കാരിന്റെ കയ്യിൽ ഇല്ലാത്തതുകൊണ്ട് പരമാവധി മറ്റ് തുറകളിലുള്ള ഫണ്ട് സ്വരൂപിച്ചുകൊണ്ടാണ് കളിസ്ഥലങ്ങൾ നിർമ്മിക്കാനുള്ള ഒരു നിർദ്ദേശവുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. സംസ്ഥാനതല സ്പോർട്സ് കോംപ്ലക്സ് കണ്ണൂരിൽ ആരംഭിക്കുമെന്ന് കഴിഞ്ഞ തവണ ഞാൻ പ്രഖ്യാപിച്ചതാണ്. അതിന്റെ പ്രവർത്തനത്തിന് അനുകൂലമായ രീതിയിൽ ഭൂമിയുടെ ഹാന്റോവർ നടന്നു കഴിഞ്ഞു. ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഭൂമി കൈമാറ്റത്തിന് ഒരു വർഷത്തിലേറെ സമയം എടുത്തു എന്നത് നമ്മുടെ ഇന്നത്തെ നിലവാരം വച്ചുകൊണ്ട് ഉദ്യോഗസ്ഥതലങ്ങളിൽ ഫയലുകളിൽ വരുന്ന കാലതാമസത്തിന്റെ ഒരു തെളിവായി ഞാൻ കാണുകയാണ്. അതുപോലെ ആലപ്പുഴ സ്പോർട്സ് കോംപ്ലക്സിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ 30-4-2004-ൽ കൊടുത്തു കഴിഞ്ഞു. അതിന്റെ അക്വിസിഷൻ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ഡിസ്ട്രിക്ട് സ്പോർട്സ് കോംപ്ലക്സ്, ആറ്റിങ്ങലിലെ ശ്രീപാദം സ്റ്റേഡിയം—മൂന്നര കോടി രൂപയുടേതാണ്. അതിന്റെ പ്രോജക്ടിന് സെൻട്രൽ ഗവൺമെന്റിൽ നിന്ന് 90 ലക്ഷം രൂപ ഇതിനകം കിട്ടിക്കഴിഞ്ഞു. ഈ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. പാലക്കാട്ടും തൊടുപുഴയിലുമായി ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ച സ്റ്റേഡിയങ്ങളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ഇടുക്കിയിൽ ശ്രീ. റോഷി അഗസ്റ്റിൻ വളരെയേറെ താല്പര്യമെടുക്കുന്ന എം.എൽ.എ. ആണ്. സ്പോർട്സ് രംഗത്ത് സൈക്കിൾ വെലോഡ്രോം, വോളിബോൾ അക്കാദമി, സായിയുടെ സെന്റർ ഇടുക്കിയിൽ ആരംഭിക്കുന്നതിന്റെ പ്രവർത്തനം ഇതിന്റെയെല്ലാം പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കഴിയുന്നത്ര വേഗം പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. പ്രവർത്തനം നിലച്ചുപോയ മൂന്നാർ ഹൈ ആൾറ്റിറ്റ്യൂഡ് സെന്റർ, കണ്ണൂർ മുനിസിപ്പൽ സ്റ്റേഡിയം ഇവയുടെ പ്രവർത്തനം പുനരാരംഭിച്ചു. ഏതാണ്ട് ആറുമാസം കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് ഗവൺമെന്റ് കരുതുകയാണ്. എം.എൽ.എ.-മാരുടെ സ്പോൺസർഷിപ്പ് വളരെ ആശാവഹമായ റിസൾട്ടാണ് ഉണ്ടാക്കിയത്. പതിനേഴോളം സ്റ്റേഡിയങ്ങളുടെ പ്രവർത്തനങ്ങൾ ഏതാണ്ട് അനുമതിയുടെ വിവിധ ഘട്ടങ്ങളിലാണ്. ഒരു മോഡലായി ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽ തൃശ്ശൂരിലെ തൃപ്രയാറിൽ സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമീണ ഇൻഡോർ സ്റ്റേഡിയം, ഒന്നരക്കോടി രൂപയാണ് അതിന് ചെലവഴിക്കാൻ പോകുന്നത്. അതിന്റെ പ്രവർത്തനം അവിടെ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ സിന്തറ്റിക് ട്രാക്കുകൾ, അതുപോലെ നൂറോളം സ്ക്കൂളുകളിൽ പ്ലേ ഗ്രൗണ്ടുകൾ ഇവ നിർമ്മിക്കാൻ ഗവൺമെന്റ് സാമ്പത്തിക സഹായം കൊടുത്തിട്ടുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ബാലന്റെ നിയോജകമണ്ഡലത്തിൽ മാത്രം ആറ് സ്ക്കൂളുകളിൽ പ്ലേ ഗ്രൗണ്ട് നിർമ്മിക്കാൻ സാമ്പത്തിക സഹായം ഗവൺമെന്റ് നൽകിയിട്ടുണ്ട്. ഈ രംഗത്ത് താല്പര്യമെടുത്ത എല്ലാ എം.എൽ.എ.-മാരുടേയും നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട് എന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ കൈ പൊക്കുമ്പോൾ അതിന്റെ പരിമിതി ഞാൻ പറഞ്ഞു തരാം. ഒട്ടുമിക്ക എം.എൽ.എ.-മാരും കൊടുക്കുന്ന പ്രോജക്ടുകൾ



LIBRARY ARCHIVES Kerala Legislative Assembly

ഇൻകംപ്ലീറ്റാണ്. അത് റെക്ടിഫൈ ചെയ്യാൻവേണ്ടി എല്ലാ എം.എൽ.എ.-മാർക്കും ഡിപ്പാർട്ടുമെന്റിന്റെ കത്ത് പോയിട്ടുണ്ട്. പല എം.എൽ.എ.-മാരും താല്പര്യം എടുക്കുന്നു. താല്പര്യം എടുക്കുന്നവരുടെ കാര്യത്തിൽ പൂർത്തിയാകുന്നു. അതു കൊണ്ട് താല്പര്യം എടുക്കാത്ത എം.എൽ.എ.-മാർ ആ വിഷയത്തിൽ താല്പര്യ മെടുത്ത് അത് പൂർത്തിയാക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുക യാണ്. കേരളത്തിന് സിന്തറ്റിക് ട്രാക്ക് ഒരു സ്വപ്നമായിരുന്നു. ഒരു സിന്തറ്റിക്ക് ട്രാക്ക് മാത്രം ഉണ്ടായിരുന്ന കേരളത്തിൽ ഇന്ന് എറണാകുളം മഹാരാജസ് കോളേജ് സിന്തറ്റിക്ക് ട്രാക്കിന്റേയും കാസർഗോഡും കോഴിക്കോടുമുള്ള സിന്തറ്റിക്ക് ട്രാക്കുകളുടേയും പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തെ പോരായ്മ എന്ന് പറയുന്നത് പരിശീലനത്തിന്റെ അഭാവമാണ്. ഇത് പരിഹരിക്കാൻ ഗവൺമെന്റ് വിവിധങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രാമീണ കായിക പരിശീലന കേന്ദ്രം അതിൽ ഒന്നാണ്. ഒരു ഗ്രാമത്തിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുക, സംസ്ഥാന തലത്തിൽ അത് ആരംഭിച്ചു. കണ്ണൂരിലെ പള്ളിക്കുന്നിലാണ് ആരംഭിച്ചത്. വിവിധ പഞ്ചായത്തുകളിൽ അത് വ്യാപക മാക്കാനാണ് ഗവൺമെന്റ് തീരുമാനം . സ്പോർട്സ് അക്കാദമി എറണാകുളത്ത് ആരംഭിച്ചിരിക്കുന്നു. ഫുട്ബോളിലും ഹാന്റ്ബോളിലും ആൺകുട്ടികൾക്ക് പരിശീലനം കൊടുക്കുന്ന സ്പോർട്സ് അക്കാദമിയുടെ പ്രവർത്തനം അവിടെ ആരംഭിച്ചിരിക്കുന്നു. അതുപോലെ സെന്റർ ഓഫ് എക്സലൻസ് കാര്യവട്ടത്ത് സ്ഥാപിച്ചിട്ടുണ്ട്. സായിയും സ്പോർട്സ് കൗൺസിലും യോജിച്ചുകൊണ്ട് സൈക്കിളിംഗ്, ജൂഡോ എന്നീ ഇനങ്ങളിൽ പരിശീലനം കൊടുക്കുന്ന സെന്റർ ഓഫ് എക്സലൻസ് കാര്യവട്ടത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സായിയുടെ കീഴിൽ ആലപ്പുഴയിലുള്ള ഒരു തുഴച്ചിൽ പരിശീലന കേന്ദ്രം മാത്രമാണ് സ്വിമ്മിംഗ് രംഗത്ത് ഒരുപാട് മെഡലുകൾ നേടുന്ന കേരളത്തിന് ഇതുവരെ ഉണ്ടായിരുന്നത്. അതിന് ഒരു പരിഹാരം എന്ന നിലയ്ക്ക് മുരുക്കുമ്പുഴയിൽ വാട്ടർ സ്പോർട്സ് അക്കാഡമി ആരംഭിച്ചിരിക്കുന്നു. അവിടെ കയാക്കിംഗ്, റോയിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യവും ആരംഭിച്ചു. കൂടാതെ ബോട്ടുകൾക്കും ഓർഡർ കൊടുത്തു കഴിഞ്ഞു. അതുപോലെ ഇടവയിലെ കോച്ചിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. നന്ദിയോട് പഞ്ചായത്തിലെ നീന്തൽക്കുളം ഒരു സ്വിമ്മിംഗ് പൂളാക്കിമാറ്റാൻ 70 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് അതിന്റെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കായികതാരങ്ങൾക്കുള്ള വിദേശ പരിശീലനം കേരളത്തിന്റെ ഒരു സ്വപ്നമായിരുന്നു. അതിന് ആരംഭം കുറിക്കാൻ ഈ വർഷം നമുക്ക് സാധിച്ചിരിക്കുന്നു. ഇംഗ്ലണ്ടിലെ വെയിൽസ് യൂണിവേഴ്സിറ്റിയിൽനിന്ന് സ്പോർട്സ് സയൻസിൽ കോച്ചസ് ട്രെയിനിംഗ് ബിരുദം നേടാൻ പ്രശസ്ത അത്‌ലറ്റായ ശ്രീ. ബോബി അലോഷ്യസിനെ ആദ്യമായി കേരളത്തിൽ നിന്ന് ഇംഗ്ലണ്ടിലേയ്ക്ക് അയച്ചിരിക്കുന്നു. അതൊരു തുടക്കമാണ്. ഇനിയും ഒരുപാട് ആളുകളെ ഇതുപോലെ വാർത്തെടുക്കാൻ നമുക്ക് സാധിക്കേ ണ്ടതായിട്ടുണ്ട്. വേനൽ അവധിക്കാലത്ത് പരിശീലനം കൊടുക്കുന്ന ഒരു സ്ക്കീം ഗവൺമെന്റ് ആരംഭിച്ച് പ്രാവർത്തികമാക്കുകയാണ്. 250 ഓളം കേന്ദ്രങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

14 വയസ്സിന് താഴെയുള്ള കുട്ടികളെ, കായിക പ്രതിഭകളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം കൊടുക്കുന്ന പ്രവർത്തനവും ഈ വർഷം ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുട്ടികളിൽ സ്പോർട്സിൽ അവബോധം ഉണ്ടാക്കാൻ സ്പോർട്സ് ക്വിസ്, സ്പോർട്സ് ഉപന്യാസമൽസരം, ദൃശ്യ-മാധ്യമ അവാർഡുകൾ ഇതൊക്കെ ഈ ഗവൺമെന്റ് ഈ രംഗത്ത് ഏർപ്പാട് ആക്കിയിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യത്തെ ഒരു സംരംഭം എന്ന നിലയ്ക്ക് ഓപ്പറേഷൻ ഗോൾഡ് എന്ന് പറയുന്ന ഒരു കായിക പരിശീലന സംരംഭം സംസ്ഥാനത്ത് ആരംഭിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ ജില്ലാ പഞ്ചായത്തും സ്പോർട്സ് കൗൺസിലും സംയുക്തമേഖലയിൽ അഞ്ചാം ക്ലാസ് മുതൽ കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം കൊടുത്ത് അവരെ വാർത്തെടുക്കുന്നതിന് ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണിത്. ഒരു സംസ്ഥാനത്തിലും ഇത് ആരംഭിച്ചിട്ടില്ല. നമ്മൾ പലപ്പോഴും പറയാറുണ്ട്, ഗ്രാമീണ രംഗത്ത് കായികതാരങ്ങളെ കണ്ടെത്താൻ എന്താണ് പരിപാടി? ശ്രീ. പി. എസ്. സുപാലിന്റെ കട്മോഷനിൽ പറഞ്ഞിരിക്കുന്നു, അങ്ങ് അറിഞ്ഞില്ല എന്ന് തോന്നുന്നു എല്ലാ ജില്ലയിലും ആരംഭിക്കാൻ പോവുകയാണ്. തിരുവനന്തപുരത്ത് അതിന്റെ ഉൽഘാടനം നടന്നുകഴിഞ്ഞു. ആറ് ജില്ലകളിൽ ഈ വർഷവും ബാക്കി ഏഴ് ജില്ലകളിൽ അടുത്ത വർഷവും ഈ പരിശീലന പരിപാടി ആരംഭിക്കുമെന്ന് നിയമസഭയിൽ ഞാൻ അറിയിക്കുകയാണ്. അതുപോലെ മിനി ഗെയിംസ്, കോളേജ് ഗെയിംസ്, ദേശീയ മാരത്തോൺ മൽസരം എന്നിവയൊക്കെ പുനരാരംഭിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഗ്രാമീണ സ്പോർട്സിനെ പ്രോൽസാഹിപ്പിക്കാൻ മൊബൈൽ ഫ്ളഡ്‌ലിറ്റ് സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. മൂന്നാമത്തെ പ്രശ്നം നമ്മുടെ കായിക താരങ്ങളെ അലട്ടുന്ന സാമ്പത്തിക പ്രശ്നമാണ്. സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്നത് വ്യത്യസ്ത തോതിലുള്ള അലവൻസുകളാണ്. 'സായി' എഴുപത്തിയഞ്ചുരൂപ കൊടുക്കുമ്പോൾ സ്പോർട്സ് ഡിവിഷൻ കൊടുത്തിരിക്കുന്നത് 33 രൂപയാണ്. കേരളത്തിലെ മുഴുവൻ സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്കും അത് ഏകീകരിച്ച് എഴുപത്തിയഞ്ചു രൂപാവീതം കൊടുക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ഈ അലവൻസ് മാത്രം കിട്ടിയാൽ കുട്ടികൾക്ക് പഠിക്കുവാൻ സാധിക്കുകയില്ല. ഭക്ഷണവും ഡ്രസ്സും കോച്ചിംഗും മാത്രമേ കൊടുക്കുന്നുള്ളൂ. പക്ഷേ സോപ്പ് വാങ്ങാൻ കഴിവില്ലാത്ത കുട്ടികളാണ് അവർ. ആയിരത്തി ഇരുന്നൂറു കുട്ടികൾക്ക് നാല്പതു രൂപാവച്ച് പോക്കറ്റ് മണി കൊടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ദേശീയ സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ ജേതാക്കളായവർക്ക് ഒരു വർഷത്തേക്ക് സ്കോളർഷിപ്പ് കൊടുക്കാൻ ഗവൺമെന്റ് തീരുമാനം എടുത്തു. സ്കോളർഷിപ്പ് വിതരണം നടത്തിക്കഴിഞ്ഞു. ക്യാഷ് അവാർഡ് കൊടുക്കുവാൻ ബാക്കി ഉണ്ടായിരുന്നതെല്ലാം കൊടുത്തു. കഴിഞ്ഞ ദേശീയ മത്സരത്തിലെ ക്യാഷ് അവാർഡ് മാത്രമേ ബാക്കിയുള്ളൂ. അത് വരുന്ന ആഴ്ചകൾ കൊണ്ട് കൊടുക്കും. സാമ്പത്തിക പരാധീനതയ്ക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി



LIBRARY ARCHIVES Kerala Legislative Assembly

യുടെയും ബഹുമാനപ്പെട്ട ധനമന്ത്രിയുടെയും മുന്നിൽ സ്പോർട്സ് വകുപ്പ് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്പോർട്സിനുവേണ്ടി ഏതെങ്കിലും ഒരു ടാക്സ് എക്സൈസിലോ മറ്റോ ഏർപ്പെടുത്തി ഒരു തുക സമാഹരിക്കാൻ സാധിക്കുമെങ്കിൽ കായിക രംഗത്ത് ഒരു അതുല്യ ശക്തിയായി ഈ സംസ്ഥാനത്തിന് വളരാൻ സാധിക്കും. അതിന് അനുകൂലമായ ഒരു തീരുമാനമുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. ശ്രീ. സുഗതന്റെയും ശ്രീ. കെ. സി. വേണുഗോപാലിന്റെയും നിർദ്ദേശം മാനിച്ചുകൊണ്ട് വള്ളംകളി ഒരു ഔദ്യോഗിക മത്സരമായി അംഗീകരിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും. ഇത്രയും കാര്യങ്ങൾ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥന പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII

## വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ. എ. സി. മൊയ്തീൻ, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. പിരപ്പൻകോട് മുരളി, ശ്രീ. മത്തായി ചാക്കോ, ശ്രീ. വി. കെ. സി. മമ്മത്കോയ, ശ്രീ. കെ. വി. കുഞ്ഞിരാമൻ, ശ്രീ. എം. വി. ജയരാജൻ, ശ്രീ. പി. ജയരാജൻ, കെ. കെ. ജയചന്ദ്രൻ, ശ്രീ. ടി. കെ. ദേവകുമാർ, ശ്രീ. വി. കെ. ചന്ദ്രൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. ടി. കെ. ബാലൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. നാരായണൻ, ശ്രീ. എൻ. രാജൻ, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എം. കുമാരൻ, ശ്രീ. പി. എസ്. സുപാൽ, ശ്രീ. കെ. പി. മോഹനൻ, ശ്രീ. എ. സി.ഷൺമുഖദാസ്, ശ്രീ. എ. എ. അസീസ്, ശ്രീ. വി. സി. കബീർ, ഡോ. തോമസ് ഐസക്, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയും പ്രകാരം വോട്ടു രേഖപ്പെടുത്തി.)



LIBRARY ARCHIVES Kerala Legislative Assembly